www.malankaralibrary.com

ഒക്ടോബർ 2026

ക്രൈസ്തവ കാഹളം



കുരിശോർമകളുടെ പുണ്യകാലം

www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, ജാഗരണത്തിലും വിശപ്പിലും ശുദ്ധതയിലും ജ്ഞാനത്തിലും ദീർഘക്ഷമയിലും ദയയിലും പരിശുദ്ധാത്മാവിലും നിഷ്കളങ്കസ്നേഹത്തിലും എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com



മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ മുൻ അധ്യക്ഷൻ

ആബൂൻ എബ്രഹാം മാർ യൂലിയോസ്

മെത്രാപ്പോലീത്തായുടെ പാവനസ്മരണയ്ക്കു മുന്നിൽ

പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ!

www.malankaralibrary.com



ക്രൈസ്തവ കാഹളം

ഒക്ടോബർ 2026 വാല്യം 87 ലക്കം 10

ഉള്ളടക്കം

എഡിറ്റോറിയൽ	04
പിതൃമൊഴി	07
സ്ലീബാക്കാലം : തത്വശാസ്ത്ര - ക്രിസ്തുശാസ്ത്ര ദർശനം	18
കുരിശ് - ക്രിസ്തുവിനോടൊപ്പം നടക്കുന്ന വഴി	24
സാർവത്രിക സഭയിലെ വേദപാരംഗതർ: ബ്രണ്ടീസിയിലെ വി. ലോറൻസ്	28
ജനാധിപത്യം എന്ന പേരു മാത്രം ബാക്കി	42
ഉപവിയുടെയും നീതിയുടെയും വർഷം	47
പുനരൈക്യ വാർഷിക വാർത്തകളും ചിത്രങ്ങളും	51

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. സാം തോമസ് മണലുശ്ശേരി
9539955970

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

www.malankaralibrary.com



എഡിറ്റോറിയൽ

യു-ടേൺ തിരിയാനുള്ള കാലം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനാവത്സരത്തിലെ സുപ്രധാനമായ ഒരു കാലമാണ് സ്ലീബാ കാലം. രക്ഷാകര ചരിത്രത്തിൽ കുരിശിനുള്ള അത്യുന്നതമായ സ്ഥാനവും, യുഗാന്ത്യവും, ക്രിസ്തുവിന്റെ രണ്ടാം വരവുമാണ് ഈ കാലഘട്ടത്തിലെ പ്രധാന ചിന്താവിഷയങ്ങൾ. സെപ്റ്റംബർ 14-ന് ആഘോഷിക്കുന്ന സ്ലീബാ പെരുന്നാളോടെയാണ് (വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ) ഈ കാലം ആരംഭിച്ചത്. യേശുക്രിസ്തുവിന്റെ ജനനത്തിന് ഒരുക്കമായുള്ള മംഗളവാർത്താ കാലം (സൂബോറോ കാലം) ആരംഭിക്കുന്നതുവരെ ഇത് നീണ്ടുനിൽക്കുന്നു. ക്രിസ്തുവർഷം 326-ൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മാതാവായ ഹെലന രാജ്ഞി യേശുവിന്റെ യഥാർത്ഥ കുരിശ് കണ്ടെത്തിയതിന്റെയും, പിന്നീട് 628-ൽ പേർഷ്യക്കാരിൽ നിന്ന് കുരിശ് തിരികെ വീണ്ടെടുത്ത് ജറുസലേമിൽ പുനഃസ്ഥാപിച്ചതിന്റെയും ഓർമ്മയാണ് സെപ്റ്റംബർ 14-ലെ സ്ലീബാ പെരുന്നാളിലൂടെ സഭ ആചരിക്കുന്നത്.

ഈ കാലഘട്ടത്തിലെ പ്രാർത്ഥനകളിൽ സ്ലീബായെ മരണത്തിന്റെയോ പരാജയത്തിന്റെയോ പ്രതീകമായല്ല, മറിച്ച് സാത്താന്റെയും പാപത്തിന്റെയും മേൽ മിശിഹാ നേടിയ മഹത്തായ വിജയത്തിന്റെ അടയാളമായാണ് വാഴ്ത്തുന്നത്. ഏദൻ തോട്ടത്തിൽ നഷ്ടപ്പെട്ട ജീവവൃക്ഷത്തിന് പകരമായി സഭയ്ക്ക് ലഭിച്ച പുതിയ 'ജീവവൃക്ഷമായി' കുരിശിനെ ഈ കാലത്ത് വണങ്ങുന്നു.

യുഗാന്ത്യത്തിൽ ക്രിസ്തു രണ്ടാമത് മഹത്വത്തോടെ വരുമ്പോൾ ആകാശത്തിൽ പ്രത്യക്ഷപ്പെടുന്ന വലിയ അടയാളമായി സ്ലീബായെ സഭ നോക്കിക്കാണുന്നു. അതിനാൽ, മിശിഹായുടെ രണ്ടാം വരവിനായുള്ള ഒരുക്കവും കാത്തിരിപ്പും അന്ത്യവിധിയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളും സ്ലീബാ

www.malankaralibrary.com

കാലത്തെ പ്രാർത്ഥനകളിൽ നിറഞ്ഞുനിൽക്കുന്നു. സ്ലീബായുടെ തണലിൽ സഭയ്ക്ക് ലഭിക്കുന്ന സമാധാനവും സുരക്ഷിതത്വവും ഈ കാലത്ത് അനുസ്മരിക്കുന്നു. ലോകമെങ്ങും സുവിശേഷം പ്രസംഗിക്കപ്പെടുന്നതും, സഭ വിവിധ ദേശങ്ങളിലേക്ക് വളരുന്നതും ഈ കാലഘട്ടത്തിലെ ആരാധനാക്രമ വായനകളിലെ പ്രധാന വിഷയങ്ങളാണ്. തന്റെ കുരിശുമെടുത്ത് ക്രിസ്തുവിനെ അനുഗമിക്കാനും, സ്ലീബായെ ആത്മീയ ആയുധമായി സ്വീകരിച്ച് തിന്മകൾക്കെതിരെ പോരാടാനുമുള്ള ആഹ്വാനമാണ് സ്ലീബാ കാലം വിശ്വാസികൾക്ക് നൽകുന്നത്.

ദൈവപുത്രനായ യേശുക്രിസ്തു തന്റെ ജീവിതത്തിലൂടെ കുരിശിന്റെ അർത്ഥം തന്നെ മാറ്റിമറിച്ചവനാണ്. അതുവരെ അപമാനത്തിന്റെയും തകർച്ചയുടെയും അടയാളമായി കണ്ടിരുന്ന കുരിശിനെ മഹത്വത്തിന്റെയും പുകഴ്ചയുടെയും അടയാളമാക്കി മാറ്റാൻ യേശുവിന് കഴിഞ്ഞു. കുരിശിൽ കർത്താവ് മഹത്വീകൃതനായപ്പോൾ കുരിശ് രക്ഷയുടെ അടയാളമായി. സ്വയം മഹത്വം അന്വേഷിക്കാതെ ജീവിതത്തിൽ കർത്താവിന് മഹത്വം കൊടുത്താൽ നാമും നന്മയുടെ, പ്രതീക്ഷയുടെ അടയാളങ്ങളായി മാറും. എത്ര വലിയ തിന്മയിൽ നാം മുഴുകിയിരുന്നാലും എത്ര വലിയ ക്ലേശങ്ങളിൽ നാം അമർന്നുപോയാലും ജീവിതത്തിൽ കർത്താവിനെ മഹത്വപ്പെടുത്തുന്ന ഒരു ജീവിത ശൈലി നമുക്കുണ്ടെങ്കിൽ നമ്മുടെ ജീവിതത്തെ ഒരു യു ടേൺ തിരിക്കാൻ നമുക്കു കഴിയും. കുരിശ് രക്ഷയുടെ, നന്മയുടെ അടയാളമായതുപോലെ ഓരോ മനുഷ്യജീവിതത്തെയും ഈ ഭൂമിയിൽ നന്മയുടെ അടയാളമാക്കി തീർക്കാൻ നമ്മുടെ കർത്താവിന് കഴിയും. സ്ലീബാക്കാലം നമ്മുടെ ജീവിത്തിൽ കർത്താവ് മഹത്വപ്പെടാനുള്ള കാലമാവട്ടെ. തിന്മയിൽ നിന്നും ഒരു യു ടേൺ തിരിഞ്ഞ് നന്മയുടെ അടയാളമായി മാറാൻ കഴിയട്ടെ.



ഫാ. ബോവസ് മാത്യു
ചീഫ് എഡിറ്റർ
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com

പിതൃമൊഴി

ദൈവസന്നിധിയിലേക്കു തിരിച്ചുപോയ ശ്രേഷ്ഠാചാര്യൻ

ദിവംഗതനായ ആബൂൻ
എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തായെ,
സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ കർദ്ദിനാൾ
ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ
പ്രാർത്ഥനാപൂർവ്വം അനുസ്മരിക്കുന്നു



www.malankaralibrary.com

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അധ്യക്ഷനായിരുന്ന അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്താ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. 2026 സെപ്റ്റംബർ 19 ന് പുലർച്ചെ വാർദ്ധക്യ സഹജമായ രോഗങ്ങളാലാണ് അദ്ദേഹം ദൈവസന്നിധിയിലേക്കു വിടവാങ്ങിയത്. കർത്താവിന്റെ കരങ്ങളിൽ രൂപപ്പെട്ട ഒരു ധന്യ ജീവിതം അതിന്റെ പൂർണ്ണത പ്രാപിക്കുന്നതിനായി സ്രഷ്ടാവിന്റെ സന്നിധിയിലേക്ക് തിരിച്ചുവിളിക്കപ്പെട്ടിരിക്കുന്നു. 'അഭിവന്ദ്യനായ ജൂലിയസ് പിതാവ് മരിച്ചുപോയി എന്ന് പറയരുത്, തിരിച്ചുപോയി എന്നേ പറയാവൂ' എന്ന് അനുഭവസ്ഥനായ ഒരു വൈദികൻ പങ്കുവെച്ചത് ഓർക്കുന്നു. സത്യത്തിൽ അതാണ് ക്രിസ്തീയ പ്രത്യാശയുടെ പൊരുൾ. അവിടുത്തെ ഛായയും സാദൃശ്യവും അവിടുത്തെ ദിവ്യപദ്ധതിയുമാണ് ധന്യമായ ഒരു ജീവിതമായി അദ്ദേഹം ഇവിടെ ജീവിച്ചുതീർത്തത്. എല്ലാം അവിടുത്തെ ദാനമായിരുന്നു; ആ ദാനം അതിന്റെ സ്രഷ്ടാവിന്റെ പക്കലേക്ക് കൃതജ്ഞതയോടെ മടങ്ങുന്നു.

ദിവംഗതനായ സക്കറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ച്, അവിഭക്ത തിരുവല്ല രൂപതയുടെ മലബാർ മേഖലയിലേക്ക് ആ യുവവൈദികൻ കടന്നുചെല്ലുമ്പോൾ സൗകര്യങ്ങളല്ല, കടുത്ത വെല്ലുവിളികളും അനിശ്ചിതത്വങ്ങളുമായിരുന്നു അദ്ദേഹത്തെ വരവേറ്റത്. താമരശ്ശേരിക്കടുത്തുള്ള മൈക്കാവ് എന്ന കൊച്ചു ഗ്രാമത്തിൽ നിന്ന് ആരംഭിച്ച ആ ശുശ്രൂഷ, ചുരുങ്ങിയ കാലംകൊണ്ട് നാരങ്ങാത്തോട് എന്ന പുതിയ മിഷൻ കേന്ദ്രത്തിലേക്കും, ഓഞ്ഞിൽ എന്ന മലയോര ഗ്രാമത്തിലേക്കും പടർന്നുപന്തലിച്ചു. ഒരു കൊച്ചു മുറിയുടെ പരിമിതികളിൽ താമസിച്ച്, പട്ടിണിയുടെയും എതിർപ്പുകളുടെയും കഠിനമായ അഗ്നിപരീക്ഷണങ്ങളുടെയും മധ്യേ നിന്ന് പടുത്തുയർത്തിയതാണ് ആ അജപാലന ശുശ്രൂഷ. പ്രതിസന്ധികൾക്ക് മുന്നിൽ പതറാതെ, അഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത ആ ആത്മസമർപ്പണമാണ് പിൽക്കാലത്ത് സഭയ്ക്കും സമൂഹത്തിനും അഭിമാനമായി മാറിയ ഒരു മഹാപുരോഹിതനിലേക്ക് അദ്ദേഹത്തെ രൂപാന്തരപ്പെടുത്തിയത്. പൗരോഹിത്യത്തിന്റെയും മേൽപ്പട്ട ശുശ്രൂഷയുടെയും സായാഹ്നവേളയിൽ, വിശുദ്ധ തൈലാഭിഷേകം പ്രാപിച്ച് പൂർണ്ണ ശാന്തതയോടെയും പ്രത്യാശയോടെയും അദ്ദേഹം സ്രഷ്ടാവിന്റെ തിരുമുമ്പിലേക്ക് തിരിച്ചുപോയിരിക്കുന്നു. മനുഷ്യസഹജമായ എന്തെങ്കിലും കുറവുകൾ ഉണ്ടെങ്കിൽ, കർത്താവിന്റെ അപാരമായ കാരുണ്യം അതിനെ മൂടിക്കളയട്ടെ; അവിടുത്തെ അനന്തമായ വാത്സല്യം അതിന് പരിഹാരമാകട്ടെ.

റോമിലെ വിഖ്യാത സർവ്വകലാശാലകളിലും വിശുദ്ധ നാടായ ജെറുസലേമിലെ വേദശാസ്ത്ര ഗവേഷണ കേന്ദ്രങ്ങളിലും താമസിച്ച് തിരുവചന സത്യങ്ങളും സഭാചരിത്രവും ആഴത്തിൽ പഠിച്ച ഒരു അത്യപൂർവ്വ പണ്ഡിതശ്രേഷ്ഠനായിരുന്നു അദ്ദേഹം. ഉന്നത പഠനങ്ങൾക്ക് ശേഷം തിരികെയെത്തിയ എബ്രഹാം കാക്കനാട്ട് അച്ചനെ തിരുവല്ല രൂപത ഏൽപ്പിച്ചത് ഏറ്റവും സങ്കീർണ്ണമായ ചുമതലകളായിരുന്നു. രൂപതയുടെ സാമ്പത്തിക കാര്യങ്ങളുടെ സൂക്ഷിപ്പുകാരനായി പ്രവർത്തിക്കുമ്പോൾ കൃത്യതയും സുതാര്യതയും മാത്രമല്ല, ദീർഘവീക്ഷണമുള്ള ഒരു കാര്യസ്ഥന്റെ വിശ്വസ്തതയും അവിടുന്ന് അടയാളപ്പെടുത്തി. ഒരു സാധാരണ വൈദികനായിരിക്കുമ്പോൾ തന്നെ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അനേകം പ്രസ്ഥാനങ്ങൾക്കും ശുശ്രൂഷാസംരംഭങ്ങൾക്കും തുടക്കം കുറിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

തിരുസഭയുടെ ഭാവി ഇടയന്മാരെ വാർത്തെടുക്കുന്ന പട്ടം മലങ്കര മേജർ സെമിനാരിയുടെ റെക്ടർ എന്ന ഉന്നത പദവിയിലേക്ക് നിയോഗിക്കപ്പെട്ടപ്പോൾ, അറിവും

www.malankaralibrary.com

ആത്മീയതയും ക്രമശിക്ഷണവും ഒന്നിച്ചു ചേർത്ത ഒരു മാതൃകാ വഴികാട്ടിയായി ആ വൈദികവിദ്യാർത്ഥികളെ അദ്ദേഹം നയിച്ചു. അനേകം തലമുറകളിലെ വൈദികരിലേക്ക് തന്റെ സമർപ്പണത്തിന്റെയും ദൈവവിശ്വാസത്തിന്റെയും വെളിച്ചം പകരാൻ റെക്ടർ എന്ന നിലയിൽ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ കബറടക്ക ശുശ്രൂഷകൾ നടന്ന തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദേവാലയം പോലും പിതാവിന്റെ കയ്യൊപ്പ് പതിഞ്ഞ ഒരു പുണ്യസ്ഥലമാണ്. ആ വലിയ ആലയത്തിന്റെ വികാരിയായിരുന്ന കാലത്ത്, അതിന്റെ പുനർനിർമ്മാണത്തിന്റെ ഏറ്റവും ശ്രമകരമായ ആദ്യഘട്ടം ദൃഢനിശ്ചയത്തോടെ പൂർത്തിയാക്കിയത് മറ്റാരുമല്ല; നമ്മുടെ പ്രിയപ്പെട്ട യൂലിയോസ് പിതാവാണ്.

'അസാധ്യം' എന്ന് ലോകം വിധിയെഴുതുന്ന പല മേഖലകളെയും ദൈവകൃപയോട് ചേർത്തുവെച്ച് 'സാധ്യമാക്കി' മാറ്റാമെന്ന് സ്വജീവിതം കൊണ്ട് നമ്മെ പഠിപ്പിച്ച അതുല്യനായ ഒരു നേതാവായിരുന്നു അദ്ദേഹം. സ്ഥലപരിമിതികൾ കാരണം വികസനം അസാധ്യമെന്ന് കരുതിയിരുന്ന ചെങ്ങരൂർ പള്ളി അതിനൊരു ഉത്തമ ഉദാഹരണമാണ്. മാർ ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള ആ പുണ്യദേവാലയം നിർമ്മിച്ച് മൂറോൻ കൂദാശ ചെയ്യപ്പെടുമ്പോൾ, ആ ആലയത്തിന് ചുറ്റും സങ്കൽപ്പിക്കാൻ കഴിയുന്നതിലും അപ്പുറമുള്ള വിസ്തൃതിയും സൗകര്യങ്ങളും വിഭാവനം ചെയ്യാനും ക്രമീകരിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ഒരു പള്ളിക്ക് ചുറ്റും അല്പം സ്ഥലം കണ്ടെത്തി എന്നതിലല്ല കാര്യം; മനുഷ്യന്റെ കണക്കുകൂട്ടലുകൾ അവസാനിക്കുന്നിടത്ത് ദൈവകൃപയുടെ അനന്തസാധ്യതകളെ വിശ്വാസത്തോടെ കണ്ടെത്താനുള്ള ആ ഭാവനയും ഉൾക്കാഴ്ചയുമാണ് യൂലിയോസ് പിതാവ് എന്ന മഹാപുരോഹിതന്റെ അനിതരസാധാരണമായ വൈഭവം!

പ്രതിസന്ധികളുടെ പർവ്വതങ്ങൾക്ക് മുന്നിൽ പകച്ചുനിൽക്കാതെ, ദൈവത്തിൽ ആശ്രയിച്ച് മുന്നേറാൻ സഭയെയും പൊതുസമൂഹത്തെയും പഠിപ്പിച്ച കർമ്മധീരനായ ഒരു ആചാര്യനായിരുന്നു അവിടുന്ന്. മലങ്കര സഭയുടെ അഭിമാന സ്തംഭമായ മലങ്കര മേജർ സെമിനാരിയുടെ റെക്ടർ എന്ന നിലയിൽ എബ്രഹാം കാക്കനാട്ട് അച്ചൻ നിർവ്വഹിച്ച ശുശ്രൂഷ സഭാചരിത്രത്തിൽ സുവർണ്ണ ലിപികളാൽ ആലേഖനം ചെയ്യപ്പെട്ടതാണ്. സ്വന്തമായൊരു വൈദിക സെമിനാരി എന്നത് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ വലിയൊരു സ്വപ്നമായിരുന്നു. ആ ദർശനം പൂർത്തീകരിക്കുന്നതിനായി, പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയുടെ മുറ്റത്ത് ഒരു കൊച്ചു ഓലഷെഡ് കെട്ടി, 'മസ്കിൻ സബ്ന' എന്ന താല്ക്കാലിക ആലയത്തിൽ ആരംഭിച്ച വിനീതമായ തുടക്കം നാം വിസ്മരിച്ചുകൂടാ.

ആ എളിയ തുടക്കത്തിൽ നിന്ന് ഇന്നത്തെ മഹാപ്രസ്ഥാനത്തിലേക്ക് ആ സെമിനാരിയെ വളർത്തിയെടുക്കുവാൻ അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത തിരുമേനിയോടും മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമേനിയോടും ഒപ്പം തോളോടുതോൾ ചേർന്നുനിന്ന മഹാപുരോഹിതനാണ് നമ്മുടെ പ്രിയപ്പെട്ട യൂലിയോസ് പിതാവ്.

കേവലം മനോഹരമായ കെട്ടിട സമുച്ചയങ്ങൾ പടുത്തുയർത്തുക മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ ദൗത്യം; മറിച്ച്, മലങ്കര സഭയുടെ തനിമയാർന്ന ദൈവശാസ്ത്ര പഠനവും ആരാധനാക്രമ പാരമ്പര്യവും അവിടുന്ന് തലമുറകളിലേക്ക് പകർന്നുനൽകി. പൗരസ്ത്യ സഭാ പാരമ്പര്യത്തിലും സുറിയാനി ദൈവശാസ്ത്രത്തിലും അധിഷ്ഠിതമായ ഒരു പഠനരീതി ഈ സഭയ്ക്ക് ആകമാനം നൽകി, ആത്മീയ ഉണർവ്വും ഉന്മേഷവും പകർന്ന യഥാർത്ഥ നടത്തിപ്പുകാരനും പ്രചാരകനുമായിരുന്നു അദ്ദേഹം. ദൈവം

www.malankaralibrary.com

തന്റെ സഭയ്ക്കും പൊതുസമൂഹത്തിനും ഉന്നതമായ ജീവിതപാഠങ്ങൾ പകരാൻ അയച്ചുതന്ന, കാക്കനാട്ട് കുടുംബത്തിന്റെ മടിത്തട്ടിൽ നിന്ന് നമുക്ക് ലഭിച്ച ഏറ്റവും അമൂല്യമായ ഒരു നിധിയായിരുന്നു, ദൈവത്തിന്റെ സ്വന്തം സമ്പത്തായിരുന്നു നമ്മുടെ വത്സല പിതാവ്.

സ്ഥാപനങ്ങൾ പടുത്തുയർത്തിയ അനേകരെ നമുക്ക് പരിചയമുണ്ട്; മനോഹരങ്ങളായ കൂറ്റൻ കെട്ടിടങ്ങൾ നിർമ്മിച്ചവരെയും നാം കണ്ടിട്ടുണ്ട്. എന്നാൽ, ഒരു സഭയെയാകമാനം അതിന്റെ പ്രേഷിത ദർശനത്തിലേക്ക്, ദൈവം വിളിച്ച ആ മഹത്തായ വിളിക്ക് പര്യാപ്തമായ നിലയിൽ തലയുയർത്തി എഴുന്നേറ്റു നിൽക്കുവാൻ ആർജ്ജവം കാട്ടിയ ഒരു മഹാപുരോഹിതനായിരുന്നു നമ്മുടെ യൂലിയോസ് പിതാവ്.

ആ പ്രയാണത്തിലുണ്ടായ എല്ലാ പ്രതിസന്ധികളെയും വിമ്മിഷ്ടങ്ങളെയും സ്വന്തം ചുമലിലേറ്റുവാങ്ങുവാൻ തികഞ്ഞ സന്നദ്ധതയോടെ പരസ്യമായി നിലയുറപ്പിച്ച കർമ്മധീരനായ ഒരു ഇടയനായിരുന്നു അവിടുന്ന്. തിരുസഭയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് ശേഷം, ഈ സഭയ്ക്ക് സ്വർഗ്ഗം കനിഞ്ഞുനൽകിയ ആത്മവിശ്വാസത്തിന്റെ സാക്ഷാത്കാരമായിരുന്നു അദ്ദേഹം. തളർന്നുപോകാമായിരുന്ന ഘട്ടങ്ങളിലെല്ലാം ഈ സഭയുടെ ആത്മവീര്യത്തെ ജ്വലിപ്പിച്ചു നിർത്താൻ സ്വർഗ്ഗം അയച്ച അടയാളമായി പിതാവ് നിലകൊണ്ടു.

ഞങ്ങളുടെ ഈ എളിയ കൂട്ടായ്മയുടെ മധ്യേ ആത്മവിശ്വാസത്തിന്റെ പരിശുദ്ധാത്മ ചിറകടിയുമായി അവിടുന്ന് അയച്ചുതന്ന പുരോഹിതൻ; ഈ സഭയ്ക്ക് വേണ്ടി ശ്രേഷ്ഠാചാര്യ ശുശ്രൂഷ അനുഷ്ഠിച്ച മഹാപുരോഹിതൻ. അങ്ങയുടെ ദിവ്യപദ്ധതിയനുസരിച്ച്, 'കർത്താവിനോട് ചേർന്നാൽ എല്ലാം സാധ്യമാണ്' എന്ന വലിയ വിശ്വാസപാഠത്തിൽ ഈ സഭയെ ഉറപ്പിച്ചുനിർത്താൻ അവിടുന്ന് ഞങ്ങൾക്ക് സമ്മാനിച്ച ആ സ്വർഗ്ഗീയ ദാനത്തെ, നിറഞ്ഞ കണ്ണുകളോടെയും കൃതജ്ഞതാഭരിതമായ ഹൃദയത്തോടെയും ഞങ്ങൾ ഇതാ വീണ്ടും അങ്ങയുടെ തിരുസന്നിധിയിലേക്ക് സമർപ്പിക്കുന്നു!

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ ചരിത്രത്തിൽ, വിശിഷ്യാ ഉന്നത പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് മാറ്റത്തിന്റെ വലിയൊരു കാഹളം മുഴക്കിയ ദീർഘദർശിയായ ഒരു നായകനായിരുന്നു അദ്ദേഹം. സർക്കാരിന്റെ പരിമിതികൾ മനസ്സിലാക്കി, സമൂഹത്തിന്റെ വളരുന്ന അനിവാര്യതകൾ നിറവേറ്റുന്നതിന് സർക്കാരിനോടൊപ്പം നിന്ന് ഉത്തരവാദിത്തം ഏറ്റെടുക്കാൻ ക്രൈസ്തവ മാനേജ്മെന്റുകൾ അടക്കമുള്ള സ്വാശ്രയ സ്ഥാപനങ്ങൾക്ക് കഴിയും എന്ന് അദ്ദേഹം ദൃഢമായി പഠിപ്പിച്ചു. എന്നാൽ ആ വഴി അത്ര എളുപ്പമുള്ളതായിരുന്നില്ല. അതിനായി അദ്ദേഹം കൊടുക്കേണ്ടി വന്ന വില വളരെ വലുതായിരുന്നു. ഈ നേതൃസ്ഥാനത്തുനിന്ന് കാര്യങ്ങൾ ചെയ്യുമ്പോഴും, തന്റെ കൂടെപ്പിറപ്പായിരുന്ന വ്യക്തിത്വ സവിശേഷതകളും പ്രകൃതവും അവിടുന്ന് ഒട്ടും മറച്ചുവെച്ചില്ല. ആരുടെ മുഖത്തുനോക്കിയും സത്യം വെട്ടിത്തുറന്നു സംസാരിക്കാനുള്ള ആർജ്ജവം അദ്ദേഹത്തിനുണ്ടായിരുന്നു. അത് സ്വന്തം പേര് പ്രശസ്തമാക്കാനോ കീർത്തിക്കായോ ആയിരുന്നില്ല; താൻ നെഞ്ചിലേറ്റിയ ദർശനത്തിനും ലക്ഷ്യത്തിനും വേണ്ടി എത്ര വലിയ ത്യാഗവും സഹിക്കാൻ താൻ തയ്യാറാണെന്ന ആത്മബലത്തിന്റെ തിളക്കമായിരുന്നു അത്.

ഇന്ന് കോർപ്പറേറ്റ് സംവിധാനങ്ങൾ ഉൾപ്പെടെയുള്ള സ്വകാര്യ മേഖല സർക്കാരിനൊപ്പം ഉന്നത വിദ്യാഭ്യാസ രംഗത്ത് സജീവമാണ്. എന്നാൽ ആരും മുന്നോട്ടുവരാൻ മടിച്ചുനിന്ന, സ്വാശ്രയ മേഖലയെക്കുറിച്ച് അനിശ്ചിതത്വങ്ങൾ മാത്രം നിലനിന്നിരുന്ന ഒരു സന്ദർഭത്തിൽ, കേരളത്തിൽ ഒരു പ്രൊഫഷണൽ കോളേജിനായി ഒന്നാമത്തെ അപേക്ഷ സമർപ്പിച്ചത് ഈ അതിഭദ്രാസനത്തിന്റെ, ഈ സഭയുടെ പുരോഹിത

www.malankaralibrary.com

നായിരുന്ന എബ്രഹാം അച്ചനായിരുന്നു! അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ അനുഗ്രഹവും ആശീർവാദവും വാങ്ങി അദ്ദേഹം നൽകിയ ആ ഒരപേക്ഷ, കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ ചരിത്രം പഠിക്കുന്ന ഏതൊരാൾക്കും ഒന്നാമത്തേതായിരുന്നു എന്ന് കാണാൻ കഴിയും. സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല വലിയ പരീക്ഷണങ്ങളെയും കടുത്ത വെല്ലുവിളികളെയും രാഷ്ട്രീയ എതിർപ്പുകളെയും നേരിട്ട കാലഘട്ടമായിരുന്നു അത്. 'ഇത് സാധ്യമാണോ?' എന്ന സംശയങ്ങളുയർന്നപ്പോൾ, 'ഇത് ഇന്നത്തെ സമൂഹത്തിന് അത്യന്താപേക്ഷിതമാണ്' എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട്, അതിന്റെ അതിർവരമ്പുകളും ധാർമ്മികതയും വ്യക്തമാക്കുന്ന കൃത്യമായ ഒരു ദാർശനികത ഈ പ്രസ്ഥാനത്തിന് നൽകാൻ ക്രൈസ്തവ സഭാ നേതൃത്വത്തിന് സാധിച്ചു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു പുതിയ വിപ്ലവത്തിന് വഴിതുറക്കാൻ സഭാ വ്യത്യാസങ്ങൾ മറന്ന് ക്രൈസ്തവ മേലധ്യക്ഷന്മാർ ഒരുമിച്ചുനിന്ന ഒരു കാലഘട്ടമായിരുന്നു അത്. ദിവംഗതനായ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയോടൊപ്പം, ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയും, വാത്സല്യനിധിയായ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത തിരുമേനിയും നൽകിയ അതുല്യമായ സംഭാവനകളും നിലപാടുകളും സഭാചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തപ്പെട്ടതാണ്.

അത്തരമൊരു ചരിത്രപരമായ വഴിത്തിരിവിൽ, സഭയുടെ ആ ദർശനത്തെ കർമ്മപഥത്തിൽ വിജയകരമായി പടുത്തുയർത്തിയ ധീരനായ ശില്പിയായിരുന്നു നമ്മുടെ പ്രിയപ്പെട്ട കാക്കനാട്ട് അച്ചൻ. ആ വലിയ ചിന്തകളെയും നയങ്ങളെയും പ്രായോഗികതലത്തിൽ യാഥാർത്ഥ്യമാക്കുവാൻ മുൻപന്തിയിൽ നിന്ന് ആദ്യ അപേക്ഷ സമർപ്പിച്ചതും, അതിന്റെ പേരിൽ ഉയർന്നുവന്ന എല്ലാ കല്ലേറുകളും വിമർശനങ്ങളും മാറോടണച്ച് ഏറ്റുവാങ്ങിയതും അഭിവന്ദ്യ യൂലിയോസ് പിതാവായിരുന്നു! മുപ്പതിനായിരത്തിലധികം ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരെയും നമ്മുടെ മണ്ണിൽത്തന്നെ പരിശീലിപ്പിച്ചെടുക്കുവാൻ മലയാളിക്ക് വഴിതുറന്നു കൊടുത്ത ആ സ്വാതന്ത്ര്യം, ആ ചരിത്രപരമായ വഴിത്തിരിവിന് മുൻപന്തിയിൽ നിന്ന് അക്ഷീണം പ്രവർത്തിച്ച ഒരു കർമ്മധീരനായ നായകനായി മാർ യൂലിയോസ് പിതാവ് നമുക്കുണ്ടായിരുന്നു എന്നത് നമ്മുടെ പൊതുസമൂഹത്തിനും, ക്രൈസ്തവ സഭകൾക്കും, വിശിഷ്യാ നമ്മുടെ മലങ്കര സഭയ്ക്കും സമ്മാനിച്ച ആത്മവിശ്വാസവും അഭിമാനബോധവും വാക്കുകൾക്ക് അതീതമാണ്!

അദ്ദേഹത്തെ അറസ്റ്റ് ചെയ്യുമെന്നും അഴിക്കുള്ളിലാക്കുമെന്നുമെല്ലാം ഭീഷണികൾ മുഴങ്ങിയ കാലം. അന്ന് ഞാൻ തിരുവല്ലാ അതിഭദ്രാസനത്തിന്റെ അധ്യക്ഷനായി ശുശ്രൂഷ ചെയ്യുകയാണ്. ഒരല്പം ആശങ്കയോടെ അദ്ദേഹം എന്റെയടുക്കൽ വന്ന് പറഞ്ഞു: 'തിരുമേനീ, ഇങ്ങനെ ഒരു വാർത്തയുണ്ട്... ചിലപ്പോൾ ഞാൻ അഴിക്കുള്ളിൽ കയറേണ്ടി വന്നേക്കാം.' അന്ന് ആ യുവ വൈദികനെ നോക്കി ഞാൻ പറഞ്ഞു: 'അച്ചൻ ഒരിക്കലും ഒറ്റയ്ക്ക് പോകില്ല; അഴിക്കുള്ളിലാണെങ്കിൽ അച്ചനോടൊപ്പം ഞാനും ഉണ്ടാകും! ധൈര്യമായിരിക്കുക.' ആ മനുഷ്യൻ എന്റെ മുൻപിൽ മുട്ടുകുത്തിനിന്ന് കൈ ചുംബിച്ച ആ നിമിഷം ഇന്നും എന്റെ ഹൃദയത്തിൽ പച്ചപിടിച്ചുനിൽക്കുന്നു. പിൽക്കാലത്ത്, അദ്ദേഹത്തിന്റെ ശിരസ്സിൽ കൈവെച്ച് ഈ വിശുദ്ധ സഭയുടെ മേൽപ്പട്ട സ്ഥാനത്തേക്ക് അഭിഷേകം ചെയ്യുവാൻ സ്വർഗ്ഗം ബലഹീനനായ എന്നെ ഉപകരണമാക്കി മാറ്റിയത് ദൈവപദ്ധതിയുടെ ഭാഗം

www.malankaralibrary.com

തന്നെയായിരുന്നുവെന്ന് ഞാൻ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു. അദ്ദേഹം ഈ സഭയുടെ ശ്രേഷ്ഠാചാര്യനായി, എപ്പിസ്കോപ്പയായി ശുശ്രൂഷ ചെയ്തത് സന്തോഷത്തോടും തികഞ്ഞ അഭിമാനത്തോടും കൂടിയാണ് ഞാൻ ഓർത്തെടുക്കുന്നത്.

ഈ വന്ദ്യപിതാവിനെ നാം പ്രത്യാശയോടെ യാത്രയാക്കുമ്പോൾ, മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹം പൂർത്തിയാക്കിയ ശുശ്രൂഷാ വഴികൾ നന്ദിയോടെ സ്മരിക്കപ്പെടേണ്ടതാണ്. അഭിവന്ദ്യനായ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത തിരുമേനിയുടെ ശുശ്രൂഷയ്ക്ക് ശേഷം, ആ ഭദ്രാസനത്തിന്റെ രണ്ടാമത്തെ അധ്യക്ഷനായി നിയോഗിക്കപ്പെട്ടത് യൂലിയോസ് പിതാവായിരുന്നു. വളരെ പരിമിതമായ സാഹചര്യങ്ങളിലാണ് അദ്ദേഹം ആ ദൗത്യം ഏറ്റെടുക്കുന്നത്. എന്നാൽ, അഭിവന്ദ്യ കൂറിലോസ് പിതാവ് ആരംഭിച്ച ആത്മീയ-ഭൗതിക അടിത്തറയ്ക്ക് മേൽ പുതിയൊരു സൗധം പടുത്തുയർത്താൻ നിയോഗിക്കപ്പെട്ട ഈ മഹാപുരോഹിതൻ, തന്റെ മനസ്സിനെയും കഴിവിനെയും പൂർണ്ണമായും ആ അജപാലന ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവിടുത്തെ ദൈവജനത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അദ്ദേഹം അവരുടെ ഹൃദയങ്ങളിലേക്ക് ഇറങ്ങിച്ചെന്നു.

മൂവാറ്റുപുഴയിലെ ശുശ്രൂഷാ ജീവിതത്തിന് അദ്ദേഹം നൽകിയ മായാത്ത രണ്ട് കയ്യൊപ്പുകൾ ഇന്നും തലയുയർത്തി നിൽക്കുന്നുണ്ട്; ഒന്നാമതായി, വിശ്വാസികൾക്ക് ഒത്തുചേർന്ന് ആരാധിക്കുവാൻ അദ്ദേഹം പൂർത്തിയാക്കിയ മനോഹരമായ കത്തീഡ്രൽ ദേവാലയം. രണ്ടാമതായി, ആ ഭദ്രാസനത്തിന്റെ പൊതുഭവനമായി, അജപാലന കേന്ദ്രമായി അദ്ദേഹം പടുത്തുയർത്തിയ അരമനയും അനുബന്ധ പാസ്റ്ററൽ സെന്റർ സംവിധാനങ്ങളും. ഇവയ്ക്കുപുറമെ മറ്റനേകം കാരുണ്യ-സാമൂഹിക ശുശ്രൂഷകൾക്കും അദ്ദേഹം അവിടെ തുടക്കം കുറിച്ചു. ആ നാട്ടിൻപുറങ്ങളിലെ സാധാരണക്കാരായ വിശ്വാസികളിൽ സ്വന്തം സഭയെക്കുറിച്ചുള്ള അഭിമാനവും, സഭാ കൂട്ടായ്മയുടെ ആത്മവിശ്വാസവും ആളിക്കത്തിക്കുവാൻ ആ ശുശ്രൂഷകൾ കാരണമായി മാറി. പരിമിതികളെ സാധ്യതകളാക്കി മാറ്റിയ കർമ്മകുശലതയായിരുന്നു മൂവാറ്റുപുഴയുടെ മണ്ണിലും അദ്ദേഹം പ്രകടമാക്കിയത്.

സത്യസന്ധമായി ചരിത്രത്തെ വിലയിരുത്തുമ്പോൾ നാം അവസാനം വന്നു നിൽക്കുന്നത് ഒരു മനുഷ്യൻ അവശേഷിപ്പിച്ച നന്മയിലാണ്. ആരും പറഞ്ഞ വാക്കുകളോ ചിലപ്പോൾ ആർക്കും മനസ്സിലാകാതെ പോയ പദങ്ങളോ അല്ല, മറിച്ച് ഈ ഭൂമിയിൽ അവശേഷിപ്പിച്ചുപോയ നന്മകളുടെ അടയാളമാണ് ചരിത്രത്തിന്റെ യഥാർത്ഥ അളവുകോൽ. ആ അളവുകോൽ വെച്ചു നോക്കുമ്പോൾ, നമ്മുടെ ഹൃദയത്തിൽ അവാച്യമായ ആനന്ദവും കൃതജ്ഞതയും നിറയ്ക്കുന്ന വലിയൊരു ചരിത്രസമ്പത്താണ് അദ്ദേഹം സമ്മാനമായി ഈ സഭയെ ഏൽപ്പിച്ചിരിക്കുന്നത്.

വന്ദ്യപിതാവിന്റെ വിയോഗത്തിന്റെ പശ്ചാത്തലത്തിൽ തിരുവല്ലയുടെ മണ്ണിൽ നിന്ന് മധ്യതിരുവിതാംകൂറിലേക്ക് അദ്ദേഹം പകർന്നുനൽകിയ വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങളെ നന്ദിയോടെ ഓർക്കുന്നു. 'പുഷ്പഗിരി' എന്നത് ഇന്ന് കേവലമൊരു ആശുപത്രിയല്ല; അത് കാരുണ്യത്തിന്റെയും ആതുരശുശ്രൂഷയുടെയും പര്യായമാണ്. ആയിരക്കണക്കിന് പാവപ്പെട്ട രോഗികൾക്ക് സൗജന്യവും സാന്ത്വനപൂർണ്ണവുമായ ചികിത്സ ഉറപ്പാക്കിക്കൊണ്ട്, സ്വയംപര്യാപ്തതയോടെ തലയുയർത്തി നിൽക്കുന്ന തലത്തിലേക്ക് ആ സ്ഥാപനത്തെ വളർത്തിയെടുത്തത് ഒരു സമർപ്പണ നാമമാണ്. അതുകൊണ്ടുതന്നെ, നിറഞ്ഞ അഭിമാനത്തോടും ചാരിതാർത്ഥ്യത്തോടും കൂടിയാണ് പിതാവ് എപ്പോഴും പുഷ്പഗിരിയെ നോക്കിക്കണ്ടിരുന്നത്.

www.malankaralibrary.com

ദൈവനിശ്ചയത്തിന്റെ വഴികൾ മുൻകൂട്ടി പ്രവചിക്കാൻ ആർക്കാണ് കഴിയുക? തന്റെ യൗവനവും ആയുസ്സും കണ്ണീരും വിയർപ്പും നൽകി പടുത്തുയർത്തിയ ആ പുണ്യസ്ഥാപനത്തിന്റെ തണലിൽത്തന്നെ, തന്റെ ജീവിതത്തിന്റെ അവസാന നാഴികകളിൽ വിശ്രമം നൽകുവാനും അവിടെനിന്ന് തന്നെ യാത്രയയക്കുവാനും സ്വർഗ്ഗം തിരുമനസ്സായി എന്നത് എത്രയോ ധന്യമായ ദൈവനിയോഗമാണ്!

വന്ദ്യപിതാവ് ഈ സ്ഥാപനങ്ങളിലൂടെ നൽകിയ സന്ദേശവും, തന്റെ പൗരോഹിത്യത്തിന്റെ ഒന്നാം നാൾ മുതൽ അന്ത്യശ്വാസം വരെ സ്വന്തം ജീവിതത്തിലൂടെ വിളിച്ചു പറഞ്ഞതും ഒന്നുതന്നെയാണ്: 'ദൈവത്തിന്റെ കരം മുറുകെ പിടിക്കുക; അവൻ നമ്മെ വഴിനടത്തും. നാം ഇനിയും കാണാത്ത വിസ്മയങ്ങൾ അവിടുന്ന് നമുക്ക് കാട്ടിത്തരും!'

തന്റെ ജീവിതത്തിന്റെ സായാഹ്ന വേളകളിൽ, കർമ്മവേദികളിൽ നിന്നൊഴിഞ്ഞ് പ്രാർത്ഥനയുടെ ഏകാന്തതയിലേക്ക് മാറിയപ്പോഴും തിരുവചനത്തെ ആധാരമാക്കി അദ്ദേഹം രചിച്ച വിശിഷ്ടങ്ങളായ ഗ്രന്ഥങ്ങൾ ആത്മീയ ധ്യാനത്തിനും ശാസ്ത്രീയ ഗവേഷണങ്ങൾക്കും മുതൽക്കൂട്ടായ വിചിന്തനങ്ങളാണ്. അതിലൂടെ സഭയ്ക്ക് വചന വെളിച്ചം നൽകാൻ കഴിഞ്ഞതിൽ വലിയൊരു സന്തോഷം അദ്ദേഹം എപ്പോഴും കാത്തു സൂക്ഷിച്ചിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ എളിയ ശുശ്രൂഷകൻ എന്ന നിലയിൽ, യൂലിയോസ് പിതാവ് ഒരു മേൽപ്പട്ടക്കാരനായും ഒരു വൈദികനായും ഈ സഭയ്ക്കും ദൈവജനത്തിനും പൊതുസമൂഹത്തിനും സമർപ്പിച്ച എല്ലാ ശ്രേഷ്ഠമായ സേവനങ്ങൾക്കും സഭയുടെ നാമത്തിൽ ഞാൻ സർവ്വാത്മനാ നന്ദി രേഖപ്പെടുത്തുന്നു.

യൂലിയോസ് പിതാവിന്റെ മെത്രാഭിഷേക വേളയിലും ശുശ്രൂഷകളിലും, അതിനു ശേഷമുള്ള കാലഘട്ടങ്ങളിലും ഒരിക്കൽ അദ്ദേഹം പങ്കുവെച്ച ഒരു ആഗ്രഹം, 'എനിക്ക് മൂവാറ്റുപുഴയിൽ അന്ത്യവിശ്രമം കൊള്ളണം' എന്നതായിരുന്നു. എന്നാൽ, അദ്ദേഹത്തിന് അന്ത്യകൂദാശയായ വിശുദ്ധ തൈലാഭിഷേകം നൽകിയ വേളയിൽ ഞാൻ പിതാവിന്റെ അരികിലെത്തി. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അധ്യക്ഷനായ അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനി ആ സമയത്ത് എന്നോടൊപ്പം ആ മുറിയിലുണ്ടായിരുന്നു. മറ്റുള്ളവരെ അല്പം മാറ്റിനിർത്തി, എനിക്ക് പിതാവിനോട് മാത്രമായി ഒന്ന് സംസാരിക്കണമെന്ന് ഞാൻ പറഞ്ഞു. ഞാൻ പിതാവിന്റെ കൈകൾ ചേർത്തുപിടിച്ചുകൊണ്ട് ചോദിച്ചു: 'പിതാവേ, അങ്ങേയ്ക്ക് എവിടെ വിശ്രമിക്കണം എന്നാണ് അങ്ങയുടെ മനസ്സ് ഇപ്പോൾ ആഗ്രഹിക്കുന്നത്?' ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നുള്ള പിതാവിന്റെ ആ അന്തിമ അഭിലാഷപ്രകാരമാണ് തിരുവല്ലാ കത്തീഡ്രൽ ദേവാലയത്തിൽത്തന്നെ അദ്ദേഹത്തിന്റെ അന്ത്യവിശ്രമം ഒരുക്കിയിരിക്കുന്നത് എന്ന് സഭയെയും ഏവരെയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കത്തീഡ്രൽ ദേവാലയവുമായി അദ്ദേഹത്തിന് അത്രയേറെ ആഴമുള്ള ഒരാത്മബന്ധമുണ്ട്. അദ്ദേഹത്തിന്റെ മാതൃരൂപത എന്നതിലുപരി, അദ്ദേഹം ജനിച്ച് വളർന്നതും, തന്റെ യൗവനവും ശുശ്രൂഷകളും സമർപ്പിച്ചതും ആ മണ്ണിലും ആ ജനത്തിന്റെ നടുവിലുമായിരുന്നു.

പിതാവ് തന്റെ ആഗ്രഹം വെളിപ്പെടുത്തിയ ആ നിമിഷത്തിൽത്തന്നെ, മൂവാറ്റുപുഴ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനിയെ അരികിലേക്ക് വിളിച്ചു നിർത്തി ഞാൻ പറഞ്ഞു: 'പിതാവ് പറഞ്ഞത് കേട്ടുവല്ലോ.' തുടർന്ന് ഉടൻതന്നെ തിരുവല്ലാ അതിഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത തിരുമേനിയെ വിളിച്ച് ഞാൻ വിവരം ധരിപ്പിച്ചു: 'തിരുമേനീ, യൂലിയോസ് പിതാവിന്റെ അന്തിമ ആഗ്രഹം ഇതാണ്.' അപ്പോൾ അവിടെയുണ്ടായിരുന്ന കാക്കനാട്ട് കുടുംബാംഗങ്ങളോടും ഞാൻ വ്യക്തമാക്കി:

www.malankaralibrary.com

'ഇതാണ് പിതാവിന്റെ മനസ്സിലുള്ള ആഗ്രഹം. അതനുസരിച്ചായിരിക്കണം നമ്മുടെ ക്രമീകരണങ്ങളെല്ലാം.'

ഇനി ഈ വത്സല പിതാവിനോടുള്ള നമ്മുടെ യഥാർത്ഥ സ്നേഹം നാം പ്രകടിപ്പിക്കേണ്ടത് നമ്മുടെ ഹൃദയം നിറഞ്ഞ പ്രാർത്ഥനകളിലൂടെയാണ്. പിതാവിനൊപ്പം സ്വർഗ്ഗത്തിൽ ദൈവപിതാവിനെ മഹത്വപ്പെടുത്തുവാൻ തക്കവിധം, കർത്താവിന്റെ സുവിശേഷപാതയിലൂടെ കൃത്യമായി നമുക്ക് മുൻപോട്ടു സഞ്ചരിക്കാം. പിതാവിന്റെ രോഗാവസ്ഥയുടെ ദിനങ്ങളിലും വേർപാടിന്റെ അവസരത്തിലും വന്ന് സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ സതീർത്ഥ്യരും സ്നേഹിതരുമായ എല്ലാ അഭിവന്ദ്യ പിതാക്കന്മാരോടും ബഹുമാനപ്പെട്ട വൈദികരോടും സന്യസ്തരോടും സഭാമക്കളോടും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക നേതാക്കളോടും വിവിധ സഭാധ്യക്ഷൻമാരോടും വിവിധ മതമേലധ്യക്ഷൻമാരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദി ഞാൻ ഈ അവസരത്തിൽ അറിയിക്കുന്നു.

അക്കൂട്ടത്തിൽ വിസ്മയത്തോടെ ഓർക്കേണ്ട ഒരു മുഖം അഭിവന്ദ്യനായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റേതാണ്. അദ്ദേഹം യൂലിയോസ് പിതാവിന്റെ ഗുരുനാഥനായിരുന്നു. റോമിലെ പ്രൊപ്പഗാന്ത കോളേജിലേക്ക് ദൈവശാസ്ത്ര പഠനത്തിനായി എബ്രഹാം കാക്കനാട്ട് എന്ന യുവ വൈദികനെ അയക്കുന്നതിന് മുൻകൈയെടുത്ത്, സക്കറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയോട് വ്യക്തിപരമായി സംസാരിച്ച്, അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ച് പറഞ്ഞയച്ചത് ഇതേ പള്ളിക്കാപറമ്പിൽ പിതാവ് തന്നെയാണ്. ആ ഗുരുശിഷ്യബന്ധത്തിന്റെ വിശുദ്ധി ഒടുവിലത്തെ നാളുകളിലും നാം തൊട്ടറിഞ്ഞു. രോഗാവസ്ഥയിലായിരുന്ന നാളുകളിൽ, എവിടെവെച്ച് കണ്ടുമുട്ടിയാലും ആ രണ്ടു പുണ്യാത്മാക്കൾക്കും അത് അവാച്യമായ ആനന്ദമായിരുന്നു. പരസ്പരം കാണുന്നതും, ദീർഘനേരം സംസാരിക്കുന്നതും, ആഴമേറിയ വ്യക്തിബന്ധങ്ങളും സ്വഭാവപരമായ സവിശേഷതകളും പങ്കുവെക്കുന്നതും അവർ ഏറെ ഹൃദയത്തോട് ചേർത്തുപിടിച്ചിരുന്നു. ആ പള്ളിക്കാപറമ്പിൽ പിതാവിന്റെ പിൻഗാമിയായ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അംശവസ്ത്രം ധരിച്ച് കബറടക്ക ശുശ്രൂഷയിലുടനീളം പങ്കെടുത്തത് ദൈവപരിപാലനയുടെ വിസ്മയനീയമായ നടത്തിപ്പല്ലാതെ മറ്റെന്താണ്! അതൊരു യാദൃച്ഛികതയല്ല, ദൈവപദ്ധതിയുടെ മനോഹരമായ പൂർത്തീകരണമാണ്. വന്ദ്യ പള്ളിക്കാപറമ്പിൽ പിതാവിനെ സ്നേഹത്തോടെ ഞാൻ ഓർക്കുന്നു.

ഈ ധന്യപിതാവിന്റെ വിയോഗവേളയിൽ, കാക്കനാട്ട് കുടുംബാംഗങ്ങളോട് സഭയ്ക്കുള്ള മായാത്ത സ്നേഹവും ആത്മബന്ധവും രേഖപ്പെടുത്തുകയാണ്. ഈ കുടുംബത്തിന്റെ സംഭാവന യൂലിയോസ് പിതാവിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. പുത്തൂർ ഭദ്രാസനത്തിന്റെ പ്രിയങ്കരനായ വൈദികൻ ബഹുമാനപ്പെട്ട വന്ദ്യ കോശി കാക്കനാട്ട് കോർ എപ്പിസ്കോപ്പ പുത്തൂർ ഭദ്രാസനത്തിലെ അനേകം കുടുംബങ്ങളുമായി സഭയ്ക്കുള്ള ഗാഢമായ ആത്മബന്ധത്തിന്റെ പ്രതീകമാണ്. കാക്കനാട്ട് കുടുംബത്തിൽ നിന്ന് ദൈവവിളിയുടെ വഴി തിരഞ്ഞെടുത്ത, വന്ദ്യപിതാവിന്റെ സഹോദരനായ സ്റ്റാനിസ്ലാവോസ് അച്ചനെയും, സഭയ്ക്ക് വേണ്ടി നിശ്ശബ്ദ സമർപ്പണം നടത്തിയ സിസ്റ്റർ ക്രിസ്റ്റീന, സിസ്റ്റർ യൂലിത്തി എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു. സഭയെ കെട്ടിപ്പടുക്കുന്നതിൽ തങ്ങൾക്ക് ലഭിച്ച നിയോഗം വിശ്വസ്തതയോടെ പൂർത്തിയാക്കിയവരാണവർ. വന്ദ്യനായ വലിയ കോശി അച്ചനും അഭിവന്ദ്യനായ സിൽവാനോസ് തിരുമേനിയും ഉൾപ്പെടെ കാക്കനാട്ട് കുടുംബത്തിൽ നിന്ന് സഭയ്ക്ക് ലഭിച്ച

www.malankaralibrary.com

അനേകം വൈദികശ്രേഷ്ഠരും സന്യസ്തരുമുണ്ട്. ഈ സഭയെ ജീവനുതുല്യം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഒരു മഹാ കുടുംബത്തിന്റെ പ്രതിനിധികളായ പ്രിയപ്പെട്ട കാക്കനാട്ട് കുടുംബാംഗങ്ങളേ, നിങ്ങളുടെ കുടുംബത്തിന്റെ നിസ്തുലമായ ആത്മസമർപ്പണം ഈ സഭയ്ക്ക് പകർന്നു നൽകിയ ദൈവാശ്രയബോധവും ആത്മവിശ്വാസവും വാക്കുകൾക്ക് അതീതമാണ്! ആ തീവ്രതയും ആഴവും അളന്നുതിട്ടപ്പെടുത്തുവാൻ ആവുന്നതല്ല. തലമുറകളിലേക്ക് സർവ്വേശ്വരൻ നിങ്ങളുടെ കുടുംബത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ! വിദേശരാജ്യങ്ങളിൽ നിന്നും അമേരിക്കയിൽ നിന്നുമൊക്കെ പ്രിയപ്പെട്ട കുടുംബാംഗങ്ങൾ, അനേകം ത്യാഗങ്ങൾ സഹിച്ച് അന്ത്യയാത്രാശുശ്രൂഷയിൽ നേരിട്ടെത്തി പങ്കുചേർന്നതിൽ, നിങ്ങളുടെ ആ സ്നേഹം പ്രകടമാക്കിയതിൽ സഭ ശിരസ്സുനമിക്കുന്നു.

കഴിഞ്ഞ ഏതാനും മാസങ്ങളായി പിതാവിനെ സ്വന്തം ജീവനേക്കാളേറെ ഹൃദയം കൊണ്ട് സ്നേഹിച്ച് ശുശ്രൂഷിച്ചത് പിതാവിന്റെ സ്വന്തം സഹോദരിയുടെ മകളാണ്. ഞങ്ങൾ ആ ഭവനത്തിൽ ചെല്ലുമ്പോഴൊക്കെ പിതാക്കന്മാരെയും വൈദികരെയും മറ്റ് ഓരോരുത്തരെയും അത്രയേറെ വാത്സല്യത്തോടും കരുതലോടും കൂടിയാണ് ആ മകൾ സ്വീകരിച്ചിട്ടുള്ളത്. ആ മകൾക്കും നമുക്കെല്ലാവർക്കും നന്നായി അറിയാം, എപ്പോഴും ഒരേ സ്വഭാവത്തിലോ ഒരേ മനോനിലയിലോ നിന്ന് സംസാരിക്കുന്ന ആളല്ല നമ്മുടെ യൂലിയോസ് പിതാവ് എന്ന്. എന്നാൽ, ആ കാർക്കശ്യത്തിന്റെ പുറന്തോടിനുള്ളിൽ ഏറെ ആഴമുള്ള സ്നേഹമാണ് അദ്ദേഹം സൂക്ഷിച്ചിരുന്നത്. പ്രിയപ്പെട്ട മകളേ, നിന്നോട് എനിക്ക് ഒരൊറ്റ കാര്യമേ പറയാനുള്ളൂ: കർത്താവിന്റെ ഈ മഹാപുരോഹിതനെ, ശ്ലീഹന്മാരുടെ ഈ പിൻഗാമിയെ സ്വന്തം കൈകൾ കൊണ്ട് ശുശ്രൂഷിച്ച് ആശ്വസിപ്പിച്ചതിന്, ദൈവം വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന് നൽകിയതുപോലെയുള്ള അനുഗ്രഹം നിന്റെ കുടുംബത്തിന് തലമുറകളിലേക്ക് കനിഞ്ഞുനൽകും! സർവ്വേശ്വരൻ നിന്നെയും നിന്റെ കുടുംബത്തെയും എപ്പോഴും കാത്തുപരിപാലിക്കട്ടെ.

വ്യക്തിപരമായ ഒരനുഭവം കൂടി പങ്കുവെച്ച് ഞാൻ അവസാനിപ്പിക്കാം. റോമിൽ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായെ സന്ദർശിച്ച ശേഷം പിതാക്കന്മാർ നാട്ടിലേക്ക് മടങ്ങുമ്പോൾ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അടയാളമായ ഒരു മോതിരം ഞാൻ റോമിൽ നിന്ന് വാങ്ങിയിരുന്നു. യൂലിയോസ് പിതാവിന് ശാരീരിക അസ്വസ്ഥതകൾ മൂലം ആ യാത്രയിൽ ഞങ്ങളോടൊപ്പം വരാൻ സാധിച്ചില്ല. നാട്ടിലെത്തി ഞാൻ പിതാവിനെ കാണാൻ ചെന്നു. എന്റെ ജൂബിലിയുമായി ബന്ധപ്പെട്ട് എല്ലാ പിതാക്കന്മാർക്കും നൽകിയതുപോലെ ഒരു കാപ്പ ഞാൻ പിതാവിനും നൽകി. സംസാരിക്കാൻ അദ്ദേഹത്തിന് പ്രയാസമുണ്ടായിരുന്ന ആ അവസ്ഥയിലും ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'പ്രധാനപ്പെട്ട സമയങ്ങളിലൊക്കെ പിതാവ് ഈ കാപ്പ ധരിക്കണം.' അന്ന് വത്തിക്കാനിലെ ആ മോതിരം ഞാൻ പിതാവിന്റെ വിരലിൽ അണിയിച്ചു. ഇന്നും ആ വിശുദ്ധ മോതിരവും കാപ്പയുമാണ് പിതാവ് ധരിച്ചിരിക്കുന്നത് എന്ന് ഞാൻ നിറഞ്ഞ ഹൃദയത്തോടെ കണ്ടു. അന്ന് ആശീർവാദം നൽകി ഞാൻ യാത്രപറഞ്ഞ് ഇറങ്ങിയതേയുള്ളൂ. കൂടെയുണ്ടായിരുന്ന സിസ്റ്റർ ഏലിയാമ്മയോട് പിതാവ് ആംഗ്യത്തിൽ പറഞ്ഞു: 'എനിക്ക് ബാവയെ വീണ്ടും കാണണം. ബാവയുടെ ജൂബിലിയല്ലേ, ഞാൻ കയ്യിൽ നിന്ന് ഒരു സമ്മാനവും കൊടുത്തില്ലല്ലോ; എന്തെങ്കിലും ഒന്ന് കൊടുക്കണം!' സിസ്റ്റർ ഓടിവന്ന് എന്നോട് കാര്യം പറഞ്ഞു: ഞാൻ സിസ്റ്ററോട് പതുക്കെ പറഞ്ഞു: 'ഇതാണോ ഇപ്പോൾ ചിന്തിക്കേണ്ട കാര്യം? പിതാവ് എനിക്ക് ഇതിനകം ഒരുപാട് സമ്മാനങ്ങൾ തന്നിട്ടുണ്ട്, ഇത് ഞാൻ പിന്നീട്

www.malankaralibrary.com

വാങ്ങിക്കൊള്ളാം എന്ന് പിതാവിനോട് പറയൂ.' എന്നാൽ, അതറിഞ്ഞപ്പോൾ പിതാവ് വളരെ അസ്വസ്ഥനായി. അദ്ദേഹത്തിന്റെ മനസ്സ് വേദനിക്കരുതെന്ന് കരുതി ഞാൻ പറഞ്ഞു: 'ശരി, നാളെ വൈകുന്നേരം നാലുമണിക്ക് ഞാൻ വീണ്ടും പിതാവിനെ കാണാൻ വരും. അപ്പോൾ എനിക്കുള്ള ആ സമ്മാനം കരുതി വെച്ചോളൂ.' അദ്ദേഹത്തെ ഒന്ന് ആശ്വസിപ്പിക്കാൻ മാത്രമാണ് ഞാൻ അങ്ങനെ പറഞ്ഞത്. എന്നാൽ, പിറ്റേന്ന് കൃത്യം നാലുമണിക്ക് പുഷ്പഗിരിയിലെത്തി ഞാൻ മുറിയിലേക്ക് കടന്നുചെല്ലുമ്പോൾ, പിതാവ് ആ സമ്മാനം എനിക്കു നൽകി. ആ ശുദ്ധഹൃദയത്തിന്റെ വാത്സല്യം ഞാൻ ശരിക്കും തിരിച്ചറിഞ്ഞ ഒരു നിമിഷമായിരുന്നു അത്.

പലപ്പോഴും നാം കരുതും, അദ്ദേഹം പുറമേക്ക് ഗൗരവക്കാരനാണെന്ന്. എന്നാൽ ഉള്ളിൽ അപാരമായ സ്നേഹം സൂക്ഷിച്ചിരുന്ന ഒരു പിതാവായിരുന്നു അവിടുന്ന്. തന്റെ ഉള്ളിലുള്ള സ്നേഹത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമേ അദ്ദേഹം ചിലപ്പോൾ പുറത്തു കാണിച്ചിരുന്നുള്ളൂ. പക്ഷേ, ഉള്ളുകൊണ്ട് ഒരാളെ സ്നേഹിച്ചാൽ അത് തികച്ചും കളങ്കമില്ലാത്ത, പൂർണ്ണമായ സ്നേഹമായിരുന്നു! ആ സ്നേഹത്തിന്റെ സാഗരമായ ദൈവം, ഈ ധന്യപിതാവിനെ തന്റെ നിത്യവെളിച്ചത്തിലേക്ക് ചേർത്തുപിടിച്ച് അനുഗ്രഹിക്കട്ടെ.

നാം ഏവരും ഒരുമിച്ചുചേർന്നുനിന്ന് ഈ ശ്രേഷ്ഠാചാര്യനെ യാത്രയാക്കുമ്പോൾ, ഈ പിതാവിലൂടെ തിരുസഭയ്ക്ക് ലഭിച്ച ധന്യമായ ശുശ്രൂഷകളെ ഓർത്ത്, സ്വർഗ്ഗത്തിന്റെ ആ ദിവ്യപദ്ധതിയെ ഓർത്ത് ഞങ്ങൾക്ക് സന്തോഷവും കൃതജ്ഞതയും മാത്രമേയുള്ളൂ എന്ന് ആകാശത്തിലേക്ക് നോക്കി ഏറ്റുപറയേണ്ട സമയമാണിത്. സ്വർഗ്ഗം ദാനമായി നൽകിയത്, ഭൂമിയിലെ ദൗത്യം പൂർത്തിയാക്കി സ്വർഗ്ഗത്തിലേക്ക് തന്നെ തിരിച്ചുപോകുമ്പോൾ നമുക്ക് ആർക്കും ഒരു പരാതിയുമില്ല; മറിച്ച്, കണ്ണീരോടെ നന്ദി പറയാൻ ആയിരം കാരണങ്ങൾ ബാക്കിയുണ്ട്! ആ നന്ദിയുടെയും പ്രാർത്ഥനയുടെയും വഴിയിൽ നമുക്ക് തുടർന്നും മുന്നേറാം.

വന്ദ്യനായ ഞങ്ങളുടെ പിതാവേ, സമാധാനത്തോടെ പോവുക!


നിങ്ങളുടെ പിതാവ്,

+Baseliosclemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ
മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്


www.malankaralibrary.com

ഓർമപ്പെരുനാൾ
ഒക്ടോബർ 10



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയ അധ്യക്ഷനും
തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആർച്ചുബിഷപ്പുമായിരുന്ന
ഭാഗ്യസ്മരണാർഹനായ **ബനഡിക്ട് മാർ ഗ്രിഗോറിയോസ്** മെത്രാപ്പോലീത്തായുടെ
ഓർമകൾക്കു മുന്നിൽ പ്രണാമം!

www.malankaralibrary.com



സ്ലീബാക്കാലം
തത്ത്വശാസ്ത്ര ക്രിസ്തുശാസ്ത്ര ദർശനം

റവ. ഫാ. റോയി ജോർജ്ജ് വയലിറക്കത്ത്

ആമുഖം

മലങ്കര സഭയുടെ ആരാധനക്രമം അനുസരിച്ച് സഭാവർഷത്തെ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു: ക്യംതാക്കാലവും സ്ലീബാക്കാലവും (രണ്ടു ഭാഗങ്ങളിലായി ഏഴു കാലങ്ങൾ). ഈസ്റ്റർ ഉയിർപ്പുതിരുനാൾ മുതൽ സെപ്റ്റംബർ 14 വരെയുള്ള ഞായറാഴ്ചകൾ ഒന്നാമത്തെ ഭാഗത്തിൽ ഉൾപ്പെടുന്നു. മരണത്തെ ജയിച്ചുയിർത്തെഴുന്നേറ്റ ക്രിസ്തുവിലൂടെ ലഭ്യമായ പ്രത്യാശയുടെയും പുതുജീവന്റെയും സന്ദേശമാണ് ഈ ദിനങ്ങളിലെ ചിന്താവിഷയം. സെപ്റ്റംബർ 14 സ്ലീബാപ്പെരുന്നാൾ മുതൽ നവംബർ മാസത്തിൽ ആരംഭിക്കുന്ന കൂദോശ് ഈത്തോ വരെയുള്ള ഞായറാഴ്ചകൾ സ്ലീബാക്കാലത്തിൽ ഉൾപ്പെടുന്നു. മരണം, മരണാനന്തര ജീവിതം, ക്രിസ്തുവിന്റെ രണ്ടാം വരവ്, ലോകാവസാനം, അന്ത്യവിധി എന്നിവയാണ് ഈ കാലഘട്ടത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

www.malankaralibrary.com

യേശുക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെട്ട രക്ഷാകരസംഭവങ്ങൾ സഭയിലെ ആരാധനയിലൂടെ പുനരാവിഷ്കരിക്കാനും, യേശുവിന്റെ ജീവിതത്തോട് നമ്മെത്തന്നെ ബന്ധപ്പെടുത്തി നമ്മുടെ ജീവിതത്തെ ക്രിസ്തുവിന്റെ ജീവിതത്തിന് അനുരൂപമാക്കി തീർക്കാനും വേണ്ടിയാണിത്. ക്രിസ്തുവിന്റെ ജീവിതത്തിലെ രക്ഷാകര രഹസ്യങ്ങൾ ക്രമാനുഗതമായി അവതരിപ്പിക്കുന്നത് വഴി ഓരോ വിശ്വാസിയും യേശുവിന്റെ ജീവിതത്തിൽ പങ്കുചേരുകയാണ്. ഓരോ കാലഘട്ടത്തിനും അനുയോജ്യമായ വേദഭാഗങ്ങളും ഗാനങ്ങളും പ്രാർത്ഥനകളും ഉൾപ്പെടുത്തിയിരിക്കുന്നതിലൂടെ ക്രിസ്തുവിന്റെ രക്ഷാരഹസ്യത്തിൽ ഓരോ വിശ്വാസിക്കും പങ്കുചേരാനാകുന്നു. സ്ലീബാക്കാലത്തിൽ പ്രത്യേകമായി യേശുവിന്റെ കുരിശിനെ രക്ഷയുടെയും വിജയത്തിന്റെയും അടയാളമായി നാം സ്വീകരിക്കുന്നു. യേശുക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെ രക്ഷയുടെ അനുഭവം നമുക്കെങ്ങനെ ലഭ്യമായെന്നും, അത് നമ്മുടെ ജീവിതത്തെ എങ്ങനെ ധന്യമാക്കുന്നു എന്നുമുള്ള ഒരു തത്ത്വശാസ്ത്ര -ക്രിസ്തുശാസ്ത്ര വിചിന്തനമാണ് ഇവിടെ നൽകുവാൻ ഉദ്ദേശിക്കുന്നത്.



സ്ലീബാക്കാലം: തത്ത്വശാസ്ത്ര അടിത്തറ

തത്ത്വശാസ്ത്രത്തിന്റെ അടിത്തറയിന്മേലാണ് പഠനങ്ങൾ വ്യാഖ്യാനിക്കപ്പെടുന്നത്. ക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെയുള്ള മാനവരാശിയുടെ വീണ്ടെടുപ്പ് എന്ന തത്ത്വം ഇവിടെ അന്വർത്ഥമാകുന്നു. ഡെലിവറൻസ് തിയറി (Deliverance Theory), എക്സിസ്റ്റൻഷ്യലിസം (Existentialism), സബ്സ്റ്റിറ്റ്യൂഷൻ തിയറി (Substitution Theory), ജസ്റ്റിഫിക്കേഷൻ അഥവാ റീകൺസിലിയേഷൻ തിയറി (Justification/Reconciliation Theory), സാങ്ക്റ്റിഫിക്കേഷൻ (Sanctification), ഗ്ലോറിഫിക്കേഷൻ തിയറി (Glorification Theory), റെസ്റ്റിറ്റ്യൂഷൻ (Restitution) എന്നിവയെല്ലാം സ്ലീബാക്കാല പ്രബോധനങ്ങൾക്ക് അടിത്തറയായി നിൽക്കുന്ന തത്ത്വശാസ്ത്ര -ക്രിസ്തുശാസ്ത്ര ശാഖകളാണ്. മനുഷ്യൻ എപ്പോഴും തന്നെ അടിമപ്പെടുത്തുന്ന സാഹചര്യങ്ങളിൽ നിന്നും വേദനകളിൽ നിന്നും മോചനം നേടാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയാണ് എന്ന വസ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. ദൈവവുമായുള്ള ഒരു ഒന്നിപ്പിലൂടെ മാത്രമേ അവന്റെ മോചനം സാധ്യമാവുകയുള്ളൂ എന്ന ബോധ്യവും അവനിലുണ്ട്. അതുകൊണ്ടുതന്നെ നിരന്തരമായ ഒരു ദൈവാന്വേഷണം അവനിൽ നടക്കുന്നുണ്ട്. ദൈവത്തിന്റെ ഭാഗത്തുനിന്ന് സമാനമായ ഒരു മനുഷ്യാന്വേഷണവും നടക്കുന്നുണ്ട്. ഈ രണ്ട് അന്വേഷണങ്ങളുടെയും കൂട്ടിമുട്ടലാണ് യേശുക്രിസ്തുവിൽ നാം കാണുന്നത്. 'ദൈവം നമ്മോടുകൂടെ' എന്ന അർത്ഥമുള്ള ഇമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും എന്നാണ് യേശുവിന്റെ ജനനത്തെപ്പറ്റി പ്രവാചകന്മാർ സംസാരിച്ചിട്ടുള്ളത്.

മനുഷ്യൻ ആദിമുതൽക്കേ ആഗ്രഹിച്ചുകൊണ്ടിരുന്ന ഈ മോചനം അഥവാ ഡെലിവറൻസ്, ദൈവവുമായുള്ള ഒന്നിപ്പ് എന്നിവ യേശുവിന്റെ മനുഷ്യാവതാരത്തിലൂടെ സാധ്യമായി. എന്നാൽ യേശുവിന്റെ കുരിശുമരണത്തിലൂടെയാണ് ഇത് നമുക്ക് അനുഭവവേദ്യമാക്കിത്തന്നത്. ഇതെങ്ങനെ

www.malankaralibrary.com



സാധ്യമാകുന്നു എന്ന് നോക്കാം. ഏദൻ തോട്ടത്തിൽ ആദ്യപിതാവായ ആദം ദൈവത്തിനെതിരായി തെറ്റ് ചെയ്തപ്പോൾ വന്നു ചേർന്ന പാപം, മരണം, ദൈവവുമായുള്ള അകൽച്ച, ഭയം, നിരാശ എന്നിവയിൽ നിന്ന് മോചനം നേടാൻ മനുഷ്യൻ ആഗ്രഹിക്കുന്നു. എന്നാൽ മനുഷ്യന് സ്വയം ഈ ദുസ്ഥിതിയിൽ നിന്ന് രക്ഷനേടാൻ സാധ്യമല്ല. ഇതാണ് അസ്തിത്വപ്രശ്നം അഥവാ എക്സിസ്റ്റൻഷ്യൽ പ്രോബ്ലം. വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനം അഞ്ചും ആറും അധ്യായങ്ങളിലൂടെ ക്രിസ്തുശാസ്ത്രപരമായ ഒരു ഉത്തരം ഇതിന് നൽകുന്നു. റോമർ 6:22 പറയുന്നു, 'പാപത്തിന്റെ ശമ്പളം മരണമത്രേ'. മനുഷ്യൻ ഏറ്റെടുക്കേണ്ടിയിരുന്ന, പാപത്തിന്റെ അനന്തരഫലമായ ഈ മരണം, ഒരേസമയം മനുഷ്യനും ദൈവവുമായി അവതരിച്ച യേശു ഏറ്റെടുക്കുകയും മനുഷ്യനുവേണ്ടി കുരിശിൽ മരിക്കുകയും ചെയ്തു. അങ്ങനെ യേശു കുരിശുമരണം ഏറ്റെടുക്കുകവഴി മനുഷ്യനെ സാത്താന്റെ അടിമത്വത്തിൽ നിന്ന് മോചിപ്പിച്ച് ദൈവവുമായുള്ള ബന്ധത്തിലേക്ക് കൊണ്ടുവന്നു. ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കുക വഴി മനുഷ്യനിലെ ഭയവും നിരാശയും അകറ്റി പ്രത്യാശയും നിത്യജീവനും ലഭ്യമാക്കി. വിശുദ്ധ ജോൺ ക്രിസോസ്റ്റോം എഴുതുന്നു: 'കുരിശ് പിശാചിനെ പരാജയപ്പെടുത്തിയ ആയുധവും മരണത്തെ ഇല്ലാതാക്കിയ ദിവ്യബലിയുമാണ്'.

ക്രിസ്തുശാസ്ത്ര അടിത്തറ

ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യൻ സ്വതന്ത്ര ഇച്ഛാശക്തി തെറ്റായി ഉപയോഗിച്ച് നന്മയുടെ മകുടമായ ദൈവത്തിൽ നിന്നും അകലുന്നു. എന്നാൽ ദൈവവും മനുഷ്യനുമായി ജനിച്ച ദൈവപുത്രൻ സ്വതന്ത്ര ഇച്ഛാശക്തി ദൈവഹിതത്തിന് കീഴടക്കി കുരിശുമരണം സ്വീകരിച്ചു. 'എന്റെ ഇഷ്ടമല്ല അങ്ങയുടെ ഹിതം നിറവേറട്ടെ' എന്ന് പറഞ്ഞുകൊണ്ട് ദൈവത്തിന് തന്നെത്തന്നെ സമർപ്പിക്കുകയാണ് യേശു ചെയ്തത്. മനുഷ്യന്റെ ജീവിതത്തിൽ എന്നുമുള്ള വലിയൊരു വെല്ലുവിളിയും ഇതുതന്നെയാണ്; ദൈവത്തോട് മറുതലിക്കണമോ അതോ ദൈവഹിതത്തിന് വിധേയമാകണമോ? യേശുവിന്റെ ജീവിതത്തിലും ഈ വലിയ

www.malankaralibrary.com

വെല്ലുവിളി ഉണ്ടായിരുന്നു. എന്നാൽ യേശു തന്റെ സ്വതന്ത്ര ഇച്ഛാശക്തിയെ ദൈവഹിതത്തിന് വിധേയപ്പെടുത്തി, ജീവിക്കുന്ന സമർപ്പണത്തിന്റെ ഒരു മാതൃക നമുക്ക് നൽകി. ഇതാണ് യേശുവിന്റെ സബ്മിഷൻ തിയറി (Submission Theory). വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നു, ഇങ്ങനെ ദൈവത്തിന് തന്നെത്തന്നെ സമർപ്പിച്ചതുകൊണ്ട് ദൈവം അവനെ ഉയർത്തി.

എല്ലാ ധാർമിക ലംഘനങ്ങൾക്കും ഒരു പരിഹാരം ആവശ്യമാണ്. മനുഷ്യന് നൽകാൻ കഴിയാത്ത ആ പരിഹാരമൂല്യം യേശു തന്റെ സമർപ്പണത്തിലൂടെ നൽകി. അങ്ങനെ നീതിപൂർവ്വമായ ഒരു പരിഹാരം നൽകുന്നതുവഴി പാപത്തിന്റെ ശിക്ഷ സ്വയം ഏറ്റെടുത്ത് ദൈവികനീതി നിവർത്തിയാക്കുകയും ചെയ്തു. ഇതാണ് സബ്സ്റ്റിറ്റ്യൂഷൻ തിയറി (Substitution Theory). ഇതിലൂടെ ദൈവം തന്റെ ദൈവികനീതി നിവർത്തിയാക്കുകയും മനുഷ്യനോട് അഗാധമായ കരുണ കാണിക്കുകയും ചെയ്തു. അങ്ങനെ യേശുവിന്റെ കുരിശുമരണത്തിലൂടെ ദൈവവും മനുഷ്യനും തമ്മിലുള്ള അനൈക്യത അവസാനിപ്പിക്കുന്നതിനും ഒരു പുനഃസംഗമം സാധ്യമാക്കുന്നതിനും ഇടയായി. മനുഷ്യൻ അനുഭവിക്കേണ്ടിയിരുന്ന മരണം യേശു കുരിശിലൂടെ ഏറ്റെടുക്കുക വഴി മനുഷ്യന് ലഭിക്കേണ്ടിയിരുന്ന ശിക്ഷ ഒഴിവായി. മരണത്തിന്റെയും സാത്താന്റെയും പാപത്തിന്റെയും അടിമത്വത്തിൽ നിന്ന് മനുഷ്യന് മോചനം ലഭിച്ചു. ഭയവും നിരാശയും വെടിഞ്ഞ് പ്രത്യാശയുടെയും സ്വാതന്ത്ര്യത്തിന്റെയും ജീവിതത്തിലേക്ക് അവൻ കടന്നുവന്നു. മനുഷ്യൻ കാലാകാലങ്ങളായി ചോദിച്ചുകൊണ്ടിരുന്ന ചോദ്യങ്ങൾക്ക് ഉത്തരവും ലഭ്യമായി.

വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നത്, ഇനിമേൽ മനുഷ്യൻ ജീവിക്കുന്നത് ക്രിസ്തു കുരിശുമരണത്തിലൂടെ നേടിയെടുത്ത നീതിമത്കരണത്തിലൂടെയും കൃപയാലുമത്രേ എന്നാണ്. കൃപ എന്നത് ഒരു വരദാനമാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ പരിശുദ്ധിയുടെ ഭാഗമാണ്. ആ പരിശുദ്ധമായ അവസ്ഥയിൽ നിലനിൽക്കുന്നതിന് ദൈവം മനുഷ്യന് നൽകുന്ന വരദാനമാണ് കൃപ. റോമാക്കാർക്കുള്ള ലേഖനം ആറാം അധ്യായം ഒന്നുമുതലുള്ള വാക്യങ്ങളിൽ നാം കാണുന്നു: 'പാപം വർദ്ധിച്ചിടത്ത് കൃപ അതിലേറെ സമൃദ്ധമായി; അതുകൊണ്ട് വീണ്ടും പാപം ചെയ്യണമെന്നോ? പാടില്ല.' പാപം ചെയ്ത് മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്നുപോകാൻ ശ്രമിക്കുന്ന സാഹചര്യങ്ങളിൽ, ദൈവകൃപ നൽകി ദൈവത്തിന്റെ പരിശുദ്ധിയിൽ നിലനിൽക്കാൻ അവിടുന്ന് നമ്മെ വിളിക്കുന്നു എന്നതാണ് ഇതിന്റെ അർത്ഥം. കൃപ നമ്മെ സംരക്ഷിക്കുന്നു. യേശുക്രിസ്തു പൗലോസ് ശ്ലീഹായോട് പറയുന്നു: 'നിനക്ക് എന്റെ കൃപ മതി'. യേശുവിന്റെ കുരിശിലെ ബലിയിലൂടെ നേടിയെടുത്ത നീതിമത്കരണത്തിലൂടെ മനുഷ്യസമൂഹം മുഴുവനും ദൈവവുമായുള്ള ബന്ധത്തിലേക്കും രക്ഷയിലേക്കും കടന്നുവന്നു എന്നാണ് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത്. ദാവീദ് രാജാവ് പ്രാർത്ഥിച്ചു: 'ദൈവമേ നിന്റെ കൃപയിൻപ്രകാരം എന്നോട് കരുണ ചെയ്യേണമേ, കരുണയുടെ ബഹുത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയേണമേ'. നമ്മുടെ സന്ധ്യാപ്രാർത്ഥനയിലും നാം പ്രാർത്ഥിക്കുന്നു: 'കർത്താവേ നിന്റെ കരുണയുടെ ചിറകിൻ കീഴിൽ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കേണമേ'. വിശുദ്ധ അപ്രേം എഴുതുന്നു: 'കുരിശ് എന്നത് പ്രപഞ്ചത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന ദിവ്യജ്യോതിസ്സാണ്. സ്ലീബാക്കാലം മനുഷ്യവംശത്തിന് നൽകപ്പെട്ട നിത്യരക്ഷയുടെയും പ്രത്യാശയുടെയും വീണ്ടെടുപ്പിന്റെയും കാലഘട്ടമാണ്.'

സ്ലീബാക്കാലം പ്രായോഗിക ജീവിതത്തിൽ

സ്ലീബാക്കാലം നമുക്ക് ചില പ്രത്യേക കാഴ്ചപ്പാടുകളും ആദ്ധ്യാത്മികമായ സമീപനങ്ങളും നൽകുന്നു. ഒന്നാമതായി, നാം ക്രിസ്തുവിന്റെ വ്യക്തിത്വത്തിന് അനുരൂപരായിത്തീരുക എന്നതാണ്. ആധുനിക

www.malankaralibrary.com

മനുഷ്യൻ വേദന, പരാജയം, രോഗം, ഏകാന്തത, ഭയം, യുദ്ധം, ടെക്നോളജിയുടെ ദുരുപയോഗം വരുത്തിവെക്കുന്ന ദുരന്തങ്ങൾ, അധികാരമത്സരം, അക്രമം, സ്വാർത്ഥത എന്നിവയിലൂടെയെല്ലാം കടന്നുപോകുന്നു. ഈ സാഹചര്യങ്ങളിൽ നമുക്കെങ്ങനെ ജീവിക്കാൻ കഴിയും എന്ന ചോദ്യവുമായി അവൻ നിൽക്കുന്നു. തിരുവചനം അതിനുത്തരം നൽകുന്നു: 'എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ ഞാൻ ഈറ്റുനോവ് അനുഭവിക്കുന്നു' (ഗലാത്യർ 4:19). അതായത്, ഓരോ വ്യക്തിയും ശിശുവായിരിക്കുമ്പോൾ മുതൽ അവനിൽ യേശുവിനെ അനാവരണം ചെയ്തെടുക്കുക. ഈ പ്രക്രിയയാണ് സഭയുടെ ശുശ്രൂഷകളും പ്രാർത്ഥനകളും ഭക്തസംഘടനകളും എല്ലാ സംവിധാനങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത്. എല്ലാ മനുഷ്യരും യേശുവിന് അനുരൂപരായ വ്യക്തിത്വങ്ങളായി വളരുക, ത്രിത്വാത്മക കൂട്ടായ്മയിലെ സന്തോഷം ഈ ലോകത്തിൽ വെച്ചു തന്നെ അനുഭവിക്കുക എന്നിവയാണ് സ്ലീബാക്കാലം ലക്ഷ്യംവയ്ക്കുന്നത്. അങ്ങനെ യേശുവിന്റെ പാതയിലാകുന്നവൻ യേശുവിൽ നിന്ന് അനുഗ്രഹം പ്രാപിക്കുകയും യേശുവിനാൽ നയിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെയുള്ള വ്യക്തികളുടെ കൂട്ടായ്മ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു.

രണ്ടാമതായി, ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങൾ അവയുടെ പൂർണ്ണതയിൽ നിർവഹിക്കുന്നതിന് നാം കൊടുക്കേണ്ടിവരുന്ന വിലയാണ് സഹനം. മനുഷ്യസമൂഹത്തെ മുഴുവനും രക്ഷയുടെ അനുഭവത്തിലേക്ക് കൊണ്ടുവരുന്നതിന് യേശു കൊടുക്കേണ്ടിവന്ന വിലയാണ് അവിടുത്തെ സഹനം. ആ വിലയാണ് തന്റെ ജീവിതവും കുരിശുമരണവും പ്രതിസന്ധികളും. യേശു ഈ സഹനം മുഴുവൻ മുന്നിൽക്കണ്ടിട്ട് പ്രാർത്ഥിച്ചു: 'പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീക്കേണമേ. എങ്കിലും എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം നിറവേറട്ടെ'. ഇവിടെ ദൈവം ഒരു മാലാഖയെ അയച്ച് ഈ സഹനം ഏറ്റെടുക്കാനുള്ള കൃപ യേശുവിന് നൽകുന്നു (ലൂക്കാ 22: 42-43). എന്നാൽ സഹനം അഥവാ കുരിശുമരണം എടുത്തുമാറ്റുന്നില്ല. കാരണം പരീക്ഷയാകുന്ന ഈ കുരിശുമരണം ഏറ്റെടുത്തെങ്കിൽ മാത്രമേ രക്ഷയാകുന്ന ഫലം മനുഷ്യകുലത്തിന് ലഭ്യമാവുകയുള്ളൂ. ക്രിസ്തു കുരിശിലൂടെ മനുഷ്യന്റെ വേദനകളും കഷ്ടപ്പാടുകളും ഏറ്റെടുത്തതുകൊണ്ട് നമ്മുടെ ജീവിതാവസ്ഥയിലെ ഓരോ സഹനത്തിനും വീണ്ടെടുപ്പിന്റെ മൂല്യമുണ്ട്. അവിടെ ഓരോ വ്യക്തിയും താൻ ആയിരിക്കുന്ന ജീവിതാവസ്ഥയ്ക്ക് ചേർന്ന സഹനസാഹചര്യങ്ങൾ വിലയായി കൊടുക്കേണ്ടതുണ്ട്. ആ സഹനം ഏറ്റെടുക്കാനുള്ള കൃപ ദൈവം നമുക്ക് നൽകുന്നു. യേശു ദൈവത്തിന് സ്വയം സമർപ്പിച്ചതുപോലെ നമുക്കും ദൈവഹിതത്തിന് നമ്മെത്തന്നെ വിധേയപ്പെടുത്തി സമർപ്പണജീവിതം നയിക്കേണ്ടതുണ്ട്. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC. 612) പറയുന്നു: 'പിതാവിന്റെ ഹിതം നിറവേറ്റണമെന്ന് യേശു തന്റെ മാനുഷികമനസ്സിൽ നിശ്ചയിക്കുന്നതുവഴി യേശുവിന്റെ മരണത്തെ ദൈവം രക്ഷാകരമായി സ്വീകരിക്കുന്നു.' അങ്ങനെ, 'നാം പാപത്തിനു മരിച്ച്, നീതിക്കായി ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ച് കുരിശിലേറി. അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോസ് 2:24). ദൈവത്തിനു മനുഷ്യരോടുള്ള വലിയ സ്നേഹത്തിന്റെയും വീണ്ടെടുപ്പിന്റെയും അടയാളമാണ് കുരിശ് എന്ന് തിരുസഭ നമ്മെ പഠിപ്പിക്കുന്നു. ഈ കുരിശെടുക്കുവാൻ ക്രിസ്തു നമ്മെ ക്ഷണിക്കുന്നു. 'ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ തന്നെത്തന്നെ പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ'.

മൂന്നാമതായി, കുരിശും കുരിശുവരയുടെ അർത്ഥവും എന്താണെന്ന് തിരുസഭ നമ്മെ വ്യക്തമായി പഠിപ്പിക്കുന്നു. യൂകാറ്റ് (Youcat Youth

www.malankaralibrary.com



Catechism നമ്പർ 360) പറയുന്നു: 'കുരിശിന്റെ അടയാളത്തിലൂടെ നാം ത്രിത്വൈക ദൈവത്തിന്റെ സംരക്ഷണത്തിൽ നമ്മെത്തന്നെ പ്രതിഷ്ഠിക്കുന്നു. ദിവസത്തിന്റെ ആരംഭത്തിലും പ്രാർത്ഥനയുടെ ആരംഭത്തിലും മാത്രമല്ല സുപ്രധാന സംരംഭങ്ങളുടെയെല്ലാം ആരംഭത്തിലും ക്രൈസ്തവർ തങ്ങളുടെ മേൽ കുരിശടയാളം വരയ്ക്കുന്നു. അങ്ങനെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ തന്റെ കാര്യങ്ങൾ തുടങ്ങുന്നു. നാമെല്ലാവരും ത്രിത്വൈക ദൈവത്താൽ ചുറ്റപ്പെട്ടിരിക്കുന്നു. പേരുചൊല്ലി അവിടുത്തെ വിളിക്കുന്നത്, നാം തുടങ്ങാൻ പോകുന്ന കാര്യങ്ങളെ വിശുദ്ധീകരിക്കുന്നു. അത് നമുക്ക് അനുഗ്രഹങ്ങൾ നേടിത്തരുകയും പ്രയാസങ്ങളിലും പ്രലോഭനങ്ങളിലും നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു'.

ഉപസംഹാരം

ക്രിസ്തുവിന്റെ കുരിശിൽ വെളിപ്പെട്ട ദൈവസ്നേഹവും, അവിടുത്തെ അനുസരണവും സമർപ്പണവും, മനുഷ്യരക്ഷയും, മരണത്തിന്മേലുള്ള വിജയവും, ഉയിർപ്പിന്റെ മഹത്വവും, ക്രിസ്തുവിന്റെ രണ്ടാം വരവിനുള്ള പ്രത്യാശയും ഒരുമിച്ച് ധ്യാനിക്കുന്ന കാലഘട്ടമാണ് സ്ലീബാക്കാലം. അതിനാൽ നമുക്ക് നമ്മെത്തന്നെ ദൈവത്തിന് സമർപ്പിക്കാം; കുരിശുവരയ്ക്കാം, കുരിശുവഹിക്കാം, കുരിശെടുത്തുകൊണ്ട് ക്രിസ്തുവിനെ അനുഗമിക്കാം, കുരിശെടുക്കാൻ മറ്റുള്ളവരെ സഹായിക്കുന്നവരാകാം, അങ്ങനെ കുരിശിന്റെ മഹത്വത്തിലേക്ക് നമുക്ക് പ്രവേശിക്കാം. 'നിന്റെ പാതകൾ നേരെയാകുന്നതിനും നീ നിനയ്ക്കുന്ന കാര്യങ്ങൾ ശുഭമായി ഭവിക്കുന്നതിനും നിന്റെ ദൈവമായ കർത്താവിനോട് പ്രാർത്ഥിക്കുക' (തോബിത്ത് 4:19).

www.malankaralibrary.com

കവർ സ്റ്റോറി



കുരിശ് ക്രിസ്തുവിനോടൊപ്പം നടക്കുന്ന വഴി

റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ

'ക്രൂശിതരൂപം നെഞ്ചിൽ ചേർക്കുന്ന നേരം, നിൻ സ്നേഹം ഓർക്കുന്നു നാഥാ...'

ഒരു പാട്ടിന്റെ ആദ്യവരികളാണിത്. കുരിശിലേക്ക് നോക്കുമ്പോൾ നാം ക്രിസ്തുവിന്റെ വേദന കാണാറില്ല, മറിച്ച് അതിൽ വെളിപ്പെട്ട ദൈവസ്നേഹമാണ് കാണുന്നത്. കാൽവരിയിലേക്ക് നോക്കുമ്പോൾ പരാജയം നാം കാണുന്നില്ല, മറിച്ച് ഉയിർപ്പിലേക്കുള്ള വഴി കാണുന്നു. ഒരു ക്രൈസ്തവന്റെ വിശ്വാസജീവിതത്തിന്റെ ഹൃദയത്തിലാണ് കുരിശിന്റെ സ്ഥാനം. അതൊരു മതചിഹ്നം മാത്രമല്ല. ദൈവത്തിന്റെ അളവറ്റ സ്നേഹത്തിന്റെയും, ക്രിസ്തുവിന്റെ ആത്മസമർപ്പണത്തിന്റെയും മാനവരാശിയുടെ രക്ഷയുടെയും അടയാളമാണ്. അതിനാൽ നമ്മുടെ ജീവിതത്തിൽ കുരിശ് ഒരു അലങ്കാരമല്ല, അത് നാം ജീവിക്കേണ്ട ശൈലിയും നമ്മുടെ ആത്മീയതയുടെ ഹൃദയവുമാണ്.

ദൈവസ്നേഹത്തിന്റെ അടയാളം

തന്റെ സ്നേഹിതർക്കുവേണ്ടി ജീവനർപ്പിച്ച ദൈവത്തിന്റെ സ്നേഹം അതിന്റെ ഉദാത്തഭാവത്തിൽ പ്രകടമായത് കുരിശിലാണ്. അതാണ് ക്രൈസ്തവ ആത്മീയതയുടെ

www.malankaralibrary.com

അടിസ്ഥാനം. വിശുദ്ധ പൗലോസ് പറയുന്നു, 'എന്നാൽ നാം പാപികളായിരിക്കെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം ദൈവം പ്രകടമാക്കി' (റോമ 5:8). നമ്മുടെ യോഗ്യത കണക്കാക്കാതെ സ്വയം നൽകിയ ദൈവസ്നേഹമാണ് കുരിശിൽ വെളിപ്പെടുന്നത്. കുരിശിൽ കിടന്ന് ഈശോ പറയുന്ന വാക്കുകൾ നമ്മെ പരസ്പരം സ്നേഹിക്കാനും ക്ഷമിക്കാനും പഠിപ്പിക്കുന്നു. സ്നേഹത്തിന്റെ ആർദ്രഭാവങ്ങൾ സ്വാർത്ഥ നേട്ടങ്ങൾക്കായി വഴിമാറുന്ന ഇക്കാലത്ത് കുരിശ് നൽകുന്ന ദിശാബോധത്തിന്റെ വെളിച്ചത്തിൽ നാം ജീവിക്കണം. വിശുദ്ധ മദർ തെരേസയുടെ വാക്കുകൾ ഏറെ പ്രസക്തമാണ്, 'നമുക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയില്ല, എന്നാൽ വലിയ സ്നേഹത്തോടെ ചെറിയ കാര്യങ്ങൾ ചെയ്യാൻ കഴിയും'. മറ്റുള്ളവർക്കായി ചെയ്യുന്ന ത്യാഗങ്ങളും സേവനങ്ങളും, കൂടുതൽ നന്മയ്ക്കായുള്ള പരിശ്രമത്തിൽ ഉണ്ടാകുന്ന നഷ്ടങ്ങളും കുരിശിന്റെ സ്നേഹം ജീവിതത്തിൽ പ്രകടമാക്കുന്ന വഴികളാണ്. ഗത്സമെനിയിലെ പ്രാർത്ഥനപോലെ (ലൂക്കാ 22:42) ദൈവഹിതത്തിന് പൂർണ്ണമായി വിട്ടുകൊടുക്കാനുള്ള വിളിയാണ് കുരിശ്. ജീവിതത്തിൽ എന്തു എല്ലാം നമ്മുടെ പദ്ധതിപ്രകാരമോ ഇഷ്ടമനുസരിച്ചോ നടക്കണമെന്നില്ല. ദൈവപദ്ധതി എല്ലായ്പ്പോഴും മനസ്സിലാക്കാൻ സാധിക്കുകയുമില്ല. എന്നാൽ കുരിശ് നമ്മെ പഠിപ്പിക്കുന്നത് എല്ലാം മനസ്സിലാക്കിയതിനുശേഷം മാത്രം ദൈവത്തിൽ വിശ്വസിക്കണമെന്നല്ല, ഒന്നും മനസ്സിലാകാത്തപ്പോഴും ദൈവത്തിൽ വിശ്വസിക്കുക എന്നതാണ്.

കുരിശിൽ ഈശോ അനുഭവിച്ച വേദനയും അപമാനവും ശിഷ്യർക്ക് ആദ്യം മനസ്സിലായില്ല. അതുകൊണ്ടാണവർ തള്ളിപ്പറഞ്ഞതും ഓടി ഒളിച്ചതും. എന്നാൽ പിന്നീട് അവർ മനസ്സിലാക്കി – കുരിശ് പരാജയമായിരുന്നില്ല, രക്ഷയുടെ വഴിയായിരുന്നു. വിശുദ്ധ പത്രോസ് പറയുന്നു, 'കുരിശിന്റെ ഭാരമേറ്റെടുക്കുവാൻ ഭയപ്പെടരുത്... കുരിശ് നമ്മെ ദൈവത്തിലേക്ക് നയിക്കുന്നു'. കുരിശിലെ വി. യോഹന്നാൻ കുരിശിനെ വെളിച്ചത്തിലേക്കുള്ള കവാടമായി കണ്ടു. 'ദൈവം ആത്മാവിനെ ഇരുട്ടിലൂടെ നയിക്കുന്നത്, അതിനെ കൂടുതൽ ആഴത്തിലുള്ള വെളിച്ചത്തിലേക്ക് കൊണ്ടുപോകാനാണ്'.



സഹനത്തിന്റെ വിശുദ്ധീകരണം

സഹനങ്ങളിൽ ദൈവസ്നേഹം കാണാൻ കുരിശ് നമ്മെ സഹായിക്കുന്നു. ഇതൊരു വെളിച്ചമാണ്, സഹനത്തെ ഭാരമായും അർത്ഥശൂന്യമായും കരുതുന്നവർക്ക്. സഹനം മനുഷ്യജീവിതവുമായി അഭേദ്യം ബന്ധപ്പെട്ട

www.malankaralibrary.com

താണ്. ജീവിതപശ്ചാത്തലത്തിന്റെ വ്യത്യസ്തത കുരിശുകളെയും വ്യത്യസ്തമാക്കുന്നു – രോഗം, സാമ്പത്തിക ക്ലേശങ്ങൾ, കടബാധ്യത, പരാജയം, ബന്ധങ്ങളിലെ പ്രശ്നങ്ങൾ, ഏകാന്തത, നഷ്ടങ്ങൾ, തെറ്റിദ്ധാരണകൾ, ശാരീരിക –മാനസിക വൈകല്യങ്ങൾ, ഡിജിറ്റൽ അടിമത്തം – തുടങ്ങിയവ. ക്രൈസ്തവ വിശ്വാസം ഈ സഹനങ്ങളെഅർത്ഥശൂന്യമായി കാണുന്നില്ല. ക്രിസ്തുവിന്റെ കുരിശുമായി ചേർത്തു വയ്ക്കുമ്പോൾ ഇവയെല്ലാം ജീവിത പരിവർത്തനത്തിനും ആത്മവിശുദ്ധീകരണത്തിനും പ്രേരണ നൽകുന്നു. വി. പൗലോസ് പറയുന്നു: 'നിങ്ങളെ പ്രതിയുള്ള പീഡകളിൽ ഞാൻ സന്തോഷി ക്കുന്നു. സഭയാകുന്ന തന്റെ ശരീരത്തെപ്രതി ക്രിസ്തുവിന് സഹിക്കേണ്ടി വന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു (കൊളോ 1:24).

നമ്മുടെ സഹനാനുഭവങ്ങൾ നമ്മെ ക്രിസ്തുവിന്റെ കുരിശിനോട് ഐക്യപ്പെടുത്തുന്നു. സാൽവിഫിക് ദോളോറിസ് എന്ന അപ്പസ്തോലിക ലേഖനത്തിൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഈ സത്യം പരാമർശിക്കുന്നു. അദ്ദേഹം പറയുന്നു, അതിനാൽ വിശ്വാസി ചോദിക്കേണ്ടത് 'എന്തുകൊണ്ട് എനിക്ക് ഈ കുരിശ്?' എന്നല്ല, 'ഈ കുരിശിലൂടെ ക്രിസ്തു എന്നെ എന്താണ് പഠിപ്പിക്കുന്നത്' എന്നായിരിക്കണം.

എല്ലാറ്റിലുമുപരി സഹനം നമ്മെ കൂടുതൽ കരുണയുള്ളവരാക്കുന്നു. സ്വന്തം സഹനാനുഭവ ങ്ങളിലൂടെ കടന്നുപോകുന്ന ഒരാൾക്ക് മറ്റൊരാളുടെ സഹനം വേഗത്തിൽ തിരിച്ചറിയാനാകും. കരയുന്നവർക്കേ കണ്ണീരിന്റെ ഭാഷ മനസ്സിലാകൂ. കുരിശിലേക്ക് നോക്കി പ്രാർത്ഥിക്കുമ്പോൾ നാം പ്രതികാരത്തിനു പകരം ക്ഷമയും വിദ്വേഷത്തിനു പകരം സ്നേഹവും സ്വന്തമാക്കുന്നു. അങ്ങനെ കുരിശ് നൽകുന്ന സേവനത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകാൻ നമുക്കാവും. 'മനുഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകർക്കുവേണ്ടി തന്റെ ജീവൻ മോചനദ്രവ്യമായി നൽകാനുമാണ് വന്നത്' (മർക്കോസ് 10:45).

മേഴ്സിഡേറിയൻ സന്യാസസമൂഹം സ്ഥാപിച്ച വി. പീറ്റർ നൊളാസ്കോയുടെ ജീവിതശൈലി കുരിശിലെ സേവനത്തിന്റെ മാനം കൂടുതൽ തെളിമയോടെ ജീവിക്കുന്നതായിരുന്നു (1189 1256). കുടുംബത്തിൽ, സമൂഹത്തിൽ, ഇടവകയിൽ, ജോലിസ്ഥലത്ത് മറ്റുള്ളവരുടെ ആവശ്യങ്ങളോട് തുറന്ന ഹൃദയത്തോടെ പ്രതികരിക്കുന്നതും പ്രവർത്തിക്കുന്നതുമാണ് കുരിശിന്റെ ആത്മീയത. രോഗിയുടെ കൂടെ നിൽക്കുക, ദുഃഖിതനെ ആശ്വസിപ്പിക്കുക, ദരിദ്രനുമായി പങ്കുവയ്ക്കുക ഒറ്റപ്പെട്ടവരെ കേൾക്കുക, ലഹരിയുടെ കരാള ഹസ്തങ്ങളിൽപെട്ടവരെ വീണ്ടെടുക്കുക, ഇവയെല്ലാം ക്രിസ്തുവിന്റെ കുരിശിലെ സ്നേഹം നമ്മുടെ ജീവിതത്തിൽ തുടരുന്ന പ്രവൃത്തികളാണ്.

ഉയിർപ്പിന്റെ പ്രത്യാശ

ക്രൈസ്തവവിശ്വാസ രഹസ്യങ്ങളിൽ കുരിശിനും പുനരുത്ഥാനത്തിനും അതുല്യമായ സ്ഥാനമുണ്ട്. കുരിശിൽ ക്രിസ്തു തന്റെ ജീവൻ മനുഷ്യരക്ഷയ്ക്കായി നൽകി. പാപത്തെയും മരണത്തെയും പരാജയപ്പെടുത്തി സ്നേഹവും, ക്ഷമയും, ത്യാഗവും എന്താണെന്ന് നമുക്ക് കാണിച്ചുതന്നു. കുരിശിൽ രക്ഷാകരപദ്ധതി അവസാനിച്ചെന്ന് യഹൂദർ ചിന്തിച്ചു. കുരിശിന്റെ കഥ അവിടെ അവസാനിച്ചില്ല. പുനരുത്ഥാനത്തോളം നീളുന്ന കുരിശിന്റെ ആഴങ്ങൾ നമ്മുടെ പ്രത്യാശയുടെ അടിത്തറയാണ്. ജീവിതത്തിലെ കഷ്ടപ്പാടുകളിലൂടെ കടന്നുപോകുന്ന ഏവർക്കും കുരിശ് ധൈര്യം നൽകുന്നു. ദൈവം നമ്മോടൊപ്പം ഉണ്ടെന്ന ഉറപ്പ് സഹനാനുഭവങ്ങളെ രക്ഷാകരമാക്കി സ്വീകരിക്കാൻ നമ്മെ സഹായിക്കും. കുരിശ് ത്യാഗത്തിന്റെ, സ്വയം ശൂന്യവൽക്കരണത്തിന്റെ വഴിയാണെങ്കിൽ പുനരുത്ഥാനം പ്രത്യാശയുടെ വിജയമാണ്.

www.malankaralibrary.com



'കുരിശ് ദൈവസ്നേഹത്തിന്റെ ആഅടയാളമാണ്.

ക്രിസ്തുവിന്റെ സ്നേഹം മരണത്തേക്കാൾ ശക്തവുമാണ്.


അതുകൊണ്ട് ക്രൈസ്തവന്റെ പ്രത്യാശ ഒരിക്കലും അവസാനിക്കുന്നില്ല.'

(ഫ്രാൻസിസ് മാർപ്പാപ്പ)

നമ്മുടെ ജീവിതത്തിൽ കുരിശും ഉയിർപ്പും തമ്മിൽ വേർതിരിക്കാനാവില്ല. ദുഃഖത്തിന് അപ്പുറം സന്തോഷവും, മരണത്തിന് അപ്പുറം ജീവനുമുണ്ടെന്ന് ഉയിർപ്പ് നമ്മെ പഠിപ്പിക്കുന്നു. അതൊരിക്കലും അനിശ്ചിത ഭാവിയെക്കുറിച്ചുള്ള ആഗ്രഹമല്ല, മറിച്ച് ക്രിസ്തുവിൽ ഉറച്ചുനിൽക്കുന്ന പ്രത്യാശയാണെന്ന് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ വ്യക്തമാക്കുന്നു.

നാം ധരിക്കുന്ന കുരിശുകൾ സ്നേഹത്തിന്റെ, ത്യാഗത്തിന്റെ, ക്ഷമയുടെ കരുതലിന്റെ, സേവനത്തിന്റെ, പ്രത്യാശയുടെ അടയാളമാകണം. കുരിശ് കഴുത്തിൽ ധരിക്കുന്നതിലും പ്രധാനമാണ് ആ കുരിശിന്റെ സ്നേഹം ജീവിക്കുന്നത്. കാൽവരിയും അതിലുയർത്തപ്പെട്ട കുരിശും പ്രത്യാശയുടെ വെളിച്ചങ്ങളാണ്. എങ്കിൽ നമ്മുടെ സഹനങ്ങളെ പ്രാർത്ഥനയാക്കാം, വേദനകളെ സ്നേഹമാക്കാം, ത്യാഗങ്ങളെ സേവനമാക്കാം, കണ്ണീരിനെ പ്രത്യാശയാക്കാം. ഇനി ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നതെന്ന് പറഞ്ഞ പൗലോസ് ശ്ലീഹായോടൊപ്പം കുരിശിന്റെ വഴിയേ നമുക്കു മുന്നേറാം.

ഉപകാരസ്മരണ



ഒരു വിശ്വാസി

www.malankaralibrary.com





റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

സാർവത്രിക സഭയിലെ വേദപാരംഗതർ
ബ്രണ്ടീസിയിലെ വി. ലോറൻസ്

ആമുഖം

ആഗോള സഭ പ്രതിസന്ധികൾ നേരിട്ട സമയങ്ങളിലൊക്കെ അതിനെ പ്രതിരോധിക്കുന്നതിനായി ദൈവം വിജ്ഞാനവും വിശുദ്ധിയും നിറഞ്ഞ നേതാക്കന്മാരെ സഭയ്ക്ക് നൽകിയിട്ടുണ്ട്. തന്റെ പ്രസംഗങ്ങളിലൂടെയും രചനകളിലൂടെയും മാതൃകാ ജീവിതത്തിലൂടെയും ഇത്തരത്തിൽ സഭയുടെ വിശ്വാസ പാരമ്പര്യത്തെ സമ്പന്നമാക്കിയ വിശുദ്ധനാണ് ബ്രണ്ടീസിയിലെ വി. ലോറൻസ്. അദ്ദേഹത്തിന്റെ ഭാഷാപ്രാവീണ്യവും, വിശുദ്ധ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള അറിവും, മരിയഭക്തിയുമെല്ലാം പതിനേഴാം നൂറ്റാണ്ടിലെ സഭയെ വലുതായ രീതിയിൽ പരിപോഷിപ്പിച്ചിട്ടുണ്ട്. യൂറോപ്പിലെ ക്രിസ്തീയ വിശ്വാസികളുടെ ഇടയിൽ രാഷ്ട്രീയമായും മതപരമായും വലിയ കലഹങ്ങൾ ഇക്കാലയളവിൽ പതിവായിരുന്നു. പ്രോട്ടസ്റ്റന്റ് നവീകരണത്തിന്റെ അനുരണനങ്ങളും ത്രെന്തോസ് സുന്നഹദോസിന് ശേഷമുള്ള കത്തോലിക്കാ സഭയിലെ മാറ്റങ്ങളും ഒട്ടോമൻ തുർക്കികളുടെ


www.malankaralibrary.com

സൈനിക ഭീഷണിയും യൂറോപ്പിലെ സഭയിൽ വലിയ വെല്ലുവിളികൾ സൃഷ്ടിച്ചു. ഈ പ്രതിസന്ധിഘട്ടത്തെ നേരിടാൻ ദൈവം ഉയർത്തിയ ശക്തനായ സന്യാസ വര്യനായിരുന്നു വി. ലോറൻസ്.

ഒരു ദൈവശാസ്ത്രജ്ഞൻ എന്നതുപോലെതന്നെ മിഷനറിയും സമാധാന ദൂതനും ഒരു നയതന്ത്രജ്ഞനുമായിരുന്നു അദ്ദേഹം. ലത്തീൻ, ഗ്രീക്ക്, ഹീബ്രു, ജർമ്മൻ, ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ ഭാഷകൾ അനായാസം കൈകാര്യം ചെയ്ത അദ്ദേഹം യൂറോപ്പിൽ മുഴുവൻ സ്വീകാര്യതയുള്ളവനായിരുന്നു. ഭൗതീക വിജ്ഞാനത്തിൽ ആശ്രയിക്കുന്നതിനേക്കാൾ വിശുദ്ധിയിൽ ജീവിക്കുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ. അങ്ങനെ ജീവിച്ചു തനിക്ക് ചുറ്റുമുള്ളവരെ മാനസാന്തരത്തിലേക്കു നയിക്കുന്നതിന് അദ്ദേഹം പരിശ്രമിച്ചു. ദൈവത്തെ ആഴത്തിൽ അറിയാനും സ്നേഹിക്കാനുമാണ് മനുഷ്യന് ബുദ്ധിയും ജ്ഞാനവും നൽകിയിരിക്കുന്നതെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഇക്കാരണത്താലാണ് സഭയിലെ വേദപാരംഗതരുടെ ഗണത്തിലേക്ക് വി. ലോറൻസിന്റെ ഉയർത്തിയ സമയത്ത് വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ അദ്ദേഹത്തെ "അപ്പോസ്തോലിക വേദപാരംഗതൻ" (*Doctor Apostolicus*) എന്ന് വിശേഷിപ്പിച്ചത്. വിജ്ഞാനവും വിശുദ്ധിയും ഒന്നിച്ചു ചേരുമ്പോൾ എത്രമാത്രം ദൈവമഹത്വം ഒരുവന് സംജാതമാക്കുവാൻ സാധിക്കുമെന്നതിന്റെ വലിയ മാതൃകയാണ് വി. ലോറൻസ്.

ജനനം, ബാല്യം, വിദ്യാഭ്യാസം

1559 ജൂലൈ 22-ന് തെക്കൻ ഇറ്റലിയിലെ അഡ്രിയാറ്റിക്ക് സമുദ്ര തീരത്തുള്ള ബ്രിൻഡീസി നഗരത്തിലാണ് ലോറൻസ് ജനിച്ചത്. ആപ്പിയൻ വഴിയുള്ള ഈ നഗരം പ്രസിദ്ധ ലത്തീൻ കവിയായ വെർജിൽ അന്തരിച്ച സ്ഥലമെന്ന നിലയിലും പ്രശസ്തമായിരുന്നു. വി. ലോറസിന്റെ മാമോദീസാ പേര് ജൂലിയോ ചേസറേ റൂസ്സോ എന്നായിരുന്നു. ജൂലിയോയും, ചേസറേയും നീറോ ചക്രവർത്തിയുടെ



മതപീഡനകാലത്ത് രക്തസാക്ഷിത്വം വരിച്ച ക്രിസ്തീയ വിശ്വാസികൾ ആയിരുന്നു. വി. ലോറൻസിന്റെ മാതാപിതാക്കളായ ജൂലിയെൽമോ (വില്യം) റൂസ്സോയും എലിസബേത്ത മാസെല്ലയും ഉത്തമ കത്തോലിക്കാ വിശ്വാസികളും തന്റെ മകനെ ദൈവീക വഴിയിലൂടെ നയിക്കുന്നതിന് ശ്രദ്ധിച്ചവരും ആയിരുന്നു. വെനീസിൽ നിന്നും ഇവിടേക്ക് കുടിയേറിയ പ്രഭുകുടുംബത്തിലെ അംഗങ്ങളായിരുന്നു അവർ. ചെറുപ്പത്തിൽ തന്നെ ജൂലിയോ വലിയ ബുദ്ധിവൈഭവം പ്രകടിപ്പിക്കുകയും ആത്മീയ

www.malankaralibrary.com



കാര്യങ്ങളിൽ ശ്രദ്ധാലുവും ആയിരുന്നു. കാര്യങ്ങൾ പഠിക്കുവാനും അത് ഓർമ്മിച്ചെടുക്കുവാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് മറ്റുള്ളവരും ശ്രദ്ധിക്കാൻ തുടങ്ങി. അദ്ദേഹം ഒരു കുട്ടിയായിരിക്കുമ്പോൾ തന്നെ പിതാവും ഏതാനും വർഷങ്ങൾക്ക് ശേഷം മാതാവും മരിച്ചത് അദ്ദേഹത്തെ അനാഥനാക്കി. എന്നാൽ അദ്ദേഹത്തിന്റെ ബന്ധുക്കൾ ശ്രദ്ധാപൂർവ്വം ജൂലിയോയെ വളർത്തുകയും നല്ല വിദ്യാഭ്യാസം നൽകുകയും ചെയ്തു. ചെറുപ്പത്തിലെ അനാഥത്വം ദൈവത്തിൽ കൂടുതൽ ആശ്രയിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചു. കോൺവെഞ്ചുവൽ സന്യാസികൾ നടത്തിയ ബ്രൻഡീസിയിലെ സ്കൂളിൽ അദ്ദേഹം തന്റെ പ്രാഥമിക പഠനങ്ങൾ നടത്തി. അഞ്ചുവർഷം ഇവിടെ പഠിച്ചതിന് ശേഷമാണ് അദ്ദേഹം വെനീസിലേക്ക് പോകുന്നത്.

വി. ലോറൻസിന്റെ അമ്മാവൻ വെനീസിലെ വൈദികനായിരുന്നു. യൂറോപ്പിലെ ഇക്കാലത്തെ പ്രസിദ്ധ നഗരങ്ങളിലൊന്നായ വെനീസിൽ അമ്മാവനോടൊത്ത് വസിച്ചുകൊണ്ട് പഠനം നടത്തിയത് ലോറൻസിന്റെ ബൗദ്ധിക മണ്ഡലത്തെ വികസിപ്പിക്കുന്നതിന് സഹായിച്ചു. അവിടെയും അദ്ദേഹം തന്റെ പഠനത്തിലും ദൈവീക കാര്യങ്ങളിലും വളരെ ശ്രദ്ധയോടെ ഇടപെടുകയും എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്തു. ഇക്കാലയളവിൽ വെനീസിലെ പഠനം ഭൗതീകമാക്കി വലിയ സ്ഥാനങ്ങൾ നേടുന്നതിന് സഹായകരമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ ആത്മീയ ഉന്നതി പ്രാപിക്കുന്നതിലായിരുന്നു. അവിടെയുണ്ടായിരുന്ന ഫ്രാൻസിസ്ക്കൻ കപ്യൂച്യൻ വൈദികരുടെ ജീവിതശൈലി അദ്ദേഹത്തെ വളരെയധികം ആകർഷിച്ചു. അവരുടെ ലളിതജീവിതം, ദാരിദ്ര്യം, ദൈവീക തീക്ഷ്ണത, സുവിശേഷ വിശ്വസ്തത എന്നിവയിൽ അദ്ദേഹം വളരെയധികം ആകൃഷ്ടനായി.

കപ്യൂച്യൻ ആശ്രമ പ്രവേശനം

വെനീസ് നഗരത്തിൽ ആയിരുന്ന സമയത്ത് എല്ലാ ദിവസവും രാവിലെ അദ്ദേഹം അവിടുത്തെ ജെസ്വിട്ട് ദേവാലയത്തിലും വൈകുന്നേരം കപ്യൂച്യൻ ആശ്രമത്തിലും വിശുദ്ധ കുർബാനയിൽ സംബന്ധിച്ചിരുന്നു. ഈ ദേവാലയങ്ങളിലെ ബന്ധങ്ങളിൽ നിന്നാണ് അദ്ദേഹത്തിന്റെ ദൈവവിളി ചിറകുമുളച്ചത്. അങ്ങനെ 1575 ഫെബ്രുവരി 18-ന് പതിനാറാമത്തെവയസ്സിൽ ജൂലിയോ വെനീസിലെ കപ്യൂച്യൻ ആശ്രമത്തിൽ സന്യാസ പരിശീലനത്തിനായി ചേർന്നു. അവിടുത്തെ ആശ്രമ സുപ്പീരിയൻ തന്റെ പേര് അദ്ദേഹത്തിന് നൽകി. ഇത് രക്തസാക്ഷിയും റോമൻ സഭയിലെ ഡീക്കനുമായിരുന്ന വി. ലോറൻസിന്റേത് ആയിരുന്നു.


ഫ്രാൻസിസ്ക്കൻ കുടുംബത്തിലെ നാലാമത്തെ നവീകരിക്കപ്പെട്ട വിഭാഗമായിരുന്നു കപ്യൂച്യൻ. വി. ഫ്രാൻസിസിന്റെ ആദ്യകാല സന്യാസ ചൈതന്യം വിശ്വസ്തതയോടെ ജീവിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ദാരിദ്ര്യം, പ്രാർത്ഥന, ലളിത ജീവിതം, സുവിശേഷ പ്രഘോഷണം, പാവങ്ങളെ ശുശ്രൂഷിക്കുക എന്നീ പുണ്യങ്ങളെ അടിസ്ഥാനമാക്കി അവർ തങ്ങളുടെ ജീവിതം ദൈവത്തിന് സമർപ്പിച്ചു. ലോറൻസ് ഈ ജീവിതത്തെ വളരെയധികം ഇഷ്ടപ്പെടുകയും അവിടുത്തെ പഠനങ്ങളിൽ വലിയ മികവ് കാട്ടുകയും ചെയ്തു. അധികാരികൾ ഇവിടെയും അദ്ദേഹത്തിന്റെ ബുദ്ധിവൈഭവം വളരെ വേഗം തിരിച്ചറിഞ്ഞു. വിശുദ്ധ ഗ്രന്ഥം, ദൈവശാസ്ത്രം, തത്വശാസ്ത്രം, ഭാഷാപഠനം എന്നിവയിലെല്ലാം അദ്ദേഹം തന്റെ പ്രാഗത്ഭ്യം തെളിയിച്ചു. വിശുദ്ധ


www.malankaralibrary.com

ഗ്രന്ഥ പഠനത്തിന് ലോറൻസിന് പ്രത്യേക താത്പര്യം ഉണ്ടായിരുന്നു. ഗ്രീക്ക്, ഹീബ്രു ഭാഷകളും ഇക്കാലയളവിൽ അദ്ദേഹം പഠിച്ചു. ഈ പഠനങ്ങൾ പിന്നീട് അദ്ദേഹത്തിന് വലിയ സഹായമായി ഭവിച്ചു. 1582-ലാണ് അദ്ദേഹം ഒരു സന്യാസ വൈദികനായി അഭിഷിക്തനായത്.

തീക്ഷ്ണമതിയായ സുവിശേഷ പ്രഘോഷകൻ

വി. ലോറൻസ് ഒരു ഡീക്കൻ ആയിരുന്ന സമയത്ത് വെനീസിലെ പ്രസിദ്ധമായ സാൻ ജൊവാന്നി ദേവാലയത്തിൽ നോമ്പുകാല ധ്യാനം നടത്താൻ നിയോഗിക്കപ്പെടുന്നു. ഈ പ്രസംഗങ്ങൾ കേൾക്കാൻ നിരവധി ആളുകൾ എത്തുകയും അത് അദ്ദേഹത്തെ അനേകർ അറിയാൻ ഇടയാക്കുകയും ചെയ്തു. സമൂഹസ്ഥാപകനായ വി. ഫ്രാൻസിസ്






അസ്സീസിയുടെ മാതൃക പിന്തുടർന്ന് ഒരു ഡീക്കനായി തുടരാൻ അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ അധികാരികളുടെ നിർബന്ധത്തിന് വഴങ്ങി 1582 ഡിസംബർ 18-ന് അദ്ദേഹം വൈദികനായി അഭിഷിക്തനായി. വെനീസിലെ സ്കൂളിൽ ദൈവശാസ്ത്ര അധ്യാപകനായിട്ടായിരുന്നു അദ്ദേഹത്തിന്റെ ആദ്യ നിയമനം. ഇക്കാലയളവിൽതന്നെ ചെറുപ്പക്കാരായ കപ്യൂച്യൻ സന്യാസിമാരുടെ ആത്മീയ ഉപദേശകനായും അദ്ദേഹം സേവനം ചെയ്തു.

വൈദിക ശുശ്രൂഷയുടെ ആരംഭ ഘട്ടത്തിൽതന്നെ അക്കാലഘട്ടത്തിലെ ഏറ്റം പ്രഗത്ഭനായ സുവിശേഷ പ്രഘോഷകൻ എന്ന ഖ്യാതി ലോറൻസ് നേടിയെടുത്തു. അദ്ദേഹത്തെ ശ്രവിക്കാനായ് ദൂരസ്ഥലങ്ങളിൽ നിന്നുപോലും ആളുകൾ എത്തിയിരുന്നു. വലിയ ദൈവശാസ്ത്ര സത്യങ്ങൾ ലളിതമായി അവതരിപ്പിക്കാൻ അദ്ദേഹത്തിന് പ്രത്യേക കഴിവുണ്ടായിരുന്നു. പണ്ഡിതർ അദ്ദേഹത്തിന്റെ അറിവിൽ അതിശയിച്ചപ്പോൾ സാധാരണക്കാർ ലോറൻസിന്റെ ലാളിത്യത്തെ പ്രശംസിച്ചു. വി. ഗ്രന്ഥത്തിൽ അധിഷ്ഠിതമായ പ്രസംഗങ്ങൾ അനേകരെ മനസാന്തരത്തിലേക്കും ജീവിത നവീകരണത്തിലേക്കും നയിച്ചു. സുവിശേഷ പ്രഘോ

www.malankaralibrary.com



ഷണം ആധികാരികമാവുന്നത് മാനുഷിക ബുദ്ധിയിൽ ആശ്രയിച്ചു ചെയ്യുന്നതിനേക്കാൾ ദൈവ വചനത്തിൽ ആശ്രയിച്ചു നടത്തുമ്പോഴാണ് എന്ന് ലോറൻസ് തെളിയിച്ചു.

വി. ലോറൻസിന്റെ പ്രസംഗങ്ങളിലെ ആത്മീയ ഉത്കൃഷ്ടത ശ്രോതാക്കൾ വളരെ വേഗം തിരിച്ചറിഞ്ഞു. അനേകം മാനസാന്തരങ്ങൾ കൂടാതെ ചെറുപ്പക്കാരായ നിരവധി യുവതീ-യുവാക്കൾ തങ്ങളുടെ ജീവിതം സ്വർഗ്ഗരാജ്യത്തിനുവേണ്ടി സമർപ്പിക്കാൻ തയ്യാറായി മുന്നോട്ട് വന്നു. സുവിശേഷ പ്രഘോഷകൻ പ്രാർത്ഥനയുടെ മനുഷ്യൻ ആയിരിക്കണമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. തന്റെ വിശുദ്ധ ജീവിതത്തിൽ നിന്നും ലഭിക്കുന്ന ആധികാരികതയോടെ ആയിരിക്കണം താൻ സുവിശേഷം പ്രസംഗിക്കേണ്ടത് എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. വി. ലോറൻസ് താൻ സുവിശേഷ പ്രസംഗം നടത്തുന്നതിന് മുൻപായി അനേകം മണിക്കൂറുകൾ പ്രാർത്ഥനയ്ക്കായ് ചിലവഴിച്ചിരുന്നു. എല്ലാ സുവിശേഷ പ്രഘോഷണവും ക്രിസ്തു തന്റെ ജനത്തോട് സംസാരിക്കുന്നതായി മാറണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു.

സത്യവിശ്വാസ പ്രഘോഷകൻ

പതിനാറാം നൂറ്റാണ്ടിൽ യൂറോപ്പിലുടനീളം നിരവധി മതപരമായ വിവാദങ്ങൾ ഉടലെടുത്തു. പ്രോട്ടസ്റ്റന്റ് നവോത്ഥാന പ്രസ്ഥാനങ്ങൾ കത്തോലിക്കാ വിശ്വാസത്തിന്റെ നിരവധി പ്രമാണങ്ങളെയും ആചാരങ്ങളെയും ചോദ്യം ചെയ്തു. യൂറോപ്പിൽ എല്ലായിടത്തും നിരവധി ദൈവശാസ്ത്ര ചർച്ചകൾ സജീവമായി നടന്നു. കത്തോലിക്കാ വിശ്വാസത്തെ പ്രതിരോധിക്കുന്നവരുടെ മുൻപന്തിയിൽ വി. ലോറൻസ് ഇക്കാലയളവിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന് വി. ഗ്രന്ഥത്തിലുണ്ടായിരുന്ന അഗാധമായ പാണ്ഡിത്യം പ്രോട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞരോട് വിശ്വാസ്യതയോടും കൃത്യതയോടെയും ചർച്ചകളിൽ ഏർപ്പെടുന്നതിന് ലോറൻസിനെ സഹായിച്ചു. നിരവധി പൊതു ചർച്ചകളിലും സംവാദങ്ങളിലും അദ്ദേഹം സംബന്ധിക്കുകയും സഭയുടെ നിലപാടുകൾ അവതരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ലക്ഷ്യം സംവാദങ്ങളിൽ വിജയിക്കുക എന്നതിനേക്കാൾ വിശ്വാസികളെ സത്യത്തിന്റെ പാതയിൽ നയിക്കുക എന്നതായിരുന്നു. ലോറൻസിനെ കണ്ടുമുട്ടിയവർക്കെല്ലാം അദ്ദേഹത്തിന്റെ ആത്മാർത്ഥതയിലും അറിവിലും വലിയ ബഹുമാനം തോന്നിയിരുന്നു. സത്യവിശ്വാസ സംരക്ഷണം പോലെതന്നെ പ്രധാനപ്പെട്ടതാണ് ഇവയിലെല്ലാം ക്രിസ്തുസ്നേഹം നിഴലിച്ചു നിൽക്കേണ്ടത് എന്നത് അദ്ദേഹത്തിന്റെ പ്രമാണമായിരുന്നു. ട്രെന്തോസ് സുന്നഹദോസിന് ശേഷം സഭയിൽ നടന്ന നവീകരണ പ്രവർത്തനങ്ങൾക്ക് ലോറൻസിന്റെ നേതൃത്വം വലുതായിരുന്നു. തന്റെ സുവിശേഷ പ്രഘോഷണം, പ്രബോധനങ്ങൾ, മാതൃക, എന്നിവയിലൂടെയെല്ലാം യൂറോപ്പിലെ കത്തോലിക്കാ സഭാസമൂഹങ്ങളെ ശക്തിപ്പെടു

www.malankaralibrary.com

ത്തുന്നതിൽ വി. ലോറൻസ് വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

കപ്പൂച്യൻ മിനിസ്റ്റർ ജനറൽ


വി. ലോറൻസിന്റെ കഴിവുകൾ അധികാരികൾ വളരെ വേഗം തിരിച്ചറിഞ്ഞു. കപ്പൂച്യൻ സന്യാസ സഭയുടെ നോവിസ് മാസ്റ്റർ, പ്രൊവിൻഷ്യൽ സുപ്പീരിയർ എന്നീ നിലകളിൽ അദ്ദേഹം സേവനം ചെയ്തു. ടസ്ക്കണിയിലെ പ്രൊവിൻഷ്യലായി തിരഞ്ഞെടുക്കപ്പെടുമ്പോൾ അദ്ദേഹത്തിന് മുപ്പത് വയസ്സ് പ്രായമായിരുന്നു. പിന്നീട് 1594 മുതൽ 1597 വരെയുള്ള കാലയളവിൽ അദ്ദേഹം വെനീസ് പ്രോവിൻസിന്റെ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. ഈ മേഖലയിൽ അദ്ദേഹം അസാധാരണ കഴിവുകൾ തെളിയിച്ചതുകൊണ്ടാണ് ലോറൻസിനെ സമൂഹത്തിന്റെ മിനിസ്റ്റർ ജനറൽ ആയി തിരഞ്ഞെടുത്തത്. ഇത് വളരെയധികം ഭരണ പരിചയവും ആത്മീയ വിജ്ഞാനവും വേണ്ടുന്ന മേഖല ആയിരുന്നു. 1602 മുതൽ 1605 വരെ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കപ്പൂച്യൻ സഭ വളരെ വേഗം വളരുകയും പുതിയതായി അനേകം യുവജനങ്ങൾ ഈ സഭയിൽ ചേരുകയും ചെയ്തു. ഫ്രാൻസിസ്ക്കൻ ചൈതന്യം അതിന്റെ പൂർണ്ണതയിൽ ജീവിക്കുന്നതിനു അദ്ദേഹം തന്റെ സമൂഹാഗംങ്ങളെ ഒരുക്കി. യൂറോപ്പിലുടനീളം അദ്ദേഹം സഞ്ചരിച്ചു സന്യാസ സമൂഹത്തിന്റെ വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തി. വി. ഫ്രാൻസിസിന്റെ ഉപദേശം യാത്രക്ക് കുതിരളെയും മറ്റും ഉപയോഗിക്കരുതെന്നായിരുന്നു. കാൽനടയായി ഫ്രാൻസ്, സ്വിറ്റ്സർലന്റ്, ബെൽജിയം, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിലെ ആശ്രമങ്ങൾ അദ്ദേഹം സന്ദർശിച്ചു. വളരെയധികം ത്യാഗവും സമർപ്പണവും ആവശ്യപ്പെടുന്ന ഇത്തരം കാര്യങ്ങൾ അദ്ദേഹം മാതൃകാപരമായി നിറവേറ്റി. വലിയ ഉത്തരവാദിത്വങ്ങൾ ഉണ്ടായിരുന്നപ്പോഴും തന്റെ ആത്മീയ ഉത്തരവാദിത്വങ്ങൾക്കോ പ്രാർത്ഥനാ ജീവിതത്തിനോ അദ്ദേഹം യാതൊരു കുറവും വരുത്തിയില്ല. അദ്ദേഹത്തെ അടുത്തറിഞ്ഞിരുന്നവരെല്ലാം സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് പ്രാർത്ഥന അദ്ദേഹത്തിന്റെ ജീവിതത്തിന്റെ കേന്ദ്രവും അടിസ്ഥാനവുമായി ഇപ്പോഴും നിലനിന്നിരുന്നു എന്നാണ്.



മിഷണറി, നയതന്ത്രജ്ഞൻ, സമാധാനദൂതൻ

ഒരു ബഹുമുഖ പ്രതിഭ ആയിരുന്ന വി. ലോറൻസിന്റെ ജീവിതത്തിന്റെ പ്രധാന പ്രത്യേകതകളിൽ ഒന്ന് അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തന മേഖലകളെയും ആഴമായ ആത്മീയ ചൈതന്യത്തിന്റെ വെളിച്ചത്തിൽ പരിവർത്തനപ്പെടുത്താൻ സാധിച്ചിരുന്നു എന്നാണ്. സഭ വെല്ലുവിളികൾ നിറഞ്ഞ പല ദൗത്യങ്ങളും അദ്ദേഹത്തെ ഭരമേല്പിച്ചിരുന്നു. എന്നാൽ അവയൊക്കെ ബുദ്ധിപരമായും, ധൈര്യത്തോടും, രാഷ്ട്ര തന്ത്രജ്ഞതയോടും, അചഞ്ചല വിശ്വാസത്തോടും അദ്ദേഹം കൈകാര്യം ചെയ്തു. യൂറോപ്പിൽ മതപരമായ വലിയ പ്രശ്നങ്ങളും പ്രതിസന്ധികളും നേരിട്ട ഒരു സമയമായിരുന്നു ഇത്. സഭയ്ക്ക് വിശ്വസ്തരായ പ്രതിനിധികളെ ആവശ്യമായിരുന്ന ഒരു കാലഘട്ടമായിരുന്നു

www.malankaralibrary.com



ഇത്. എല്ലാവർക്കും സ്വീകാര്യനായ ഒരു വ്യക്തിയായി ഈ സമയത്ത് വി. ലോറൻസ് കാണപ്പെട്ടു. അദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയും, ബുദ്ധിവൈഭവും, സ്വഭാവ മഹിമയും എല്ലാവരുടെയും പ്രശംസ പിടിച്ചു പറ്റി. സഭാധികാരികളും രാജാക്കന്മാരുൾപ്പെടെയുള്ള ഭരണാധികാരികളും മാത്രമല്ല സാധാരണക്കാർ പോലും അദ്ദേഹത്തെ വളരെയധികം ബഹുമാനിച്ചിരുന്നു. പ്രശ്നപരിഹാരത്തിനായ് എല്ലാവരും ലോറൻസിനെ ആശ്രയിക്കുന്ന അവസ്ഥ ഉണ്ടായി.

നിരവധി തവണ അദ്ദേഹം മാർപാപ്പയുടെ പ്രതിനിധിയായി യൂറോപ്പിലെ വിവിധ രാജ്യങ്ങളിലേക്ക് അയക്കപ്പെട്ടിട്ടുണ്ട്. ജർമ്മനി, ഓസ്ട്രിയ, സ്പെയിൻ, പോർച്ചുഗൽ തുടങ്ങിയ രാജ്യങ്ങൾ അദ്ദേഹം അങ്ങനെ സന്ദർശിക്കുകയും ചക്രവർത്തിമാരും രാജാക്കന്മാരുമായി സമാധാനത്തിനും നീതിക്കുമായി സംഭാഷണങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ ഇക്കാര്യങ്ങളിൽ ഒന്നും അദ്ദേഹം തന്റെ വ്യക്തിപരമായ നേട്ടത്തിനുവേണ്ടിയോ രാഷ്ട്രീയ സ്വാധീനത്തിന് വേണ്ടിയോ ശ്രമിച്ചില്ല. ഇവരുടെ സന്നിധിയിൽ ആഗതനായപ്പോഴും അദ്ദേഹം ഒരു കപ്പൂച്യൻ സന്യാസിയുടെ എളിയ വേഷത്തിൽ ആയിരുന്നു. അദ്ദേഹത്തിന്റെ പ്രഥമ പരിഗണന ദൈവത്തെയും സഭയെയും സേവിക്കുക എന്നതായിരുന്നു. ക്രിസ്തീയ ഭരണാധികാരികൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചു സൗഹൃദത്തിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനായി ഇക്കാലയളവിൽ അദ്ദേഹം വലിയ സംഭാവനകൾ നൽകി. മിക്കപ്പോഴും അവർ തങ്ങളുടെ വ്യക്തി താത്പര്യങ്ങൾക്കും രാഷ്ട്രീയ താത്പര്യങ്ങൾക്കും മാത്രമാണ് മുൻഗണന നൽകിയിരുന്നത്. അവരുടെ ഇടയിലെ തർക്കം പൊതുവായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പലപ്പോഴും തടസ്സമായി തീർന്നിട്ടുണ്ട്. വി. ലോറൻസ് അധികാരികളോട് ഐക്യം, സഹകരണം, ക്രിസ്തീയ ആദർശങ്ങളോടുള്ള വിശ്വസ്തത എന്നിവയിൽ നിലനിൽക്കാൻ ആവശ്യപ്പെട്ടു. ഈ ദൗത്യങ്ങൾ അദ്ദേഹം ക്ഷമയോടെയും വിശ്വസ്തതയോടെയുമാണ് നിർവഹിച്ചത്. സമാധാനം കൈവരുത്താൻ വേണ്ടി പരിശ്രമിക്കുന്നത് ക്രിസ്തീയ ജീവിതത്തിന്റെ ഭാഗമാണ് എന്ന ചിന്തയോടുകൂടിയാണ് അദ്ദേഹം പ്രവർത്തിച്ചത്.

ഓട്ടോമൻ ആക്രമണം

വി. ലോറൻസിന്റെ ജീവിതത്തിലെ ഏറ്റം നാടകീയ സംഭവങ്ങളിൽ ഒന്നായിരുന്നു ക്രിസ്തീയ യൂറോപ്പും ഓട്ടോമൻ സാമ്രാജ്യവുമായുള്ള യുദ്ധത്തിന് സാക്ഷിയാകേണ്ടിവന്നത്. പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഓട്ടോമൻ സാമ്രാജ്യം യൂറോപ്പിനെ നിരവധി ക്രിസ്തീയ രാജ്യങ്ങൾക്ക് ഭീഷണി ഉയർത്തി. മധ്യയൂറോപ്പിലെ മിക്ക രാജ്യങ്ങളും ഇവരുടെ അക്രമം ഭയന്നാണ് കഴിഞ്ഞിരുന്നത്. അതിനാൽ ഒരുമിച്ചു നിന്ന് ഈ ആക്രമണങ്ങളെ നേരിടണമെന്ന് അവർ തീരുമാനിച്ചു. 1601-ൽ റുഡോൾഫ് രണ്ടാമൻ ചക്രവർത്തി വി. ലോറൻസിന്റെ സഹായം ഇക്കാര്യത്തിൽ അഭ്യർത്ഥിച്ചു. അദ്ദേഹം ചക്രവർത്തിയുടെ

www.malankaralibrary.com



സൈന്യത്തിന്റെ ചാപ്ലിൻ ആയി ഹങ്കറിയിൽ പോവുകയും അവരെ സഹായിക്കുകയും ചെയ്തു. ഇവിടെ അദ്ദേഹം സൈന്യത്തിന്റെ ആത്മീയ സേവനം മാത്രമാണ് നിർവഹിച്ചിരുന്നത്. അവർക്കുവേണ്ടി കുർബാന ചൊല്ലുകയും അവരുടെ കുമ്പസാരം കേൾക്കുകയും പ്രയാസത്തിൽ ആയിരുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്തു. ഹങ്കറിയിലെ ഷ്റ്റുൾവൈസൻബെർഗ് യുദ്ധത്തിൽ ക്രിസ്തീയ സൈന്യത്തേക്കാൾ വലുതായിരുന്നു ഓട്ടോമൻ സൈന്യം. ഇത് അവരിൽ മിക്കവരിലും വലിയ ഭീതി ഉളവാക്കിയിരുന്നു.

ഒരു പാരമ്പര്യം പറയുന്നത് സൈനികർക്ക് ധൈര്യം പകരുന്നതിനായി വി. ലോറൻസ് കുരിശും വഹിച്ചുകൊണ്ട് അവരുടെ മുൻപിലായി മുന്നോട്ട് നീങ്ങി എന്നാണ്. അദ്ദേഹത്തിന്റെ ധൈര്യം സൈനികരെ പ്പോലും പ്രചോദിപ്പിക്കുകയും തങ്ങളുടെ ജോലി ആത്മാർത്ഥതയോടെ നിറവേറ്റാൻ സഹായിക്കുകയും ചെയ്തു. അദ്ദേഹം സൈനികരെ ആത്മീയമായി ശുശ്രൂഷിച്ചു കൊണ്ട് അവരുടെ കൂടെ കഴിയുകയും അവരെ പ്രചോദിപ്പിക്കുകയും ചെയ്തു. ഈ യുദ്ധത്തിൽ ക്രിസ്തീയ സൈന്യം വിജയിക്കുകയും അതിന്റെ കാരണക്കാരനായി അവർ വി. ലോറൻസിനെ ഉയർത്തിക്കാട്ടുകയും ചെയ്തു. ലോറൻസ് ഒരിക്കലും യുദ്ധത്തെ മഹത്വവത്ക്കരിച്ചില്ല. മറ്റുള്ളവരെ സഹായിക്കാനും അവരുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനും അദ്ദേഹം എപ്പോഴും സന്നദ്ധനായിരുന്നു. ദൈവത്തിലുള്ള വിശ്വാസവും പ്രത്യാശയും ഒരിക്കലും കൈവിടരുതെന്നു അദ്ദേഹം സൈനികരെ നിരന്തരം ഉപദേശിച്ചിരുന്നു. സൈന്യത്തിന്റെ മുൻപിലായി കുരിശു പിടിച്ചുകൊണ്ട് നിൽക്കുന്ന അദ്ദേഹത്തിന്റെ ചിത്രം വളരെ പ്രശസ്തമാണ്. ക്രിസ്തുവിന്റെ കുരിശ് ലോകത്തിലെ എല്ലാ അധികാരസ്ഥാനങ്ങളെക്കാൾ വലുതാണെന്ന സന്ദേശവും അതിൽ അടങ്ങിയിട്ടുണ്ട്.

ദൈവവചന സ്നേഹം

വി. ലോറൻസിനുണ്ടായിരുന്ന ഗുണങ്ങളിൽ ഏറ്റം എടുത്തുപറയേണ്ടതായിട്ടുള്ളത് വി. ഗ്രന്ഥത്തോടുള്ള അദ്ദേഹത്തിന്റെ സ്നേഹമാണ്. ബൈബിളായിരുന്നു അദ്ദേഹത്തിന്റെ ബൗദ്ധിക-ആധ്യാത്മിക പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദു. നിരന്തരം അത് വായിക്കുകയും, പഠിക്കുകയും, ധ്യാനിക്കുകയും, അതിനെ അടിസ്ഥാനപ്പെടുത്തി തന്റെ പ്രബോധനങ്ങൾ അദ്ദേഹം രൂപപ്പെടുത്തുകയും ചെയ്തു. വി. ഗ്രന്ഥം വായിക്കാനും പഠിക്കാനും തന്റെ സഹ സന്യാസിമാരെ അദ്ദേഹം പ്രേരിപ്പിക്കുകയും ചെയ്തു. ലോറൻസ് വി. ഗ്രന്ഥത്തിലുള്ള തന്റെ ആഴമായ അറിവ് മറ്റു മേഖലകളിൽ ഉപയോഗിച്ചു. ബൈബിളിലെ ധാരാളം വചനങ്ങൾ മനഃപാഠമാക്കി തന്റെ പ്രസംഗങ്ങളിലും ക്ളാസ്സു

www.malankaralibrary.com



കളിലും അത് ധാരാളമായി ഉപയോഗിച്ചിരുന്നു.

ബൈബിൾ ഭാഷകളിൽ അദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യം യഹൂദ പണ്ഡിതന്മാരെപ്പോലും അതിശയിപ്പിക്കുന്നതായിരുന്നു. ഇത് പഴയ നിയമ ഗ്രന്ഥങ്ങളെ അത് എഴുതപ്പെട്ട ഭാഷകളിൽ വായിക്കുന്നതിനും പഠിക്കുന്നതിനും അദ്ദേഹത്തെ സഹായിച്ചു. വി. ലോറൻസിനെ സംബന്ധിച്ച് ബൈബിൽ എന്ന് പറയുന്നത് ഒരു ചരിത്രവിവരണമോ, പഠനോപാധിയോ മാത്രമല്ല, അത് ദൈവത്തിന്റെ ജീവനുള്ള വചനമാണ്. അതിലുള്ള ഓരോ വാചകവും ക്രിസ്തുവിലേക്കാണ് വായനക്കാരനെ നയിക്കുന്നത്. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ഈ ദർശനം വെളിപ്പെടുത്തുന്നതായിരുന്നു. പുതിയനിയമത്തിലും പഴയനിയമത്തിലും ക്രിസ്തുവിലൂടെ ദൈവം കൈവരിച്ച രക്ഷാകര ദൗത്യത്തിന്റെ വെളിപ്പെടുത്തലാണ് കാണാൻ സാധിക്കുന്നത് എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഇന്നും അദ്ദേഹത്തിന്റെ രചനകൾ ക്രിസ്തീയ വിശ്വാസികളെ ദൈവവചനത്തോടുള്ള സ്നേഹം വളർത്താൻ സഹായിക്കുന്നു.

മരിയ ഭക്തി

ഫ്രാൻസിസ്ക്കൻ സഭയിലെ പേരുകേട്ട പല വിശുദ്ധന്മാരെപ്പോലെ വി. ലോറൻസും വലിയ മരിയഭക്തൻ ആയിരുന്നു. അദ്ദേഹത്തിന്റെ മരിയഭക്തി കേവലം വൈകാരികമായ തലത്തിൽ മാത്രമായിരുന്നില്ല, വി. ഗ്രന്ഥത്തിലും ദൈവശാസ്ത്രത്തിലും, വ്യക്തിപരമായ പ്രാർത്ഥനയിലും അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. ക്രിസ്തുവിന്റെ പൂർണതയുള്ള ശിഷ്യയും എല്ലാ വിശ്വാസികൾക്കും മാതൃകയുമായിട്ടാണ് മറിയത്തെ അദ്ദേഹം കണ്ടത്. ലോറൻസ് തന്റെ പ്രസംഗങ്ങളിലെല്ലാം മറിയത്തിന്റെ ക്രിസ്തുവുമായിട്ടുള്ള ബന്ധവും ദൈവത്തിന്റെ മനുഷ്യ രക്ഷയിലുള്ള അവളുടെ വലിയ പങ്കും എപ്പോഴും എടുത്തുപറഞ്ഞിരുന്നു.

ചില മരിയൻ പ്രബോധനങ്ങൾ സഭ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതിന് മുൻപ് തന്നെ വി. ലോറൻസിന്റെ വിചിന്തനത്തിന്റെ വിഷയമായിരുന്നു. മറിയത്തിന്റെ വിശുദ്ധിയും മഹത്വവും യേശുവിന്റെ ജീവിതവുമായി ബന്ധപ്പെടുത്തി അദ്ദേഹം മനസ്സിലാക്കുകയും വിശദീകരിക്കുകയും ചെയ്തു. മംഗളവാർത്ത, മനുഷ്യാവതാരം, ദൈവമാതാവ് തുടങ്ങിയ വിഷയങ്ങൾ അദ്ദേഹം തന്റെ പ്രസംഗങ്ങളുടെ വിഷയമാക്കിയിരുന്നു. ശരിയായ മരിയ ഭക്തി വിശ്വാസിയെ യേശുവിനോട് അടുപ്പിക്കുകയാണ് ചെയ്യുന്നതെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. മറിയത്തിന്റെ ജീവിത സുകൃതങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തണമെന്ന് അദ്ദേഹം വിശ്വാസികളെ ഉത്ബോധിപ്പിച്ചു. ഈ ഭക്തി വിശുദ്ധിയിൽ വളരാൻ നമ്മെ സഹായിക്കുകയും യേശുവിനോട് കൂടുതൽ അടുപ്പിക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ മരിയൻ ദൈവശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തി പിന്നീട് വന്ന പല ദൈവശാസ്ത്രജ്ഞന്മാരും കൃതികൾ രചിച്ചിട്ടുണ്ട്. തന്റെ

www.malankaralibrary.com

തിരക്കേറിയ ജീവിതത്തിനിടയിലും മരിയ ഭക്തി വളർത്തുന്ന ഭക്ത കൃത്യങ്ങൾ അദ്ദേഹം ദിവസവും നടത്തിയിരുന്നു.

ദൈവശാസ്ത്ര-ആത്മീയ കൃതികൾ

ഒരു സുവിശേഷ പ്രഘോഷകനും മിഷനറിയും ആയിരുന്നുവെങ്കിലും അദ്ദേഹം ധാരാളം രചനകളും നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ രചനകളിൽ പ്രസംഗങ്ങൾ, ബൈബിൾ വ്യാഖ്യാനങ്ങൾ, ദൈവശാസ്ത്ര വിശകലനങ്ങൾ, ആത്മീയ ഉപദേശങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്നു. ഇത് ധാരാളം വാല്യങ്ങൾ ഉള്ളതും അദ്ദേഹത്തിന്റെ ചിന്തയുടെ ആഴം വെളിപ്പെടുത്തുന്നതുമാണ്. അദ്ദേഹത്തിന്റെ രചനകൾ വിശ്വാസം വളർത്തുക എന്ന ലക്ഷ്യത്തോടെ എഴുതിയിരിക്കുന്നതാണ്. അത് അദ്ദേഹത്തിന്റെ അജപാലന അനുഭവത്തിൽ നിന്നും രൂപം കൊണ്ടതുമാണ്. സത്യവിശ്വാസം സംരക്ഷിക്കുക, സഭയുടെ പ്രമാണങ്ങൾ സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ പറഞ്ഞു കൊടുക്കുക, വിശുദ്ധരായി ജീവിക്കാൻ വിശ്വാസികളെ സഹായിക്കുക തുടങ്ങിയ തന്റെ രചനയിലൂടെ ലോറൻസ് കൈവരിച്ചിരുന്നു. സങ്കീർണ്ണമായ ദൈവശാസ്ത്ര സത്യങ്ങൾ തെളിമയോടെ അവതരിപ്പിക്കുകയും അതേ സമയം വായനക്കാരെ മാനസാന്തരത്തിലേക്കു നയിക്കുകയും ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിക്കാൻ ഒരുക്കുകയും ആയിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

ബൈബിൾ വ്യാഖ്യാനം, ദൈവശാസ്ത്രം, ആരാധനാക്രമ വിശദീകരണങ്ങൾ, പ്രസംഗങ്ങൾ തുടങ്ങിയ മേഖലകളിൽ അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഈ കൃതികൾ എല്ലാം തന്നെ എഴുതിയിരിക്കുന്നത് ലത്തീൻ ഭാഷയിലാണ്. എന്നാൽ വിശുദ്ധ ഗ്രന്ഥപഠനത്തിന് അദ്ദേഹം ഹീബ്രു, ഗ്രീക്ക് ഭാഷകളും ഉപയോഗപ്പെടുത്തിയിരുന്നു. ദൈവശാസ്ത്രം രൂപപ്പെടുത്തുന്നതിന് ഭാഷയ്ക്ക് വലിയ പ്രാധാന്യം ഉണ്ടെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. സഭാപിതാക്കന്മാർ, സ്കൊളാസ്റ്റിക് ദൈവശാസ്ത്രം, യഹൂദ പണ്ഡിതന്മാരുടെ ബൈബിൾ വ്യാഖ്യാനം, എന്നിവയെല്ലാം തന്റെ പഠനത്തിനായി അദ്ദേഹം ആശ്രയിച്ചിരുന്നു. വി. ലോറൻസിന്റേതായി എണ്ണൂറോളം പ്രസംഗങ്ങൾ നമുക്ക് ലഭ്യമായിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിൽ ഈ കൃതികളെല്ലാം പ്രസിദ്ധീകരിക്കപ്പെട്ടത് വിശുദ്ധ ഗ്രന്ഥ പഠനത്തിന് പല പണ്ഡിതന്മാരെയും സഹായിച്ചിട്ടുണ്ട്.

വി. ലോറൻസിന്റെ ഏറ്റവും പ്രസിദ്ധമായ കൃതി പരിശുദ്ധ അമ്മയെക്കുറിച്ചുള്ള എൺപത്തിനാല് പ്രസംഗങ്ങളുടെ സമാഹാരമായ "മരിയാലെ" ആണ്. മറിയവുമായി ബന്ധപ്പെട്ട വേദഭാഗങ്ങൾ വിശദീകരിച്ചിരിക്കുന്ന പ്രസംഗങ്ങളാണ് ഇവ. മറിയത്തിന്റെ ദൈവമാതൃത്വം, വിശുദ്ധി, ദൈവ ബന്ധം, മനുഷ്യാവതാരത്തിലുള്ള പങ്കാളിത്തം, വിശുദ്ധരുടെ ഇടയിലെ പ്രാമുഖ്യം എന്നിവയെക്കുറിച്ച് വി. ലോറൻസ് ഇവിടെ പ്രതിപാദിക്കുന്നു. യേശുക്രിസ്തുവിന്റെ രക്ഷാകര ദൗത്യത്തിൽ പങ്കുചേരുന്നതുവഴിയാണ് മറിയത്തിന് മറ്റാർക്കും ലഭിക്കാത്ത പ്രത്യേക അനുഗ്രഹങ്ങൾ നല്കപ്പെട്ടിരിക്കുന്നത്. 1854-ലാണ് മറിയത്തിന്റെ അമലോത്ഭവം വിശ്വാസസത്യമായി സഭ പ്രഖ്യാപിക്കുന്നത്. എന്നാൽ അതിന് വളരെ മുൻപേ തന്നെ വി.ലോറൻസ് ഇക്കാര്യങ്ങളെക്കുറിച്ചു ആധികാരികമായ് എഴുതിയിരിക്കുന്നു.

വി. ലോറൻസിന്റെ ബൈബിൾ വ്യാഖ്യാനവുമായി ബന്ധപ്പെട്ട പ്രധാന കൃതിയാണ് "ഉല്പത്തിപ്പുസ്തകത്തിന്റെ വിശദീകരണം" (*Explanatio in Genesim*). ബൈബിളിലെ ആദ്യ ഗ്രന്ഥമായ ഉല്പത്തിപ്പുസ്തകത്തെക്കുറിച്ചുള്ള ഒരു പഠനമാണിത്. ഹീബ്രു പദങ്ങളുടെ അർത്ഥവിശകലനം, പുരാതന വിവർത്തനങ്ങൾ, യഹൂദ റബ്ബിമാരുടെ വ്യാഖ്യാനങ്ങൾ, സഭാപിതാക്കന്മാരുടെ രചനകൾ, എന്നിവയെല്ലാം ഈ ഗ്രന്ഥരചനയ്ക്കായ് അദ്ദേഹം ഉപയോഗപ്പെടുത്തിയിരിക്കുന്നു. സൃഷ്ടി, മനുഷ്യവ്യക്തിയുടെ സ്വഭാവവും മഹത്വവും, ആദിപാപം, ദൈവത്തിന്റെ പരിപാലനം, ക്രൈസ്തവ വെളിപാടിന്റെ അടിസ്ഥാനങ്ങൾ എന്നിവ

www.malankaralibrary.com



യെല്ലാം ഈ ഗ്രന്ഥരചനയുടെ ഭാഗമായ് അദ്ദേഹം വിശദീകരിക്കുന്നു. തനിക്കുമുമ്പേയുള്ള ഈ മേഖലയിലെ ഗ്രന്ഥങ്ങൾ പഠനവിധേയമാക്കുമ്പോഴും വി. ലോറൻസ് തന്റേതായ ഒരു വ്യാഖ്യാന ശൈലിയാണ് ഈ ഗ്രന്ഥരചനയ്ക്കായ് തിരഞ്ഞെടുത്തിരിക്കുന്നത്. വി. ലോറൻസിനെ സഭയുടെ വേദപാരംഗതനായി പ്രഖ്യാപിച്ച അവസരത്തിൽ വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പ ഈ കൃതിയെ പ്രത്യേകം പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്.

''ലൂഥറനിസത്തിന്റെ ഒരു രൂപരേഖ'' (*Lutheranismi hypotyposis*) എന്ന വി. ലോറൻസിന്റെ കൃതി ചെറിയ രീതിയിലുള്ള വിവാദങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പ്രോട്ടസ്റ്റന്റ് സഭകൾക്ക് അടിസ്ഥാനമിട്ട മാർട്ടിൻ ലൂഥറിന്റെ ദൈവശാസ്ത്രത്തെ ഇവിടെ പഠനവിധേയമാക്കുന്നു. ലൂഥറിന്റെ പ്രബോധനങ്ങളെ കത്തോലിക്കാ സഭയുടെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വിമർശനാത്മകമായി വി. ലോറൻസ് വിലയിരുത്തുന്നു. വിശുദ്ധ ഗ്രന്ഥവും സഭാപാരമ്പര്യവും, സഭയുടെ അധികാരം, ആദിപാപം, നീതീകരണം, കൃപ, വിശ്വാസവും പ്രവൃത്തിയും, വിശുദ്ധ കുർബാന, ശുദ്ധീകരണസ്ഥലം, സന്യാസ വ്രതങ്ങൾ, മാതാവിനോടും വിശുദ്ധരോടുമുള്ള ഭക്തി എന്നിവയെല്ലാം അദ്ദേഹം ഇവിടെ ചർച്ച ചെയ്യുകയും അങ്ങനെ കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളെ പ്രതിരോധിക്കുകയും ചെയ്തു. ഈ ഗ്രന്ഥരചനയ്ക്കായ് അദ്ദേഹം പ്രോട്ടസ്റ്റന്റ് ദൈവശാസ്ത്രം പഠിക്കുകയും ആ രചനകളിൽ ഉണ്ടെന്ന് ലോറൻസ് കരുതിയ വൈരുധ്യങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു. അക്കാലത്തെ പ്രോട്ടസ്റ്റന്റ്-കത്തോലിക്കാ സംവാദങ്ങളെക്കുറിച്ചു പഠിക്കുന്നതിനായി ഇന്നും അനേകർ ഈ കൃതി ഉപയോഗിക്കുന്നു.

www.malankaralibrary.com

വി. ലോറൻസിന്റെ കൃതികളിൽ ഏറ്റവും വലിയത് ആരാധനയെ അടിസ്ഥാനമാക്കി അദ്ദേഹം ചെയ്ത പ്രസംഗങ്ങളുടെ സമാഹാരമാണ്. നോമ്പുകാല ചിന്തകൾ, ക്രിസ്തുമസിന്റെ ഒരുക്കത്തിനുള്ള ആഗമനകാല ചിന്തകൾ, ഞായറാഴ്ച പ്രസംഗങ്ങൾ, വിശുദ്ധരെക്കുറിച്ചുള്ള പ്രബോധനങ്ങൾ, ക്രിസ്മസ്, ഈസ്റ്റർ, പെന്തക്കോസ്തി തുടങ്ങിയ തിരുനാളുകൾക്ക് നടത്തിയ പ്രസംഗങ്ങൾ എന്നിവയെല്ലാം ഇവിടെ കൊടുത്തിരിക്കുന്നു. ഭക്തിപരമയായ കാര്യം എന്നതിനേക്കാൾ ഒരു വേദഭാഗത്തെ ആധാരമാക്കി രൂപപ്പെടുത്തിയ വിപുലമായ ദൈവശാസ്ത്ര വിശദീകരണങ്ങളാണ് ഇവ. അവയുടെ അർത്ഥം വിശദീകരിച്ചു പ്രബോധനത്തിലേക്കും ധാർമിക ജീവിതത്തിനുള്ള ഉപദേശത്തിലേക്കും അദ്ദേഹം വായനക്കാരനെ ആനയിക്കുന്നു. തന്റെ പ്രസംഗങ്ങളിലൂടെ രക്ഷാകരചരിത്രം മുഴുവനും യേശു ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലായി അദ്ദേഹം വിവരിക്കുന്നു.

അവസാന നാളുകൾ

വി. ലോറൻസ് ശാരീരികമായി ക്ഷീണിതൻ ആയിരുന്നുവെങ്കിലും വാർധക്യത്തിലും തന്റെ പ്രവർത്തനങ്ങൾക്കൊന്നും മുടക്കം വരുത്തിയില്ല. നീണ്ടയാത്രകൾ, പ്രസംഗങ്ങൾ, നയതന്ത്ര പ്രവർത്തനങ്ങൾ ഇവയെല്ലാം അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിപ്പിച്ചു. എങ്കിലും അധികാരികൾ ഏല്പിക്കുന്ന ഏതു ദൗത്യവും ഏറ്റെടുക്കാൻ അദ്ദേഹം എപ്പോഴും സന്നദ്ധനായിരുന്നു. ഇങ്ങനെ ഒരു ദൗത്യത്തിൽ ആയിരിക്കുമ്പോഴാണ് അദ്ദേഹം തന്റെ നിത്യസമ്മാനത്തിനായ് യാത്രയാവുന്നതും. സ്പാനിഷ് ഭരണത്തിലായിരുന്ന നേപ്പിൾസിലെ ജനങ്ങളുടെ ആവശ്യപ്രകാരം അദ്ദേഹം ലിസ്ബണിലേക്ക് യാത്ര തിരിച്ചു. ഭരണാധികാരികൾ നടത്തിയിരുന്ന അഴിമതിയെക്കുറിച്ചു സ്പാനിഷ് രാജാവിനെ ധരിപ്പിക്കാനായിരുന്നു ഈ യാത്ര. എന്നാൽ ആരോഗ്യം ക്ഷയിച്ച സമയത്ത് നടത്തിയ ഈ യാത്ര അദ്ദേഹത്തിന് വളരെയധികം ദുഷ്ക്കരമായിരുന്നു. തന്റെ സുഹൃത്തായിരുന്ന ഡോൺ പെദ്രോയുടെ ഭവനത്തിൽ ലോറൻസ് രോഗിയായി കുറെ ദിവസങ്ങൾ കഴിഞ്ഞു. എല്ലാ ദിവസവും അദ്ദേഹം വിശുദ്ധ കുർബാന സ്വീകരിക്കുകയും നല്ല മരണത്തിനായി ഒരുങ്ങുകയും ചെയ്തു. 1616 ജൂലൈ 22-ന് അദ്ദേഹം എല്ലാവരോടും ഇത് ഭൂമിയിലെ തന്റെ അവസാന ദിവസമാണെന്ന് പറഞ്ഞു. വളരെയാദൃശ്ചികം എന്ന് തോന്നാമെങ്കിലും ഈ ദിവസം ലോറൻസിന്റെ അറുപതാമത്തെ ജന്മദിനം കൂടി ആയിരുന്നു. ഭൂമിയിലെ ജന്മദിവസം തന്നെ സ്വർഗ്ഗപ്രവേശനദിനവും ആഘോഷിക്കാനുള്ള അപൂർവ്വ ഭാഗ്യം അദ്ദേഹത്തിനുണ്ടായി.

വി. ലോറൻസിന്റെ മരണം വളരെ സങ്കടത്തോടെയാണ് യൂറോപ്പിലെ ജനത കേട്ടത്. അദ്ദേഹത്തിന്റെ വിവിധങ്ങളായ ദൗത്യങ്ങളിലൂടെ അനുഗ്രഹം പ്രാപിച്ച നിരവധി ആളുകൾ എല്ലായിടത്തും ഉണ്ടായിരുന്നു. കപ്പൂച്യൻ സഭയിൽ മാത്രമല്ല, മറ്റ് സന്യാസ സമൂഹങ്ങളിലും, സാധാരണക്കാരുടെ ഇടയിലും ഭരണാധികാരുടെ ഇടയിലുമൊക്കെ അദ്ദേഹത്തിന് വലിയ സ്വാധീനം ഉണ്ടായിരുന്നു. തങ്ങൾക്ക് വിലപ്പെട്ട ഒരു സുഹൃത്തിനെയും മാർഗ്ഗദർശിയെയും നഷ്ടപ്പെട്ടതിൽ പലരും ദുഃഖിച്ചു. അദ്ദേഹത്തിന്റെ മൃതദേഹം പിന്നീട് സ്പെയിനിലെ വില്ലഫ്രാങ്ക ദെൽ ബിയേർസൊ എന്ന നഗരത്തിൽ കൊണ്ടുവന്ന് അവിടുത്തെ ദേവാലയത്തിലാണ് അടക്കം ചെയ്തിരിക്കുന്നത്.

വിശുദ്ധൻ, വേദപാരംഗതൻ

ലോറൻസിനെ മരണശേഷം അനേകർ വിശുദ്ധനായി കരുതി വണങ്ങിയിരുന്നു. മരണ സമയത്ത് തന്നെ പലരും അദ്ദേഹത്തിന്റെ സന്യാസ വസ്ത്രത്തിന്റെ ഭാഗങ്ങൾ തിരുശേഷിപ്പുകളായി കൈക്കലാക്കിയിരുന്നു. എന്നിരുന്നാലും സഭയുടെ കാനോനിക പ്രക്രിയകൾ പൂർത്തിയായി 1783-ൽ പിയൂസ് ആറാമൻ മാർപാപ്പയാണ് അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്. പിന്നീട് ഏതാണ്ട് ഒരു നൂറ്റാണ്ടിനു ശേഷം 1881 ഡിസംബർ എട്ടാം തീയതി ലിയോ പതി

www.malankaralibrary.com

മൂന്നാമൻ മാർപാപ്പ ലോറൻസിനെ ആഗോള സഭയിലെ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തി. അനേകം പണ്ഡിതർ അദ്ദേഹത്തിന്റെ കൃതികൾ വായിക്കാനും പഠിക്കാനും തുടങ്ങി. ചിലരൊക്കെ അതിന് ഭാഷ്യങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. ഇക്കാര്യങ്ങൾ അദ്ദേഹത്തിന്റെ ആശയങ്ങൾ വലുതായി പ്രചരിക്കുന്നതിന് ഇടയാക്കി. വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ 1959 മാർച്ച് പത്തൊമ്പതിന് വി. ലോറൻസിനെ സഭയിലെ വേദപാരംഗതന്മാരുടെ ഗണത്തിലേക്ക് ഉയർത്തി. കൂടാതെ അദ്ദേഹത്തിന്റെ എഴുത്തിന്റെ പ്രത്യേകതകൾ മാനിച്ചുകൊണ്ട് 'അപ്പസ്തോലിക വേദപാരംഗതൻ' (*Doctor Apostolicus*) എന്ന പ്രത്യേക വിശേഷണവും ഇതോടൊപ്പം അദ്ദേഹത്തിന് നൽകി. കാരണം ലോറൻസിന്റെ ദൈവശാസ്ത്രം സുവിശേഷീകരണത്തിനും ആത്മാക്കളുടെ രക്ഷയും ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരുന്നു.

ഉപസംഹാരം

വി. ലോറൻസ് സ്വർഗ്ഗം പൂകി നാലു നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ സ്വാധീനം ഇന്നും വളരെ വലുതാണ്. അദ്ദേഹത്തിന്റെ കൃതികൾ ഇന്ന് ധാരാളമായി പഠിക്കപ്പെടുകയും പണ്ഡിതർ അതിനെക്കുറിച്ചു തങ്ങളുടെ വിശകലനങ്ങൾ എഴുതുകയും ചെയ്യുന്നു. മാത്രമല്ല, ഇന്ന് വിശ്വാസത്തിന്റെ വിവിധ മേഖലകൾ വലിയ വെല്ലുവിളി നേരിടുമ്പോൾ സഭയുടെ പ്രബോധനങ്ങൾ കൃത്യതയോടെയും ആത്മവിശ്വാസത്തോടെയും വിശദീകരിക്കുന്നതിന് വി. ലോറൻസിന്റെ മാതൃക നമുക്ക് സ്വീകരിക്കാവുന്നതാണ്. അദ്ദേഹം വിശ്വാസസത്യങ്ങൾ കരുണയോടും ബഹുമാനത്തോടും കൂടിയാണ് അവതരിപ്പിച്ചിരുന്നത്. വിശ്വാസ ജീവിതത്തെ സമൂഹജീവിതവുമായി അസാധാരണമായ വിധത്തിൽ സംയോജിപ്പിച്ചുകൊണ്ടുപോകാൻ സാധിക്കുമെന്നും അദ്ദേഹം നമുക്ക് കാണിച്ചു തരുന്നു.

വിശുദ്ധിയും വിജ്ഞാനവും പാണ്ഡിത്യത്തെക്കാൾ ദൈവവുമായുള്ള ആഴമായ




ബന്ധമായിരുന്നു അദ്ദേഹത്തിന് ലഭിച്ച എല്ലാ അനുഗ്രഹങ്ങളുടെയും അടിസ്ഥാനം. ശരിയായ സുവിശേഷപ്രഘോഷണം പ്രാർത്ഥനയിൽ അധിഷ്ഠിതമാണെന്ന് അദ്ദേഹം നമുക്ക് കാണിച്ചു തന്നു. വി. ലോറൻസിന്റെ വാക്കു

www.malankaralibrary.com

കൾ ശ്രോതാക്കളുടെ ബുദ്ധിയെ മാത്രമല്ല, ഹൃദയത്തെയും സ്പർശിച്ചു. ആധികാരികമായ ക്രൈസ്തവജീവിതത്തിന്റെ പിൻബലമുണ്ടാകുമ്പോൾ മാത്രമേ വാഗ്വൈഭവത്തിനും പാണ്ഡിത്യത്തിനും നിലനിൽക്കുന്ന ഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ വെന്ന് നമ്മെ അദ്ദേഹം ഇന്നും ഓർമ്മിപ്പിക്കുന്നു. വിശുദ്ധ ലോറൻസിന്റെ നയതന്ത്രപരവും പൊതുസേവനപരവുമായ പ്രവർത്തനങ്ങൾക്കും ഇന്നും വലിയ പ്രസക്തിയുണ്ട്. സാമൂഹിക ധ്രുവീകരണം, മതപരമായ തെറ്റിദ്ധാരണകൾ, രാഷ്ട്രീയ സംഘർഷങ്ങൾ, അനിശ്ചിതത്വം എന്നിവ വീണ്ടും വർധിച്ചു വരുന്ന ഇന്നത്തെ കാലഘട്ടത്തിൽ സത്യത്തെ സ്നേഹത്തോടും ഉറച്ച ബോധ്യങ്ങളെ ബഹുമാനത്തോടും വിജ്ഞാനത്തെ വിനയത്തോടും ചേർത്തുനിർത്താൻ അദ്ദേഹത്തിന്റെ ജീവിതം ക്രൈസ്തവരെ ആഹ്വാനം ചെയ്യുന്നു. ദൈവവചനത്താൽ രൂപാന്തരപ്പെടാൻ സ്വയം അനുവദിക്കുന്ന മനുഷ്യരിലൂടെയാണ് സഭയുടെ യഥാർത്ഥ നവീകരണം ആരംഭിക്കുന്നതെന്ന് ബ്രണ്ടീസിയിലെ വിശുദ്ധ ലോറൻസ് നമ്മെ പഠിപ്പിക്കുന്നു. ജ്ഞാനം തേടാനും പ്രാർത്ഥനയിൽ വളരാനും ധൈര്യത്തോടെ സേവിക്കാനും വ്യക്തതയോടും അനുകമ്പയോടുംകൂടി സുവിശേഷം പ്രഘോഷിക്കാനും അദ്ദേഹത്തിന്റെ ജീവിതപൈതൃകം ഓരോ വിശ്വാസിയെയും ക്ഷണിക്കുന്നു. വിജ്ഞാനത്തെ വിശുദ്ധിയോടു ചേർക്കുകയും തങ്ങളുടെ എല്ലാ കഴിവുകളും ദൈവമഹത്ത്വത്തിനും മനുഷ്യനന്മയ്ക്കുമായി സമർപ്പിക്കുകയും ചെയ്യുന്ന വിശ്വസ്തരായ സാക്ഷികളെ സഭയിൽ തുടർന്നും ഉയർത്തണമേയെന്ന് വിശുദ്ധ ലോറൻസിന്റെ മാധ്യസ്ഥതയിൽ നമുക്ക് പ്രാർത്ഥിക്കാം.

വി. ലോറൻസ് വെളിപാട് പുസ്തകം 12:1 -നെ അടിസ്ഥാനപ്പെടുത്തി മാതാവിനെക്കുറിച്ചു എഴുതിയിരിക്കുന്ന ഈ പ്രാർത്ഥന നാം ചൊല്ലുന്ന പല പ്രാർത്ഥനയുടെയും ഭാഗമായി മാറിയിട്ടുണ്ട്.

ഓ അത്ഭുതകരമായ വിശ്വാസമേ,
കൃപയേ, വിനയമേ!
ഓ മഹത്തായ അത്ഭുതമേ!
ഓ അത്ഭുതകരമായ ദർശനമേ!
ദൈവത്തിന്റെ യഥാർത്ഥ ആലയമായ മറിയമേ,
ക്രിസ്തുവിന്റെ മാതാവേ, ദൈവത്തിന്റെ മണവാട്ടിയേ,
സ്വർഗത്തിന്റെ രാജ്ഞിയേ,
മാലാഖമാരുടെ നാഥയേ,
സ്വർഗീയ മഹത്ത്വം അണിഞ്ഞവളേ,
ദൈവിക പ്രഭയാൽ തിളങ്ങുന്നവളേ!
കരുണയുടെ മാതാവേ,
ദൈവീക കൃപകളുടെ ഉറവിടമേ,
സ്നേഹത്തിന്റെയും കരുണയുടെയും അനന്തസാഗരമേ,
മാതൃഹൃദയത്തോടെ ഞങ്ങളെ കടാക്ഷിക്കണമേ.
എന്തെന്നാൽ, നീ എല്ലാവരുടെയും അമ്മയാണ്.
പൂർണഹൃദയത്തോടെ തന്നെ നിനക്കു സമർപ്പിക്കുന്നവൻ,
അവിടുത്തെ ഒരേയൊരു മകനെന്നപോലെ,
നിന്റെ സ്നേഹത്തിന്റെ പൂർണത അനുഭവിക്കുവാൻ ഇടയാകട്ടെ.
ആമേൻ.



www.malankaralibrary.com



ജനാധിപത്യം എന്ന പേരു മാത്രം ബാക്കി



ബോബി ഏബ്രഹാം

ഇന്ത്യൻ ജനതയുടെ കൈയിൽ നിന്ന് ജനാധിപത്യാവകശങ്ങൾ കവർന്നെടുക്കപ്പെട്ടത് എങ്ങനെയെന്ന് കൂടുതൽ വ്യക്തമായി വരുകയാണ്. 5 വർഷത്തേക്ക് കേന്ദ്രത്തിൽ അധികാരമേറിയ ബി.ജെ.പി സർക്കാർ അധികാരമേറിയയുടൻ പ്രഖ്യാപിച്ചത് അടുത്ത 30 മുതൽ 50 വരെ വർഷങ്ങൾ ഞങ്ങൾ ഇവിടെ തുടരുമെന്നാണ്. തിരഞ്ഞെടുപ്പ് കമ്മിഷനിൽ ഉണ്ടായ ഭിന്നതകളെക്കുറിച്ച് വാർത്ത പുറത്തുവന്നതിന്റെ പിറ്റേദിവസം പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നടത്തിയ പത്ര സമ്മേളനത്തിൽ ഇക്കാര്യം എടുത്തുപറയുകയും ചെയ്തു. എങ്ങനെയാണ് വോട്ട് ചോരി നടത്തുന്നതെന്ന് അദ്ദേഹം ഏതാനും മാസങ്ങൾക്കു മുമ്പും പത്രസമ്മേളനങ്ങൾ നടത്തി വിശദമാക്കിയിരുന്നു. അദ്ദേഹം എടുത്തുപറഞ്ഞ ചില കാര്യങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്. ഹരിയാനയിൽ എക്കാലത്തും ഭരണകൂട വിരുദ്ധവികാരം ഉണ്ടാവുകയും 5 വർഷം കൂടുമ്പോൾ ഭരണമാറ്റം ഉണ്ടാവുകയും ചെയ്യുമായിരുന്നു. എന്നാൽ ബിജെപി ഭരണമേറിയതോടെ കാര്യങ്ങൾ മാറിമറിഞ്ഞു. എത്ര ഭരണവിരുദ്ധ വികാരം ഉണ്ടായാലും ഭരണം ബിജെപിയിൽ ഭദ്രം. യുപിയിലും മഹാരാഷ്ട്രയിലും ഒക്കെ ഇതാണ് സ്ഥിതി. ലോകം മുഴുവൻ എടു

www.malankaralibrary.com

ത്താൽ സദ്ദാം ഹൂസൈന്റെ ഇറാഖിലും ഉത്തരകൊറിയയിലും ഒക്കെ ഈ അവസ്ഥയാണ്. ആ രീതിയിലേക്ക് ഇന്ത്യയും എത്തിനിൽക്കുന്നു എന്നാണ് രാഹുൽ ഗാന്ധി വ്യക്തമാക്കിയത്.

കൃത്യമായ നിരീക്ഷണമാണ് ഇതെന്നു പറയേണ്ടിവരും. ബംഗാളിന്റെ അവസ്ഥ മാത്രം നോക്കിയാൽ മതി. അവിടെ ലക്ഷക്കണക്കിന് വോട്ടാണ് വെട്ടിമാറ്റിയത്. അവിടെ അധികാരം പിടിക്കാൻ ബിജെപി തീരുമാനിച്ചു. അതനുസരിച്ച് വേണ്ട കാര്യങ്ങൾ ചെയ്യുന്ന സ്ഥാപനമായി തിരഞ്ഞെടുപ്പ് കമ്മിഷൻ മാറി എന്നു പറഞ്ഞാൽ അധികമാവില്ല. എസ്ഐആർ എന്നു പറഞ്ഞ് അർഹതപ്പെട്ടവരുടെ വോട്ട് വെട്ടിമാറ്റാൻ തിരഞ്ഞെടുപ്പ് കമ്മിഷന് ഒരു മടിയുമുണ്ടായില്ല. ഓരോ മണ്ഡലങ്ങളുടെയും ഘടന തന്നെ മാറ്റിമറിക്കുന്ന രീതിയിൽ, ഒരു സംസ്ഥാനത്തെ അധികാരം തന്നെ പിടിച്ചെടുക്കാൻ കഴിയുന്ന രീതിയിൽ വോട്ട് വെട്ടിമാറ്റുകയായിരുന്നു. ജനാധിപത്യാവകാശം നിഷേധിക്കപ്പെട്ട മനുഷ്യർക്ക് സുപ്രീം കോടതിയിൽ നിന്നുപോലും അർഹമായ നീതി യഥാസമയം കിട്ടിയില്ല. പൗരത്വം പോലും നിഷേധിക്കപ്പെടുന്ന അവസ്ഥയിലായി കാര്യങ്ങൾ.

അവിടെയും നിൽക്കാതെ തിരഞ്ഞെടുക്കപ്പെട്ട പ്രതിപക്ഷത്തെ പിളർത്തി തങ്ങൾക്കൊപ്പം നിർത്തുകയെന്ന രീതിയും അവലംബിച്ചു. ഏറ്റവും ഒടുവിൽ ഉപതിരഞ്ഞെടുപ്പു നടക്കുന്ന മണ്ഡലത്തിലെ തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥിയെ മുഖ്യമന്ത്രി തന്നെ കൂടിക്കാഴ്ചയ്ക്കു വിളിക്കുന്നതും പിന്നാലെ അവർ സ്ഥാനാർഥിത്വം പിൻവലിക്കുന്നതും കണ്ടു. എന്നിട്ടും വഴങ്ങാതെ നിന്ന കോൺഗ്രസ് സ്ഥാനാർഥിയെ എത്രയോ കാലം മുമ്പുള്ള ഒരു കേസിന്റെ പേര് പറഞ്ഞ് അറസ്റ്റ് ചെയ്ത് ജയിലിലടച്ച് പ്രചാരണം പോലും നടത്താൻ പറ്റാത്ത അവസ്ഥയിലാക്കുകയും ചെയ്തു. എന്നിട്ടും നമ്മൾ വിശ്വസിക്കണം ഇന്ത്യയിൽ ജനാധിപത്യം നിലനിൽക്കുകയാണെന്ന്.

തിരഞ്ഞെടുപ്പ് കമ്മിഷനിൽ മൂന്നംഗങ്ങളും ചേർന്നാണ് തിരുമാനങ്ങളെടുത്തിരുന്നതെന്നാണ് ഇക്കാലമത്രയും ജനങ്ങൾ വിശ്വസിച്ചിരുന്നത്. എന്നാൽ ചീഫ് ഇലക്ഷൻ കമ്മിഷണർ ഗ്യാനേഷ് കുമാറിന്റെ ഏകാധിപത്യം മാത്രമാണ് അവിടെ നടക്കുന്നതെന്നാണ് ഇന്ത്യൻ എക്സ്പ്രസ് പത്രം പുറത്തുവിട്ട വാർത്തയിൽ പറയുന്നത്. വോട്ട് ചേർക്കാനുള്ള അവകാശം പോലും കേന്ദ്രീകൃതമായി. വോട്ടവകാശം ഉറപ്പാക്കുന്നതിനേക്കാൾ വോട്ടവകാശം നിഷേധിക്കുന്നതിലായി ഇലക്ഷൻ കമ്മിഷന്റെ ശ്രദ്ധ. എസ്.ഐ.ആർ പൗരത്വ പരിശോധന ആകരുതെന്ന കോടതി നിർദേശം പോലും അവഗണിക്കപ്പെട്ടു. ദീർഘകാലം രാജ്യത്തിനു വേണ്ടി നയതന്ത്ര മേഖലയിൽ ജോലി ചെയ്തവരുടെ വോട്ട് പോലും വെട്ടി. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു. പ്രകാശ് രാജിനെപ്പോലെ ഇന്ത്യയൊട്ടാകെ അറിയപ്പെടുന്ന നടനും വോട്ടവകാശം നിഷേധിക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു.

എങ്ങനെയാണ് ജനങ്ങളുടെ ന്യായമായ ജനാധിപത്യാവകാശങ്ങൾ കവർന്നെടുക്കപ്പെട്ടതെന്ന് മാധ്യമങ്ങളിൽ ചിലതെങ്കിലും വിശദമായി പുറത്തുവിട്ടിട്ടുണ്ട്. പക്ഷേ, സംഘപരിവാറിന്റെ കൈയിൽ ഭരണം ദീർഘകാലത്തേക്ക് ഭദ്രമാക്കാനുള്ള ഗ്രാൻഡ് ഡിസൈനിന്റെ ഭാഗമായ മാധ്യമങ്ങളൊക്കെ തിരഞ്ഞെടുപ്പ് കമ്മിഷനിലെ ഉരുൾപൊട്ടൽ പോലും വാർത്തയാക്കാൻ തയാറാകുന്നില്ല എന്നതാണ് വാസ്തവം.

വളരെ കൃത്യമായ ഒരു അധികാരം പിടിച്ചെടുക്കലാണ് രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത് എന്നു പറയാതെ വയ്യ. നീതിന്യായ മേഖലകളിലുൾപ്പെടെ സംഘപരിവാറിന് താൽപര്യമുള്ളവരെ മാത്രം അവരോധിക്കുക, യൂണിവേഴ്സിറ്റികൾ മുഴുവൻ കൈപ്പിടിയിലാക്കുക., ഭരണഘടനാ സ്ഥാപനങ്ങളെ മുഴുവൻ കൈപ്പിടിയിലാക്കുക തുടങ്ങിയ കാര്യങ്ങളൊക്കെ ആദ്യമേ തന്നെ നടപ്പാക്കിക്കഴിഞ്ഞു. തിരഞ്ഞെടുപ്പ് കമ്മിഷനെ


www.malankaralibrary.com

നിയമിക്കാനുള്ള സമിതിയിൽ നിന്ന് സുപ്രിം കോടതി ജഡ്ജിയെ ഒഴിവാക്കിയതൊക്കെ വളരെ സമർഥമായിട്ടായിരുന്നു. പ്രതിപക്ഷ നിരയിൽ രാഹുൽ ഗാന്ധി ഒഴികെ ആരും ഇത്തരം കാര്യങ്ങളെ എതിർക്കാൻ പോലും ധൈര്യപ്പെട്ടില്ല. എതിർക്കാൻ ശ്രമിക്കുന്നവരെയെല്ലാം അന്വേഷണ ഏജൻസികളെക്കൊണ്ട് നിശബ്ദരാക്കാൻ കഴിഞ്ഞു. അങ്ങനെയല്ലാത്തവരെ ദേശദ്രോഹികളാക്കി ചിത്രീകരിച്ചു. അർബൻ നക്സൽ, ദിമാഗി നക്സൽ തുടങ്ങിയ പദപ്രയോഗങ്ങളിലൂടെ ഭീതിപരത്തുകയും ചെയ്തു. ശബ്ദമുയർത്താൻ ശ്രമിക്കുന്നവർക്കുള്ള മുന്നറിയിപ്പായിരുന്നു അത്. ഒപ്പം വർഗീയ വിഭജനം ഒരു മറയുമില്ലാതെ നടത്തുകയും ചെയ്തു. അസമിലൊക്കെ ഭരണാധികാരികൾ തന്നെ പച്ചയ്ക്ക് വർഗീയത പറയുന്നതു കണ്ടു. ബംഗാളിൽ മുഖ്യമന്ത്രിയുടെ മുന്നറിയിപ്പ് എന്തുവേണമെന്ന് ന്യൂനപക്ഷങ്ങൾക്ക് തീരുമാനിക്കാം എന്നാണ്. ഭീഷണി തന്നെ.

നിയമനിർമാണ സഭയായ പാർലമെന്റിൽ പോലും ഉത്തരേന്ത്യൻ ആധിപത്യം ഉറപ്പാക്കുന്നതിനുള്ള നീക്കങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഭൂരിപക്ഷം ഇല്ലാത്തതുകൊണ്ടു മാറ്റിവച്ച മണ്ഡല പുനർനിർണയ ബിൽ വീണ്ടും പാസാക്കിയെടുക്കാനുള്ള നീക്കം അണിയറയിൽ നടക്കുന്നു. പാർലമെന്റിന്റെ മൺസൂൺ സെഷൻ ഇതുവരെ അവസാനിച്ചതായി രാഷ്ട്രപതി പ്രഖ്യാപിച്ചിട്ടില്ല. എപ്പോൾ വേണമെങ്കിലും സഭ വിളിച്ചുകൂട്ടാം. എങ്ങനെയൊക്കെയാണ് ജനാധിപത്യം ഇന്ത്യയിൽ ഇല്ലാതാകുന്നതെന്നതിന്റെ മറ്റൊരു ഉദാഹരണം. നിലവിലെ നേതൃത്വം മാറിയാൽ പോലും സംഘപരിവാറിന്റെ കൈയിൽ അധികാരം ഭദ്രമായിരിക്കണമെന്ന ഗ്രാൻഡ് ഡിസൈൻ രാജ്യത്ത് നടപ്പാവുകയാണ്. അധികാരമില്ലാത്ത കേരളത്തിൽ പോലും ഗവർണറെ ഉപയോഗിച്ച് ഉന്നത വിദ്യാഭ്യാസ മേഖല മുഴുവൻ കൈപ്പിടിയിലാക്കാൻ സംഘപരിവാറിന് കഴിഞ്ഞിരിക്കുന്നു എന്ന യാഥാർഥ്യം കാണാതെ പോകരുത്. വൈസ് ചാൻസലർമാരെ നിയമിക്കാൻ പോലും സംസ്ഥാന സർക്കാരിന് അധികാരമില്ലതായിരിക്കുന്നു. സർവകലാശാലകളിൽ മിക്കതിലും ഭരണം സംഘപരിവാർ അനുകൂല സംഘടനകളുടെ കൈയിലെത്തിയിരിക്കുന്നു. ഇതാണ് യാഥാർഥ്യം. അധികാരമില്ലാത്തിടത്ത് ഇത്രയും ആകുമെങ്കിൽ അധികാരമുള്ളിടത്ത് എന്തെല്ലാം ആവും എന്നു മനസ്സിലാക്കാൻ ഏറെ വിയർപ്പൊന്നും ഒഴുക്കേണ്ട.

ഇതൊക്കെയാണ് രാജ്യത്ത് നടക്കുന്നതെങ്കിലും ഇതിനെതിരെ പ്രതിപക്ഷത്തിന് ഇപ്പോഴും ഒന്നിക്കാനും കഴിയുന്നില്ല. ജനാധിപത്യ സംരക്ഷണത്തേക്കാൾ കുടുംബ പാർട്ടികളുടെ സംരക്ഷണമാണ് പലർക്കും വലുത്.

ചീഫ് ഇലക്ഷൻ കമ്മിഷണറുടെ രാജി ആവശ്യപ്പെട്ട് കോൺഗ്രസും കോക്രോച്ച് പാർട്ടിയും രംഗത്തെത്തിയിട്ടുണ്ടെങ്കിലും ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്ന് എല്ലാവർക്കും അറിയാം. മാത്രമല്ല. ഇലക്ഷൻ കമ്മിഷണറിലൂടെ ജനാധിപത്യ ധ്വംസനം നടത്തുന്നവരെ മാറ്റാൻ കഴിയുകയുമില്ല. ജനാധിപത്യത്തെ സംരക്ഷിക്കാൻ ജനങ്ങൾക്കേ കഴിയൂ



www.malankaralibrary.com

അനർഹമായ സമ്മാനങ്ങൾ

സർക്കാർ ഉദ്യോഗസ്ഥരായാലും രാഷ്ട്രീയ നേതൃത്വത്തിലുള്ളവരായാലും സ്വയം ചില പെരുമാറ്റച്ചട്ടങ്ങൾ ഏർപ്പെടുത്തേണ്ടതെന്ന പാഠം കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ വെളിവായിക്കൊണ്ടിരിക്കുകയാണ്. ഒരു ട്രക്ക് ബുക്ക് ചെയ്ത തന്റെ ബന്ധുവിന് അത് മുൻഗണനാ ക്രമം മറികടന്ന് അനുവദിക്കണമെന്ന് ശുപാർശ ചെയ്തതിന്റെ പേരിൽ കുഴുപ്പത്തിലായ നേതാക്കളെക്കുറിച്ച് മുമ്പ് നമ്മൾ കേട്ടിട്ടുണ്ടെങ്കിൽ ഇന്ന് വഴിവിട്ട എന്തു സഹായം ആരിൽ നിന്നു സ്വീകരിച്ചാലും കുഴപ്പമില്ലെന്ന മാനസികാവസ്ഥയിലേക്കെത്തിയിരിക്കുകയാണ് രാഷ്ട്രീയ ഉദ്യോഗസ്ഥ നേതൃത്വങ്ങൾ. രാഷ്ട്രീയക്കാർക്ക് കാശ് പിരിച്ചുകൊടുക്കുന്ന ഏജന്റുമാരായി ഉദ്യോഗസ്ഥർ അധഃപതിച്ചു എന്നു പറഞ്ഞാലും അധികമാകില്ല. ഇത്തരം കാര്യങ്ങളിലെ അപകടം ചൂണ്ടിക്കാണിച്ചാൽ പുച്ഛിച്ചു തള്ളുന്ന സമീപനത്തിലേക്ക് രാഷ്ട്രീയ നേതൃത്വം എത്തുന്നു. മുഖ്യമന്ത്രിക്ക് മലപ്പുറത്ത് അടിയന്തരമായി എത്താൻ പ്രത്യേക വിമാനം ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട വിവാദം നോക്കുക. തനിക്ക് ഒരു സുഹൃത്ത് ഏർപ്പെടുത്തിത്തന്നതാണ് വിമാനമെന്നും അതിന് ഖജനാവിന് ഒരു രൂപ പോലും നഷ്ടമില്ലെന്നുമാണ് മുഖ്യമന്ത്രിയുടെ ന്യായീകരണം. ഇനിയും അങ്ങനെ ചെയ്യുമെന്ന വെല്ലുവിളി ഉയർത്താനും അദ്ദേഹം മറന്നില്ല.

അത്ര നിസാരമാണോ ഒരു ചാർട്ടേർഡ് വിമാനം പോലെയുള്ള സൗജന്യങ്ങൾ. ചരടുകളില്ലാത്ത ഒരു സൗജന്യവുമില്ലെന്നതാണ് സത്യം. രാഷ്ട്രീയ നേതൃത്വങ്ങളെ വിലയ്ക്കെടുക്കാൻ ഇത്തരം സൗജന്യങ്ങൾ നൽകാൻ ധനികർ എപ്പോഴും തയാറാണ്. മുഖ്യമന്ത്രിക്ക് അടിയന്തരമായി എത്തേണ്ട സാഹചര്യമുണ്ടെങ്കിൽ അതിനുള്ള വിമാനം ആരെയെങ്കിലും വിളിച്ച് ഏർപ്പെടുത്തേണ്ട സാഹചര്യമൊന്നും ഇവിടില്ല. അത് പൊലീസ് സംവിധാനം നോക്കിക്കൊള്ളും. അത് ഏർപ്പെടുത്താനും അവർക്കറിയാം. ഇപ്പോൾ സംഭവിച്ചതും അങ്ങനെതന്നെയാണ് എന്നാണ് കരുതേണ്ടത്. അതായത് ആത്യന്തികമായി ആ വിമാനം ഏർപ്പെടുത്തിയതിന്റെ തുക സർക്കാർ ഖജനാവിൽ നിന്നുതന്നെ അടയ്ക്കേണ്ടിവരും. മുഖ്യമന്ത്രി സ്ഥാനം ഏറ്റെടുക്കും മുമ്പ് വി.ഡി. സതീശൻ നടത്തിയ മംഗലാപുരം യാത്ര വിവാദത്തിലായിരുന്നു. ഇത്തരം വിവാദങ്ങളുണ്ടാകാതിരിക്കാനാണ് ഭരണാധികാരികൾ നോക്കേണ്ടത്.

മുഖ്യമന്ത്രി ചാർട്ടേർഡ് ഫ്ളൈറ്റിൽ പോയെങ്കിൽ റേഞ്ച് റോവറാണ് മന്ത്രി കെ. എം. ഷാജിക്ക് ഹരം. തന്റെ ഔദ്യോഗിക വാഹനം കൊള്ളത്തില്ലെന്നും അതുകൊ് സുഹൃത്തിന്റെ കാർ ഉപയോഗിക്കുന്നു എന്നുമാണ് മന്ത്രിയുടെ ന്യായം. അതിലും തെറ്റൊന്നുമില്ലെന്നാണ് മുഖ്യമന്ത്രി പറയുന്നത്. മന്ത്രി സണ്ണി ജോസഫ് ഒരു പടി കൂടിക്കടന്ന് സർക്കാരിന് ഷാജി വലിയ ലാഭമുണ്ടാക്കുകയാണെന്ന് തള്ളിവിട്ടു. മന്ത്രിയായെന്നു വച്ച് സാമാന്യ ബോധം ഇല്ലാതാകാമോ?

ആഭ്യന്തര മന്ത്രി കുടുംബ സമേതം അമേരിക്കയിലേക്ക് പറന്നത് ബിസിനസ് ക്ലാസിലായിരുന്നു. സൗജന്യ യാത്ര. അധികാരത്തിലിരിക്കുന്നവരെ സ്വാധീനിക്കാൻ ഇങ്ങനെ സമ്പന്നർ ക്യൂ നിൽക്കും എന്നു മനസ്സിലാക്കേണ്ടതുണ്ട്.

മന്ത്രിസഭയിലെ ബേബിയായ ഒ.ജെ. ജനീഷും വിദേശ യാത്ര പോയി. അതിനെക്കുറിച്ച് ചോദ്യമുയർന്നപ്പോൾ തന്ത വൈബ് പിടിക്കാനുദ്ദേശിക്കുന്നില്ല എന്ന പരിഹാസമായിരുന്നു മറുപടി. മന്ത്രിമാർ വിദേശത്തേക്ക് പോകുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ, അത് സ്വകാര്യ വ്യക്തികളുടെ സൗജന്യത്തിലാകാതെയിരിക്കുന്നതാണ് നല്ലത്.

മുഖ്യമന്ത്രിയും മന്ത്രിമാരും ഉയർത്തുന്ന വാദങ്ങൾ വച്ചാണെങ്കിൽ കായികതാരങ്ങളുടെയൊക്കെ ജേഴ്സിയിലും മറ്റും എഴുതുന്നതുപോലെ സ്പോൺസർമാരുടെ പേരുകൂടി എഴുതിവച്ചു പോകുന്നതാണ് നല്ലത്. സർക്കാരിന്റെ ധനപ്രതിസന്ധി

www.malankaralibrary.com

ക്കെല്ലാം പരിഹാരമാകും. മാത്രമല്ല. ഈ മാതൃക ഉദ്യോഗസ്ഥർക്കും സ്വീകരിക്കാം.

വിലയേറിയ സമ്മാനങ്ങൾ സ്വീകരിക്കുന്നതിനെപ്പറ്റിയുള്ള ഒരു ലേഖനം പഠനകാലത്ത് വായിച്ചതോർക്കുന്നു. വിലയേറിയ സമ്മാനം സ്വീകരിക്കുന്നതിലെ ശരിതെറ്റുകൾ അന്വേഷിച്ച ലേഖനകർത്താവിന് പിതാവ് നൽകിയ ഉപദേശം എല്ലാ സമ്മാനങ്ങൾക്കു പിന്നിലും ഒരു ചരട് ഉണ്ടാവുമെന്നും അത് ഒഴിവാക്കുന്നതാണ് നല്ലതെന്നുമാണ്. ഈ ഉപദേശം എല്ലാ രാഷ്ട്രീയ നേതാക്കൾക്കുമായി സമർപ്പിക്കുന്നു.

പത്ര സമ്മേളനത്തിൽവാദിച്ചുജയിച്ചതുകൊണ്ടു മാത്രം വിജയിച്ചു എന്ന് ആരും കരുതേണ്ടതില്ല. ജനം എല്ലാം കാണുന്നുണ്ട്. അതുകൊണ്ടാണ് ഒരു ഭരണം മാറി മറ്റൊരു ഭരണം വന്നതെന്ന് ഓർക്കുന്നത് ഭരണാധികാരികൾക്ക് നല്ലതാണ്. വൈദ്യുതി മുടക്കം പോലുള്ള വലിയ വിഷയങ്ങൾ ജനങ്ങളുടെ മുമ്പിലുണ്ട്. അത് പരിഹരിക്കുകയാണ് അത്യവശ്യം. അല്ലാതെ പരിഹസമല്ല.

കുരുക്കിലാകുന്ന സിപിഎം

ജനവിശ്വാസം നഷ്ടമായി അധികാരം വിടേണ്ടിവന്നെങ്കിലും സിപിഎമ്മിന് ഇപ്പോഴും തിരിച്ചറിവ് ഉണ്ടായിട്ടില്ല എന്നത് മറ്റൊരു യാഥാർഥ്യം. മാസപ്പടിക്കേസ് സിപിഎമ്മിന് വലിയ തിരിച്ചടി ഉണ്ടാക്കിയിട്ടുണ്ടെന്നത് സത്യമാണ്. പക്ഷേ, പിണറായി വിജയനെന്ന നേതാവിനെ മറികടന്നു മുന്നോട്ടുപോകാൻ സിപിഎം എന്ന പാർട്ടിക്കു കഴിയുന്നില്ല. കഴിഞ്ഞ കാൽ നൂറ്റാണ്ടായി ഇതാണ് അവസ്ഥ. അടിസ്ഥാന വർഗത്തിന്റെ പാർട്ടി എന്ന നിലവിട്ട് സിപിഎം ഇപ്പോൾ സമ്പന്ന വർഗ സംരക്ഷകരായി മാറുന്നു എന്ന ആക്ഷേപം ചെറുതല്ല. മുട്ടിൽ മരംമുറിക്കേസിലും മെസിവിവാദത്തിലും പെട്ട ആന്റോ അഗസ്റ്റിൻ എന്ന വ്യക്തിയെ ന്യായീകരിക്കാൻ സിപിഎം അണികളെ മുഴുവൻ ഇറക്കിപ്പോരാടുന്നത് മുൻകാലങ്ങളിൽ അയാളിൽ നിന്നു പറ്റിയ സഹായങ്ങളുടെ ഉപകാരസ്മരണ മാത്രമാണെന്നതിൽ സംശയമില്ല. പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കെ മാധ്യമങ്ങളോടു സ്വീകരിച്ച മോശം സമീപനം ആരും മറന്നിരിക്കാൻ ഇടയില്ല. 'കടക്കൂ പുറത്ത്' മുതൽ പലതരം അവഹേളനങ്ങൾ അദ്ദേഹത്തിൽ നിന്നുണ്ടായി. ചരിത്രത്തിലാദ്യമായി കേരളത്തിൽ മാധ്യമ പ്രവർത്തകനെ വിലങ്ങണിയിച്ചത് പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കെയാണ്. മറുനാടൻ മലയാളിയുടെ പ്രവർത്തനം മുഴുവൻ തടസ്സപ്പെടുത്തി കംപ്യൂട്ടർ മുഴുവൻ എടുത്തുകൊണ്ടുപോയതൊന്നും മറക്കാൻ കാലമായിട്ടില്ല. അതൊക്കെ മറച്ചുവച്ച് മാധ്യമ സംരക്ഷകരായി സിപിഎം രംഗത്തുവരുന്നതിന്റെ ലക്ഷ്യം മനസ്സിലാകാത്തവരാണോ ജനം.

പാർട്ടി അകപ്പെട്ട പതനത്തിൽ നിന്ന് കരകയറാൻ തെറ്റുതിരുത്തുകയല്ലാതെ മാർഗമൊന്നുമില്ല. എന്നാൽ തെറ്റിയത് ജനങ്ങൾക്കാണെന്ന വിചിത്ര ന്യായമാണ് സിപിഎം നേതാക്കൾ ഉയർത്തുന്നത്. ജനം തെറ്റുതിരുത്തണമെന്നാണ് ആവശ്യം. ജനത്തിനെ തിരുത്താതെ സ്വയം തിരുത്തിയാൽ പാർട്ടിക്കു നല്ലത്



www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാ സഭ

പുനരൈക്യ ശതാബ്ദി ആഘോഷം 2030



ഉപവി-നീതി വർഷം

2026 സെപ്റ്റംബർ 20 - 2027 സെപ്റ്റംബർ 19

"യേശു പറഞ്ഞു: നീയും പോയി അതുപോലെ ചെയ്യുക."
(വി. ലൂക്കാ 10:37)

www.malankaralibrary.com

ഉപവിയുടെയും നീതിയുടെയും വർഷം

2030 ൽ ആഘോഷിക്കാനിരിക്കുന്ന പുന രൈക്യ ശതാബ്ദിയിലേക്കുള്ള ആത്മീയവും അജപാലനപരവുമായ ഒരുക്കങ്ങളുടെ ഭാഗ മായി മലങ്കര സുറിയാനി കത്തോലിക്കാ സഭ നടത്തുന്ന നവീകരണയാത്രയിലെ ഒരു പ്രധാന ഘട്ടമാണ് ഉപവിയുടെയും നീതിയു ടെയും വർഷം. ദൈവവചനത്തിൽ ആഴപ്പെടു കയും വിശുദ്ധ ആരാധനയിലൂടെ ക്രിസ് തുവുമായുള്ള ബന്ധം ശക്തിപ്പെടുത്തു കയും ചെയ്ത നവീകരണയാത്ര, ഇനി ആ വിശ്വാസത്തെ സ്നേഹത്തിലും കരുണയിലും നീതിയിലും സേവനത്തിലും ജീവിതത്തിൽ പ്രകടമാക്കുന്ന ഘട്ടത്തിലേക്ക് കടക്കുക യാണ്. 2026 സെപ്റ്റംബർ 20 മുതൽ 2027 സെപ്റ്റംബർ 19 വരെ ആചരിക്കുന്ന ഈ വർഷം, വിശ്വാസം ആഘോഷിക്കുന്നതിൽ നിന്ന് വിശ്വാസം ജീവിതത്തിൽ സാക്ഷാ ത്കരിക്കുന്നതിലേക്കുള്ള സഭയുടെ മുന്നേറ്റ ത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നു.

ഈ വർഷത്തിന്റെ കേന്ദ്ര പ്രമേയം വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിലെ നല്ല സമരിയാക്കാരന്റെ ഉപമയിൽ നിന്നുള്ള കർത്താവിന്റെ ആഹ്വാനമാണ്: ''നീയും പോയി അതുപോലെ ചെയ്യുക.' വഴിയരികിൽ മുറിവേറ്റു കിടന്ന മനുഷ്യനെ പലരും കണ്ടെങ്കിലും, അവന്റെ അടുത്തേക്ക് ഇറങ്ങി ച്ചെന്ന് മുറിവുകൾ പരിചരിക്കുകയും സംര ക്ഷിക്കുകയും ചെയ്തത് സമരിയാക്കാരനാ യിരുന്നു. ഈ ഉപമ ക്രിസ്തീയ സ്നേഹ ത്തിന്റെ സ്വഭാവത്തെ വ്യക്തമായി അവതരി പ്പിക്കുന്നു. മറ്റൊരാളുടെ വേദന തിരിച്ചറിയു ന്നതിൽ മാത്രം സ്നേഹം അവസാനിക്കു ന്നില്ല; ആ വേദനയുടെ അടുത്തേക്ക് ഇറങ്ങി ച്ചെന്ന് അതിൽ പങ്കുചേരുകയും ആശ്വാസ ത്തിനും പുനഃസ്ഥാപനത്തിനുമായി പ്രവർ ത്തിക്കുകയും ചെയ്യുമ്പോഴാണ് സ്നേഹം പ്രവർത്തനാത്മകമാകുന്നത്.

ഇന്നത്തെ സമൂഹത്തിലും അനേകം മനുഷ്യർ വിവിധങ്ങളായ മുറിവുകളുമായി ജീവിക്കുന്നു. ദാരിദ്ര്യം, രോഗം, ഏകാന്തത, വാർധക്യം, ഭിന്നശേഷി, ഭവനരാഹിത്യം, സാമ്പത്തിക പിന്നാക്കാവസ്ഥ, സാമൂഹിക അവഗണന എന്നിവ മനുഷ്യജീവിതത്തിൽ ആഴത്തിലുള്ള വേദനകൾ സൃഷ്ടിക്കുന്നു. ഈ വേദനകളെ കാണുകയും അവയോട് പ്രതികരിക്കുകയും ചെയ്യുന്നത് ക്രിസ്തീയ സാക്ഷ്യത്തിന്റെ അനിവാര്യ ഘടകമാണ്.

ക്രിസ്തീയ അർത്ഥത്തിലുള്ള ഉപവി വെറും ദാനധർമ്മമോ അവസരാനുസൃതമായ സഹായമോ അല്ല. ദൈവത്തിൽനിന്ന് ലഭിച്ച സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്ന ജീവിതശൈലിയാണ് ഉപവി. ദൈവസ്നേഹം സ്വീകരിച്ച ഹൃദയം മറ്റുള്ളവരുടെ വേദന യോട് താദാത്മ്യപ്പെടുന്നു; അവിടെനിന്ന് കരുണയും സേവനവും സഹോദരസ്നേ ഹവും രൂപപ്പെടുന്നു. അതിനാൽ ഉപവി വ്യക്തിപരമായ ഒരു സൽപ്രവർത്തനം മാത്രമല്ല, സഭയുടെ സ്വത്വത്തോടും ദൗത്യ ത്തോടും ബന്ധപ്പെട്ടിരിക്കുന്ന ക്രിസ്തീയ സാക്ഷ്യമാണ്.

വിശുദ്ധ ആരാധനയിൽ ക്രിസ്തുവിന്റെ സ്നേഹം സ്വീകരിക്കുന്ന വിശ്വാസി ആ സ്നേഹം ജീവിതത്തിൽ പങ്കുവയ്ക്കുന്ന തിനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. വചന ത്തിൽ കേൾക്കുന്ന ക്രിസ്തുവും, ആരാധന യിൽ സ്വീകരിക്കുന്ന ക്രിസ്തുവും, ജീവിത ത്തിൽ കണ്ടുമുട്ടുന്ന സഹോദരനിൽ തിരിച്ച റിയപ്പെടുന്ന ക്രിസ്തുവും ഒരുവനാണ്. അതിനാൽ ആരാധനയും ജീവിതവും, വിശ്വാസവും സേവനവും, ആത്മീയതയും സാമൂഹിക ഉത്തരവാദിത്വവും പരസ്പരം വേർതിരിക്കാനാവാത്ത യാഥാർത്ഥ്യങ്ങളാണ്. ദരിദ്രർ, രോഗികൾ, വയോജനങ്ങൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുരിതമനുഭവി ക്കുന്നവർ എന്നിവരിൽ ക്രിസ്തുവിന്റെ മുഖം തിരിച്ചറിയുമ്പോഴാണ് വിശ്വാസം ജീവിത ത്തിൽ സാക്ഷാത്കരിക്കപ്പെടുന്നത്.

www.malankaralibrary.com

ഉപവിയോടൊപ്പം നീതിക്കും ഈ വർഷത്തിൽ പ്രത്യേക പ്രാധാന്യമുണ്ട്. ഉപവിയും നീതിയും പരസ്പരം പൂരകങ്ങളായ ക്രിസ്തീയ മൂല്യങ്ങളാണ്. നീതിയില്ലാത്ത ഉപവി അപൂർണ്ണമാണ്; ഉപവിയില്ലാത്ത നീതിയും അപൂർണ്ണമാണ്. ഉപവി മനുഷ്യന്റെ വേദനകളോട് കരുണയോടെ പ്രതികരിക്കുമ്പോൾ, നീതി മനുഷ്യന്റെ അന്തസ്സും അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നു. ഉപവി മനുഷ്യനെ ചേർത്തുപിടിക്കുന്നു; നീതി അവന് മാന്യമായി ജീവിക്കാനുള്ള അവകാശവും അവസരവും ഉറപ്പാക്കുന്നു.

മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് സമ്പത്ത്, സാമൂഹികസ്ഥാനം, വിദ്യാഭ്യാസം, അധികാരം എന്നിവയുടെ അടിസ്ഥാനത്തിൽ നിർണയിക്കപ്പെടുന്നതല്ല മനുഷ്യാന്തസ്സ്. മനുഷ്യാന്തസ്സ് ദൈവദത്തമായതാണ്. ഈ ബോധ്യം കുടുംബത്തിലും സമൂഹത്തിലും തൊഴിൽരംഗത്തും സാമ്പത്തികജീവിതത്തിലും പൊതുജീവിതത്തിലും മനുഷ്യന്റെ അന്തസ്സിനെയും അവകാശങ്ങളെയും ബഹുമാനിക്കുന്ന ഒരു സംസ്കാരം വളർത്തേണ്ട ഉത്തരവാദിത്വം നൽകുന്നു.



അനീതി, ചൂഷണം, അഴിമതി, വിവേചനം, ദാരിദ്ര്യം, മനുഷ്യാവകാശ ലംഘനം തുടങ്ങിയ യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ സഭയുടെ സാമൂഹിക മനസ്സാക്ഷിക്ക് മൗനം പാലിക്കാനാവില്ല. ദൈവാരാധന മനുഷ്യന്റെ അന്തസ്സിനോടുള്ള ബഹുമാനത്തിൽനിന്ന് വേർപെടുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നതും മനുഷ്യനെ ബഹുമാനിക്കുന്നതും ഒരേ ക്രിസ്തീയ ദൗത്യത്തിന്റെ രണ്ടു വശങ്ങളാണ്. അതിനാൽ നീതി വ്യക്തിജീവിതത്തിലെ ഒരു മൂല്യം മാത്രമല്ല; കുടുംബങ്ങളിലും സമൂഹത്തിലും സ്ഥാപനങ്ങളിലും സാമ്പത്തികവും സാമൂഹികവുമായ ബന്ധങ്ങളിലും പ്രകടമാകേണ്ട ജീവിതമാനദണ്ഡമാണ്.

www.malankaralibrary.com

യഥാർത്ഥ ഉപവി മനുഷ്യന്റെ അടിയന്തര ആവശ്യം പരിഹരിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. മനുഷ്യന് മാന്യമായി ജീവിക്കാനുള്ള അവസരവും അന്തസ്സും അവകാശങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യവും അതിലുണ്ട്. സഹായം സ്വീകരിക്കുന്നവനെ താഴ്ന്നവനായി കാണാതെ സഹോദരനായി സ്വീകരിക്കുകയും, അവന്റെ കഴിവുകളെയും അവകാശങ്ങളെയും മാനിക്കുകയും, അവന്റെ ജീവിതത്തിൽ പ്രതീക്ഷയും സ്വാഭിമാനവും വളർത്തുകയും ചെയ്യുന്നതാണ് ക്രിസ്തീയ ഉപവിയുടെ സമഗ്രമായ കാഴ്ചപ്പാട്.

ഈ വർഷം മറ്റുള്ളവരുടെ ജീവിതത്തിൽ മാറ്റം സൃഷ്ടിക്കുന്നതിനൊപ്പം നമ്മുടെ സ്വന്തം ഹൃദയങ്ങളിലും മനോഭാവങ്ങളിലും പരിവർത്തനം സൃഷ്ടിക്കുന്ന കാലഘട്ടമാകണം. ഉപവി ഹൃദയത്തെ കരുണയുള്ളതാക്കുകയും നീതി മനസ്സാക്ഷിയെ ഉണർത്തുകയും സേവനം വിശ്വാസത്തിന്റെ സ്വാഭാവികമായ ഭാഷയായി മാറുകയും ചെയ്യണം. സഭയുടെ നവീകരണം പ്രവർത്തനങ്ങളുടെ എണ്ണത്തിൽ മാത്രം പ്രകടമാകുന്നതല്ല; മനുഷ്യനെ കാണുന്ന നമ്മുടെ കാഴ്ചപ്പാടിലും, ദുർബലരോടുള്ള സമീപനത്തിലും, പങ്കുവയ്ക്കാനുള്ള മനസ്സിലും, നീതിക്കുവേണ്ടി നിലകൊള്ളാനുള്ള ധൈര്യത്തിലും ഉണ്ടാകുന്ന മാറ്റത്തിലാണ് അതിന്റെ യഥാർത്ഥ ഫലം പ്രകടമാകുന്നത്.

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്' (മത്താ 25:40) എന്ന കർത്താവിന്റെ വചനം ഈ വർഷത്തിന്റെ ആത്മീയ ദർശനത്തിന്റെ ഹൃദയമായി മാറുന്നു. വിശപ്പുള്ളവനിലും രോഗിയിലും ഏകാകിയിലും ദരിദ്രനിലും അവഗണിക്കപ്പെട്ടവനിലും ക്രിസ്തുവിന്റെ സാന്നിധ്യം തിരിച്ചറിയുകയും, അവന്റെ അന്തസ്സ് സംരക്ഷിക്കുകയും, അവന്റെ ജീവിതത്തിൽ പ്രതീക്ഷ പകരുകയും ചെയ്യുക എന്നതാണ് ഈ വചനത്തിന്റെ ജീവിതവത്കരണം.

പുനരൈക്യ ശതാബ്ദിയിലേക്കുള്ള നവീകരണയാത്രയിൽ ഉപവിയുടെയും നീതിയുടെയും വർഷം, വചനത്തിൽനിന്ന് ജീവിതത്തിലേക്കും, ആരാധനയിൽനിന്ന് സേവനത്തിലേക്കും, ക്രിസ്തുവുമായുള്ള ഐക്യത്തിൽനിന്ന് സഹോദരങ്ങളോടുള്ള ഐക്യദാർഢ്യത്തിലേക്കും സഭയെ നയിക്കുന്ന ഒരു ആത്മീയ യാത്രയായി മാറട്ടെ. വിശ്വാസം വാക്കുകളിൽ മാത്രം പ്രകടമാകാതെ ജീവിതത്തിൽ ദൃശ്യമാകുകയും, കരുണ സേവനമായി മാറുകയും, നീതി സാമൂഹിക ഉത്തരവാദിത്വമായി വളരുകയും ചെയ്യുന്ന ഒരു സഭാസമൂഹത്തിന്റെ രൂപീകരണത്തിന് ഈ വർഷം വഴിയൊരുക്കട്ടെ.



www.malankaralibrary.com

പുനരൈക്യ വാർഷികാഘോഷങ്ങൾക്കും സഭാസംഗമത്തിനും ചെന്നൈയിൽ സമാപനം



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 96-ാം പുനരൈക്യ വാർഷികാഘോഷങ്ങൾക്കും സഭാ സംഗമത്തിനും ചെന്നൈ മാർ ഈവാനിയോസ് നഗറിൽ പ്രൗഢവും ഭക്തിസാന്ദ്രവുമായ സമാപനം. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ മെത്രാന്മാരും വൈദികരും സന്യാസിനികളും വിശ്വാസികളും വലിയ തോതിൽ പങ്കെടുത്തതോടെ സമാപനദിനം സഭൈക്യത്തിന്റെയും വിശ്വാസത്തിന്റെയും സാക്ഷ്യമായി മാറി.

സമാപനദിനത്തിലെ പ്രധാന ചടങ്ങുകൾ മെത്രാന്മാരും വൈദികരും ചേർന്ന് അർപ്പിച്ച വിശുദ്ധ കുർബാനയോടെയാണ് ആരംഭിച്ചത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പിതാവും തലവനുമായ അത്യഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ മുഖ്യകാർമ്മികത്വം വഹിച്ചു. നിരവധി മെത്രാന്മാരും വൈദികരും സഹകാർമ്മികരായി. മദ്രാസ് മൈലാപ്പൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോർജ് ആന്റണിസാമി വചന സന്ദേശം നൽകി. സഭയിലെ കൂട്ടായ്മ, ഐക്യം, വിശ്വാസം, സഭയുടെ ദൗത്യത്തോടുള്ള വിശ്വസ്തത എന്നിവയെക്കുറിച്ച് അദ്ദേഹം സന്ദേശത്തിൽ പ്രതിപാദിച്ചു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധി സന്യാസിനികളും വിശ്വാസികളും വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഐക്യത്തിന്റെയും സഭൈക്യ കൂട്ടായ്മയുടെയും ഊർജസ്വലമായ പ്രകടനമായി ഈ പങ്കാളിത്തം മാറി.

വിശുദ്ധ കുർബാനയ്ക്കുശേഷം വിശ്വാസികളെ അഭിസംബോധന ചെയ്തുകൊണ്ട് അത്യഭിവന്ദ്യ കാതോലിക്കാബാവ സഭകൾ തമ്മിലുള്ള ഐക്യത്തോടൊപ്പം വിവിധ സമൂഹങ്ങൾ തമ്മിലുള്ള ഐക്യത്തിന്റെയും പ്രാധാന്യം എടുത്തുപറഞ്ഞു. ഹൃദയങ്ങൾ തുറന്ന് പരിശുദ്ധാത്മാവിന്റെ സ്വരം ശ്രദ്ധാപൂർവം ശ്രവിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ഓർമ്മിപ്പിച്ചു. പരിശുദ്ധാത്മാവിന്റെ

www.malankaralibrary.com

മാർഗനിർദേശമാണ് ധന്യൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസിനെ മലങ്കര സഭയെ കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിലേക്ക് നയിച്ച ധീരവും ശരിയും വിവേക പൂർണവുമായ തീരുമാനമെടുക്കാൻ പ്രാപ്തനാക്കിയതെന്നും കാതോലിക്കാബാവ അനുസ്മരിച്ചു.

വിശുദ്ധ കുർബാനയ്ക്കുശേഷം അത്യഭിവന്ദ്യ കാതോലിക്കാബാവയുടെ അധ്യക്ഷതയിൽ പൊതു സമ്മേളനം നടന്നു. ഖഡ്കി-പൂനെ രൂപതയുടെ മെത്രാൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പക്കോമിയോസ് OIC സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു. തമിഴ്നാട് നിയമസഭാ സ്പീക്കർ ശ്രീ. ജെ. സി. ഡി. പ്രഭാകർ സമ്മേളനത്തിലെ മുഖ്യാതിഥിയായിരുന്നു. സമൂഹത്തിന് മലങ്കര സുറിയാനി കത്തോലിക്കാ സഭ നൽകിവരുന്ന ശ്രദ്ധേയമായ സംഭാവനകളെയും ജീവകാരുണ്യ-വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും അദ്ദേഹം തന്റെ പ്രസംഗത്തിൽ അഭിനന്ദിച്ചു.

ദരിദ്രരും സമൂഹത്തിന്റെ അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ടവരുമായവരോടുള്ള സഭയുടെ കാരുണ്യത്തിന്റെയും സേവനത്തിന്റെയും ദൗത്യത്തിന്റെ ഭാഗമായി, അർഹരായ അഞ്ച് നിർധന കുടുംബങ്ങൾക്കായി പുതുതായി നിർമ്മിച്ച വീടുകളുടെ താക്കോലുകൾ അത്യഭിവന്ദ്യ കാതോലിക്കാബാവ മലങ്കര സുറിയാനി കത്തോലിക്കാ അസോസിയേഷൻ ഗ്ലോബൽ പ്രസിഡന്റ് ശ്രീ. ബൈജു എസ്. ആർ.ന് കൈമാറി. സമൂഹത്തിലെ ദുരിതമനുഭവിക്കുന്നവരോടുള്ള സഭയുടെ കരുതലിന്റെയും സേവനപ്രതിബദ്ധതയുടെയും പ്രതീകമായി ഈ ചടങ്ങ് മാറി. സഭയുടെ ജീവിതത്തിലും ദൗത്യത്തിലും ശ്രദ്ധേയമായ സംഭാവനകൾ നൽകിയ നിരവധി പ്രമുഖ അല്മായ വിശ്വാസികളെ ചടങ്ങിൽ ആദരിച്ചു.

അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുടെ എപ്പിസ്കോപ്പൽ സിൽവർ ജൂബിലി ആഘോഷിച്ചതും ചടങ്ങിന്റെ മറ്റൊരു പ്രധാന പ്രത്യേകതയായി. ബാവാ തിരുമേനിയെ അഭിനന്ദിച്ചു കൊണ്ട് രൂപതയുടെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. അജിത്ത് ജോൺ കുറ്റിയിൽ പ്രസംഗിച്ചു. അദ്ദേഹത്തിന്റെ അജപാലന നേതൃത്വത്തിനും സഭയ്ക്കായി സമർപ്പിച്ച സേവനങ്ങൾക്കും വിശ്വാസികൾ പ്രകടിപ്പിച്ച നന്ദിയുടെയും സ്നേഹത്തിന്റെയും സാക്ഷ്യമായി ഈ ആഘോഷം മാറി.

സഭയുടെ ശതാബ്ദി ആഘോഷങ്ങളിലേക്കുള്ള ആത്മീയ ഒരുക്കങ്ങളുടെ ഭാഗമായി 'കാരുണ്യത്തിന്റെ വർഷം' (Year of Charity) ഉദ്ഘാടനം ചെയ്തതും ചടങ്ങിലെ മറ്റൊരു പ്രധാന മുഹൂർത്തമായിരുന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവ കാരുണ്യവർഷം ഉദ്ഘാടനം ചെയ്യുകയും, 97-ാം പുനരൈക്യ വാർഷികാഘോഷങ്ങൾക്ക് ആതിഥേയത്വം വഹിക്കുന്ന ബത്തേരി രൂപതയുടെ പ്രതിനിധികൾക്ക് കാതോലിക്കേറ്റ് പതാക ഔപചാരികമായി കൈമാറുകയും ചെയ്തു.

96ാം പുനരൈക്യ വാർഷികാഘോഷങ്ങളുടെ ജനറൽ കൺവീനർ മോൺ. ഡോ. ഷാജി വാഴയിൽ നന്ദിപ്രകാശനം നടത്തി. അത്യഭിവന്ദ്യ കാതോലിക്കാബാവ, മെത്രാന്മാർ, വൈദികർ, സന്യാസിനികൾ, വിശിഷ്ടാതിഥികൾ, സർക്കാർ പ്രതിനിധികൾ, സംഘാടകർ, സന്നദ്ധപ്രവർത്തകർ, അഭ്യുദയകാംക്ഷികൾ, വിശ്വാസികൾ എന്നിവർക്കെല്ലാം അദ്ദേഹം ഹൃദയപൂർവം നന്ദി അറിയിച്ചു.

മൂന്ന് ദിവസങ്ങളിലായി നടന്ന പ്രാർത്ഥന, സൗഹൃദം, സഭൈക്യ കൂട്ടായ്മ, കൃതജ്ഞത, ആനന്ദ പൂർണമായ ആഘോഷങ്ങൾ എന്നിവയ്ക്ക് സമാപനം കുറിച്ചുകൊണ്ട് അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ 96-ാം പുനരൈക്യ വാർഷികാഘോഷങ്ങൾ ഔദ്യോഗികമായി സമാപിച്ചതായി പ്രഖ്യാപിച്ചു.

വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും കാരുണ്യത്തിന്റെയും മിഷനറി ചൈതന്യത്തിന്റെയും സജീവമായ പ്രകടനമായി 96-ാം പുനരൈക്യ വാർഷികാഘോഷങ്ങൾ മാറി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശതാബ്ദി ആഘോഷങ്ങളിലേക്കും ബത്തേരി രൂപതയിൽ നടക്കുന്ന 97-ാം പുനരൈക്യ വാർഷികാഘോഷങ്ങളിലേക്കും പുതിയ പ്രതീക്ഷയോടും ദൗത്യബോധത്തോടും കൂടി സഭ മുന്നേറുകയാണ്.

www.malankaralibrary.com













www.malankaralibrary.com














www.malankaralibrary.com













www.malankaralibrary.com

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-09-2026

Christavakahalam Monthly, OCTOBER 2026
Annual Subscription Rs. 150/-
Single Copy Rs. 15/-

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....

ക്രൈസ്തവ കാഹളം



വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com